KOTTAYAM PUBLIC LIBRARY

Call No. MF5 BAL-V Acc. No. 8561

Author ബൽസാക്ക്

Title വിടവാങ്ങൽ

# വിടവാങ്ങൽ

MFS

(Malayalam)
Vitavangal
A Story

By BALZAC

Translated by
K. S. CHANDRAN

First Published September 1957
Reprinted April 1960

Printed at
INDIA PRESS, KOTTAYAM

Price Re. 1.00

Copyright
Sahitya Pravarthaka C. S. Ltd.

Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOKSTALL
Kottayam Kerala State India

No. 8561

# വിടവാങ്ങൽ

ബൽസാക്ക്

വിവർത്തനം
കെ. എസ്. ചന്ദ്രൻ

X

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക 1,00

NATIONAL BOOK STALL ★ SPCS LTD. ★ KOTTAYAM

S1083 B501 123/59-60 2-1000 CRB 114

# ഒന്നു്

"വരണം മജിസ്റ്റ്രേട്ടെജമാൻ! ഒന്നുകൂടി മുറുകി നടക്കണം. ബാക്കിയുള്ളവരുടെകൂടെ ഡിന്നർ കഴിക്കാൻ എത്തണമെന്നുണ്ടെങ്കിൽ, ഇങ്ങനെ നടന്നാൽ ഒക്കുകില്ല. ഹൂം, ഒന്നുകൂടെ ധൃതിയിലാവട്ടെ! കുതിക്കണം, യജമാന്നേ! അങ്ങനെ... അങ്ങനെ...ഭേഷായി! ഉഴവുചാലുകൾക്കുമീതെ ഒരു കലമാനെപ്പോലെ നിങ്ങൾ ചാടുന്നല്ലോ!"

അക്ഷമനായ ഒരു നായാട്ടുകാരൻ, തൻെറ കൂട്ടുകാരൻ അടുത്തുവന്നെത്താത്തതിൽ പരിഭവപ്പെടുകയാണു്. ആദംദ്വീപിലെ, വനോപാന്തത്തിലൊരിടത്തു് അയാൾ സ്വൈരമായി നേരത്തെ ഇരിപ്പുപിടിച്ചിരിക്കുന്നു. കൈയിലിരുന്ന ഹാവന്നാ ചുരുട്ടു് എരിഞ്ഞു തീൎന്നുകഴിഞ്ഞു. കൂട്ടുകാരൻ കുറേനേരമായി കാട്ടിനുള്ളിൽ അലയുകയായിരുന്നിരിക്കണം! അയാളെ ലക്ഷ്യമാക്കിയാണു് ഈ ഒച്ചപ്പാടൊക്കെയുണ്ടാക്കിയതു്. സംസാരിച്ച ആളിൻെറ സമീപത്തു് ക്ഷീണിച്ചു കിതച്ചുകൊണ്ടുനില്ക്കുന്ന നാലു വേട്ടപ്പട്ടികളും അയാളോടൊപ്പം ആ പുരുഷരൂപത്തിൻെറ നടത്തം നിരീക്ഷിക്കുന്നുണ്ടു്. പൊക്കംകുറഞ്ഞു വണ്ണിച്ച ശരീരപ്രകൃതമുള്ള ആ മനുഷ്യൻ എങ്ങനെ ഓടിച്ചാടി വന്നെത്താനാണു്? അയാൾക്കു് ഒരു മജിസ്റ്റ്രേട്ടിനൊത്ത വണ്ണവും ശരിക്കുമുണ്ടു്. കതിരുകൊയ്ത്തുശേഷം വയ്ക്കോൽക്കുററികൾ തിങ്ങിയ പാടപ്പരപ്പിലൂടെയാണു നടത്തം. ഉണങ്ങിക്കൂർമ്പിച്ച മുന കാലിൽ തറയ്ക്കുമ്പോൾ എങ്ങനെ സ്വൈരമായി നടക്കും? കണ്ണിൽ കോൺചാരി വീഴുന്ന സൂൎയ്യകിരണങ്ങൾ, മുഖത്തു വലിയ വിയർപ്പുതുള്ളികളുണ്ടാക്കിത്തീൎത്തു. യാത്രാക്ലേശത്തിനിതിലധികം എന്തുവേണം? കുണ്ടും കുഴിയും നിറഞ്ഞ ഒരു പട്ടറോഡിലൂടെ നീങ്ങുന്ന ചക്കടാവണ്ടിപോലെ അയാൾ

നടത്തത്തിന്നിടയിൽ അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ചാടിക്കൊണ്ടിരുന്നു.

വളരെ കടുത്ത ചൂടുള്ള സെപ്റ്റമ്പർമാസമാണതു്. വേനൽ അവസാനിക്കാറായി; എന്നും മുന്തിരിപ്പഴങ്ങൾ വിളഞ്ഞു തുടങ്ങുന്നു. ഈ സന്ദർഭത്തിലെ അസഹ്യമായ ചൂടു് ഒരു കൊടുങ്കാററിൻെറ മുന്നോടിയാണു്.

ചക്രവാളച്ചെരുവിലുള്ള ഇരുണ്ട കാർമേഘങ്ങൾക്കിടയിൽ വീതിയുള്ള നീലക്കീറുകൾ കാണാം. വിളറി, തിളങ്ങുന്ന മേഘശകലങ്ങൾ പൊങ്ങിപ്പറക്കുന്നു. കിഴക്കുപടിഞ്ഞാറായി ഒരു മങ്ങിയ മൂടുപടം നിർമ്മിച്ച അവററയ്ക്കു് ഒരു ദൃശ്യകുനത്തിൻെറ പ്രതീതിയുണ്ടു്. വായുമണ്ഡലത്തിൻെറ ഉപരിഭാഗത്തൊഴികെ, കാററു് ചേതനയററുപോയിരിക്കുന്നു. നീരാവിച്ചൂടു് കാട്ടുവഴികളിലേക്കു ഘനീഭവിച്ചു് ഒഴുകുന്നതുപോലെ തോന്നിച്ചു. ഇടതൂൎന്നുനില്ക്കുന്ന വനവൃക്ഷങ്ങൾ ഉച്ഛ്വാസവായുവിനെപ്പോലും തടഞ്ഞുവച്ചു. അങ്ങനെ താഴ്വരയിലൂടെയുള്ള സഞ്ചാരമാർഗ്ഗം ഒരു തീയുലപോലെയാണു്. പൊള്ളുന്ന ചൂടേററു വനാന്തരം പൊരിഞ്ഞു. പക്ഷികൾക്കും പ്രാണികൾക്കും ശബ്ദമില്ല. അവ്യക്തമായ ചലനത്തോടെയാണു് ചില്ലിക്കമ്പുകളുടെ ചാഞ്ചാട്ടം.

വളരെ പണിപ്പെട്ടു്, വിയൎത്തുതളൎന്നു്, രണ്ടാമത്തെ മാന്യൻ എത്തിച്ചേൎന്നു. അപ്പോൾ ഏകദേശം അഞ്ചുമണിയായിക്കാണും.

“നമ്മൾ ചെകുത്താൻെറ നാട്ടിലാണോ?” നെററിതുടച്ചുകൊണ്ടു് അയാൾ ചോദിച്ചു. പാടത്തിൻെറ പാൎശ്വത്തിലുള്ള ഒരു മരത്തിൽ ചാരി കൂട്ടുകാരനെ അഭിമുഖീകരിച്ചു് അയാൾ തളൎന്നുനിന്നു. തങ്ങളുടെ മുമ്പിലുള്ള വിസ്തൃതമായ ആ കിടങ്ങു് എങ്ങനെ ചാടിക്കടക്കാനാണു്?

“ആ ചോദ്യം നിങ്ങളെന്നോടാണോ ചോദിക്കുന്നതു്?” കിടങ്ങിൻകരയിലുള്ള പൊക്കംകൂടിയ തവിട്ടുപുല്ലുകളുടെ മെത്തയിലിരുന്നു ചിരിച്ചുകൊണ്ടു് ഒന്നാമൻ മറുചോദ്യമെറിഞ്ഞു. കത്തിയെരിഞ്ഞ ചുരുട്ടിൻകഷണം, കിടങ്ങിലേക്കെറിഞ്ഞുകൊണ്ടയാൾ തുടൎന്നു: “ഹ്യൂബർട്ടു പുണ്യവാളനെ സാക്ഷിയാക്കി ഞാൻ സത്യംചെയ്യുന്നു; ഇനിയൊരിക്കലും എനിക്കു്

ഈ അബദ്ധം പററുകയില്ല. എനിക്കു പരിചയമില്ലാത്ത നാട്ടിൽ ഒരു മജിസ്റ്റ്രേട്ടുമായി വന്നിട്ട് അപകടസന്ധിയിൽപ്പെട്ടുക! എന്റെ പ്രിയപ്പെട്ട ആൽബേൺ, നിങ്ങളെപ്പോലെ ഒരു പഴയ സഹപാഠിയെപ്പോലും എനിക്കിങ്ങനെ പൊറുത്തുകൂടാ."

"എന്താണു ഫിലിപ്, നിങ്ങൾ സാധാരണ ഉപയോഗിക്കുന്ന ആ ഭാഷതന്നെ മറന്നുപോയോ? ആ നമ്മഭാഷണത്തിനുള്ള മിടുക്ക് സൈബീരിയയിൽ കളഞ്ഞുകുളിച്ചിട്ടായിരിക്കണം വന്നിരിക്കുന്നതു്?" തങ്ങളിൽനിന്നു് ഒരു നൂറു ചുവടുകൾക്കപ്പുറം നില്ക്കുന്ന കൈചൂണ്ടിപ്പലകയിലേക്കു കണ്ണെറിഞ്ഞുകൊണ്ടു് ആൽബേൺ പറഞ്ഞു. ആ നോട്ടത്തിൽ നേരമ്പോക്കും ദീനഭാവവും ഒരുപോലെ കൂടിക്കലർന്നിരുന്നു.

"ഓ, എനിക്കു മനസ്സിലായി." എന്നുപറഞ്ഞു് പെട്ടെന്നൊരുൾക്കാഴ്ച ലഭിച്ചമട്ടിൽ, ഫിലിപ് തോക്കും കൈയിലേന്തി ചാടിയെഴുന്നേററു. ഒരേയൊരു കുതിപ്പുകൊണ്ടു് അയാൾ പാടത്തിൽ ചാടി, കൈചൂണ്ടിപ്പലകയെ സമീപിച്ചു. "ഈ വഴിതന്നെ ആൽബേൺ,ഇതിലൂടെ...ങ്ക്, ഇനി ഇടത്തേക്കു്." മലയോരത്തിലേക്കു കയറിപ്പോകുന്ന പാത ചൂണ്ടിക്കൊണ്ടു് അയാൾ വിളിച്ചുകൂവി. "ബെയിലിയിലേക്കും ആദംദ്വീപിലേക്കും." കൈചൂണ്ടിപ്പലക വായിച്ചുകൊണ്ടു് അയാൾ തുടന്നു: "ഇതിലേതന്നെ നാം പോകുന്നെങ്കിൽ, തീച്ചയായും കസ്സാനിലേക്കുള്ള നാൽക്കവലയിലെത്തിച്ചേരാം."

"അങ്ങനെതന്നെ കേണൽ." ഇത്രയുംനേരം വിശറിയായി താനുപയോഗിച്ചിരുന്ന തൊപ്പി വീണ്ടും തലയിൽ വച്ചുകൊണ്ടു് മോൺഷിയർ ആൽബേൺ, സമ്മതം മൂളി.

"മുന്നോട്ടു്, അല്ലയോ അഭിവന്ദ്യനായ മജിസ്റ്റ്രേട്ടെ, മുന്നോട്ടു്." ഒരു ചൂളംവിളിച്ചു നായ്ക്കളെ ക്ഷണിച്ചുകൊണ്ടു് കേണൽ ഫിലിപ് കൂട്ടുകാരനെ പരിഹസിച്ചു. നായ്ക്കളാവട്ടെ തങ്ങളുടെ യജമാനനേക്കാൾ, ഫിലിപ്പിനെ അനുസരിക്കുന്നതായി കാണപ്പെട്ടു.

"ഇനിയും ആറുമൈൽ നടക്കണം, എന്താ?" ലേശം പ്രതികാരമനോഭാവത്തോടെ കേണൽ, മജിസ്റ്റ്രേട്ടിന്റെ അഭിപ്രായമാരാഞ്ഞു. "അങ്ങു താഴെക്കാണുന്ന ഗ്രാമം ബെയ്ലിലി ആയിരിക്കണം."

"മഹാനായ ദൈവമേ!" ആൽബൺപ്രഭു വിലപിച്ചു: "നിങ്ങൾക്കു വേണമെങ്കിൽ കസ്സാനിലേക്കു നടന്നോളൂ; പക്ഷേ, തനിയേ വേണ്ടിവരും. കൊടുങ്കാററു വന്നാൽത്തന്നെ, ഞാനിവിടെ കഴിഞ്ഞുകൂടിക്കൊള്ളാം. ആകട്ടെ, നിങ്ങൾക്ക് ആ ഗ്രാമവസതിയിൽനിന്നു് എനിക്കായി ഒരു കുതിരയെ അയച്ചുതരാൻ സാധിക്കുമല്ലോ. ഫിലിപ്, നിങ്ങളിത്രയുംനേരം എന്നെ കളിപ്പാട്ടമായി കരുതി. വാസ്തവത്തിൽ, ഒരു നല്ല നായാട്ടു ദിവസം നമുക്കെത്രയോ ഉല്ലാസമായി കഴിക്കാമായിരുന്നു. അതിനു് ഇത്രദൂരമൊന്നും അലയേണ്ടിയിരുന്നില്ല. അതിനുപകരം, പുലർച്ചയ്ക്കു നാലുമണിമുതൽ, നിങ്ങളെന്നെ ഒരു നരച്ച വേട്ടപ്പട്ടിയേപ്പോലെ തിണ്ടാടിച്ചു. പ്രാതലിനു് ആകെക്കിട്ടിയതു് ഒന്നോ രണ്ടോ കപ്പു പാലാണു്."

കൈചൂണ്ടിപ്പലകയുടെ ചുവട്ടിലുള്ള ഒരു മരക്കുറ്റിയിൽ, വിഷാദമഗ്നനായ ആ നായാട്ടുകാരൻ ഇരുന്നു; തോക്കും നായാട്ടുസഞ്ചിയും താഴെവച്ചു് ആശ്വാസപൂർവ്വം ഒരു നെടുവീർപ്പുവിട്ടു.

"അല്ലയോ ഫ്രാൻസേ! നീ നിൻെറ ഭരണക്കാരെ ഒന്നു കണ്ണുതുറന്നു കാണേണമേ!" ഫിലിപ് വീണ്ടും പരിഹസിക്കുകയാണു്: "പാവം! ഹേ, ആൽബൺ, അപ്പോൾ ഞാൻ ചെയ്തതുപോലെ, ആറുമാസം നിങ്ങൾ സൈബീരിയനതിർത്തിയിൽ കഴിഞ്ഞുകൂടിയിരുന്നെങ്കിൽ..."

ഫിലിപ് ഒരു രഹസ്യം ഭഞ്ജിക്കുകയായിരുന്നു. ദീനമായ അയാളുടെ കണ്ണുകൾ മുകളിലേയ്ക്കുയന്നു. വേദനപുരണ്ട തന്റെ ജീവിതകഥ, ദൈവവുമായുള്ള ഒരു രഹസ്യക്കരാറാണു്!

"വരൂ, നടക്കൂ." ഫിലിപ് തുടന്നു: "നിങ്ങൾ ഒരിക്കൽ ഇരുന്നുപോയാൽ, പിന്നെ നിങ്ങളെക്കൊണ്ടൊന്നും സാദ്ധ്യമല്ല."

"എനിക്കതു് ഒഴിവാക്കാൻ പററുകില്ല, ഫിലിപ്! അതു് ഒരു മജിസ്ട്രേട്ടിൻെറ പഴയ സമ്പ്രദായമാണു്. സത്യമായും ഞാൻ ക്ഷീണിച്ചുവശായിരിക്കുന്നു. ഞാനിന്നാകെ വേട്ടയാടിയതു് ഒരു മുയലിനെ മാത്രമാണുതാനും."

എന്തൊരു ഭിന്നസ്വഭാവങ്ങളാണു് ആ രണ്ടു മനുഷ്യർക്കുള്ളതു്! നാല്പത്തിരണ്ടുകാരനായ മജിസ്ട്രേട്ട് മോൺഷിയർ

ആൽബണ് മുപ്പതുവയസ്സിൽ അല്പംകൂടുതലേ കാഴ്ചയിൽ മതിക്കൂ. കേണൽ ഫിലിപ്പിനാവട്ടെ, അയാളുടെ മുപ്പതാമത്തെ വയസ്സിൽത്തന്നെ, ഒരു നാല്പതുകാരൻെറ മട്ടുണ്ട്. ഗവൺമെൻറിൻെറ ഔദ്യോഗികമുദ്ര കാണിക്കുന്ന ചുവപ്പുനാടകൾ രണ്ടുപേരും ധരിച്ചിട്ടുണ്ട്. കേണലിൻെറ തൊപ്പിക്കുള്ളിൽനിന്ന് കറുപ്പും വെളുപ്പും കലർന്ന മുടിയിഴകൾ, കുതറികീഴോട്ട് തൂങ്ങിക്കിടക്കുന്നത് ഒരു ചിലപ്പൻപക്ഷിയുടെ ചിറകുപോലെ തോന്നും. പൊക്കംകൂടി, മെലിഞ്ഞുണങ്ങിയ ദേഹപ്രകൃതിയാണയാൾക്ക്. എങ്കിലും ശരീരത്തിനു ദൃഢതയുണ്ട്. വെളുത്തുവിളറിയ മുഖത്ത് കറുപ്പുരേഖകൾ പതിഞ്ഞുകിടക്കുന്നു. അവയ്ക്ക് ഉൽക്കടവികാരങ്ങളുടേയോ, ദീനാനുഭവങ്ങളുടേയോ കഥകൾ പറയാനുണ്ട്. ആൽബണിൻെറ പ്രസന്നമായ മുഖം രക്തത്തുടിപ്പുകൊണ്ടു ചൈതന്യവത്താണ്. ഒരു സുഖാന്വേഷിയുടെ ഭാവചാപല്യമുണ്ടയാൾക്ക്. നെററിയുടെ ഇരുവശത്തും മനോഹരങ്ങളായ അളകങ്ങൾ ചുരുണ്ടിഴഞ്ഞുകിടക്കുന്നു.

അവർ രണ്ടുപേരും വെയിലേറ്റു വാടിത്തളർന്നിട്ടുണ്ട്. തങ്ങൾ കടന്നുപോന്ന ഓരോ കുണ്ടും കുഴിയും സമ്മാനിച്ച വസ്തുവകകൾ, തോൽച്ചെരിപ്പുകളിൽ ഭദ്രമായിരിപ്പുണ്ട്... ഫിലിപ് കൂട്ടുകാരന് പിന്നെയും പ്രോത്സാഹനം കൊടുത്തു: "വരണം, ആൽബൺ, ഒരു മണിക്കൂറുകൊണ്ട്, നാം കസ്സാനിലെ ഒരു ഭക്ഷണശാലയിലെത്തുകയായി."

"എൻെറ പൊന്നേ, നിങ്ങളൊരു പ്രണയബന്ധത്തിലകപ്പെട്ടിരുന്നെങ്കിൽ, ഇങ്ങനെ മനസ്സാക്ഷിയില്ലാതെ പറയുമായിരുന്നില്ല." ആൽബൺ, ദീനഭാവം കൈവെടിയാതെ മറുപടി പറഞ്ഞു: "പീനൽ കോഡിലെ 304-ാം വകുപ്പുപോലെ ഭയങ്കരമാണ് നിങ്ങളുടെ മനസ്സിൻെറ കാഠിന്യം."

അതു കേട്ടപ്പോൾ ഫിലിപ് വല്ലാതൊന്നു ഞെട്ടി. അയാളുടെ നെററിത്തടത്തിൽ കൂടുതൽ ആഴമേറിയ വരകളുണ്ടായി; മുഖം ഇരുണ്ടു മങ്ങി. മാരകമായ എന്തോ ഒന്ന് അയാളുടെ ഓർമ്മയിൽ ഓടിയെത്തി. പക്ഷേ, ആ കണ്ണുകളിൽ നീക്കണത്തിൻെറ ഛായപോലുമില്ല. തൻെറ വികാരങ്ങളെ അയാൾ, ഗൂഢമായ അന്തർമണ്ഡലങ്ങളിൽ മർദ്ദിച്ചൊതുക്കുന്നു.

മാനസികകരുത്തുള്ളവക്ക് അങ്ങനെയൊരു കഴിവുണ്ട്. അതു് ഒരു ഒഴിഞ്ഞുമാറലാണോ? അഗാധമായ ഒരു മുറിവിനെ നഗ്നമാക്കി കാണിക്കാനുള്ള മനസ്സില്ലായ്മ! അയാളിൽ പിൻമാററത്തിനുള്ള ഒരു വാസനയുണ്ട്—സംഗതിയുടെ ഉള്ളുകള്ളികളറിയാതെ ആക്ഷേപം ചൊരിയുന്നവരിൽനിന്നു് രക്ഷപെടാനുള്ള അഭിനിവേശം.

നിനച്ചിരിക്കാത്ത ഒരു വിഡ്ഢിത്തംകൊണ്ട് ഒരാൾ സഹജീവിയുടെ വേദനകൾ കുത്തിപ്പൊക്കിയെന്നുവരും. ആൽബെണു സംഭവിച്ചതു് അങ്ങനെയൊരു തെററാണു്. തൻെറ സുഹൃത്തിൻെറ ചിത്തവൃത്തിയെ അയാൾ ആദരിച്ചു. ഉണങ്ങികഴിഞ്ഞിട്ടില്ലാത്ത ഒരു മുറിവു്, താൻ കുത്തിയിളക്കുകയായിരുന്നുവോ? ആൽബണു ഖേദം തോന്നി. അയാൾ അക്ഷരം ശബ്ദിക്കാതെ കൂട്ടുകാരനെ പിൻതുടന്നു.

''എന്നെങ്കിലുമൊരുദിവസം, ഞാൻ നിങ്ങളോട്ട് ഒരു കഥ പറയുന്നുണ്ട്.'' ആൽബണിൻെറ കൈത്തലം അമത്തിക്കൊണ്ട് ഫിലിപ് അവസാനം പറഞ്ഞു. വാചാലമല്ലാത്ത അയാളുടെ മിഴികളിൽ പശ്ചാത്താപഭാരമുണ്ട്. ''ഓ! ഇന്നെനിക്കതു സാദ്ധ്യമല്ല...''

ഒന്നും മിണ്ടാതെ അവർ നടന്നു. കേണലിൻെറ വേദന മാഞ്ഞുപോയതോടെ മജിസ്ട്രേട്ടിൻെറ യാത്രാക്ലേശം തിരിച്ചുവന്നു. അയാൾക്കൊന്നു വിശ്രമിച്ചേ തീരൂ. അയാളുടെ കണ്ണുകൾ ചുററുമുള്ള വനത്തിൻെറ ഉള്ളറകളിൽ ആരാഞ്ഞുഴറി. വൃക്ഷശിഖരങ്ങളിലും ചുവട്ടിലും പരിശോധിച്ചു; നടക്കാവുകളിൽ സുസൂക്ഷ്മം എത്തിനോക്കി. എവിടെങ്കിലും ആൾപ്പാർപ്പുകണ്ടെത്തിയാൽ അവരുടെ ഔദാര്യം തേടാമല്ലോ എന്നാണാഗ്രഹം. നടന്നു നടന്നു് ഒരു നാൽക്കവലയിലെത്തി. പെട്ടെന്നു് എന്തോ സംശയം തോന്നിയമട്ടിൽ നിലയുറപ്പിച്ചു്, മജിസ്ട്രേട്ട മുന്നോട്ടു നോക്കി. പുകയുടെ നേമ്മയേറിയ പാട, അന്തരീക്ഷത്തിലേയ്ക്കു പറന്നുപൊങ്ങുന്നതുപോലെ... അകലെ മററു വനവൃക്ഷങ്ങൾക്കിടയിൽ, ദേവദാരുക്കളുടെ ഇരുണ്ട പച്ച ചില്ലകൾ കാണുന്നുണ്ടല്ലോ... അയാൾ അലറി: ''ഒരു വീട്ട്! ഒരു വീട്ട്!''

No 856/1

ഇത്രയധികം ആഹ്ലാദത്തോടെ, 'അതാ കര കാണുന്നു' എന്നു് ഒരു നാവികൻ അലമുറയിട്ടിട്ടുണ്ടാവുകയില്ല.

ഇടതൂർന്നുനില്ക്കുന്ന വനത്തഴപ്പിലൂടെ ആൽബൺ നൂഴ്ന്നു കയറി. എന്തൊക്കെയോ ചിന്തകളിൽ അലഞ്ഞുനടന്നിരുന്ന കേണൽ ഫിലിപ് താനറിയാതെ കൂട്ടുകാരനെ പിന്തുടർന്നു. "കസ്റ്റാനിൽ പോയി, സോഫയും മധുരക്കിഴങ്ങും ബോർഡെ വൈനും തേടുന്നതിനെക്കാൾ എനിക്കിഷ്ടം, ഇരിക്കാനൊരു കസേരയും ഒരു മുട്ടപൊരിച്ചതും ഉണക്കറൊട്ടിയും ഇവിടെവച്ചു കിട്ടുകയാണു്." ആൽബണു് നല്ല ഉന്മേഷംതോന്നി. ഒരു വീടിന്റെ വെള്ളച്ചായം പൂരട്ടിയ ഭിത്തിയാണു് അകലെ കാണുന്നതു്! പരസ്പരം കെട്ടിമറിഞ്ഞുകിടക്കുന്ന മരച്ചില്ലകളുടെ തവിട്ടുനിറത്തിൽനിന്നു് തികച്ചും വ്യത്യസ്തമായൊരു കാഴ്ച.

അവരെത്തിയതു് ഒരു പടിവാതിലിനഭിമുഖമായാണു്. എന്തു വികൃതമായിരിക്കുന്നു അതു്. "ഇതൊരു ആശ്രമമാണെന്നു തോന്നുന്നു," ആൽബൺ പറഞ്ഞു. ഗേററിന്റെ കമ്പിയഴികളിലൂടെ നോക്കിയാൽ നീണ്ടുനിവന്നുകിടക്കുന്ന ഒരു പുൽപ്പരപ്പിൽ ഉയർന്നുനില്ക്കുന്ന കെട്ടിടം കാണാം. ഒരുകാലത്തു് അതൊരു സന്യാസാശ്രമമായിരുന്നെന്നു്, ശില്പശൈലികൊണ്ടു മനസ്സിലാക്കാം.

"ഈ പട്ടുകള്ളൻസന്യാസിമാൎക്കു്, എവിടെയും പററിയ സ്ഥലം കണ്ടെത്താനറിയാം," ആൽബൺ ആശ്ചര്യപൂൎവ്വം പറഞ്ഞു. ആ പൎണ്ണശാലക്കു് ഒരു കാല്പനികഭാവമുണ്ടു്. അടുക്കടുക്കായ തട്ടുകളുടെ ഉപരി—മലയുടെ മുകൾപ്പരപ്പിൽ—നെർവിൽഗ്രാമമാണു്. താഴെ, കുന്നിൻചെരുവിലെ സമതലത്തിൽ, പഴക്കംചെന്ന ആശ്രമം പണിതുയർത്തപ്പെട്ടിരിക്കുന്നു. അതിനെച്ചുററിയുള്ള കൂററൻ ഓക്കുമരങ്ങൾക്കു് നൂറുവർഷത്തിന്റെ പഴക്കമുണ്ടു്. ഏകാന്തതയെ കരുതലോടെ സൂക്ഷിക്കുന്ന ഉരുക്കുകോട്ടപോലെയാണു് ആ വൃക്ഷവലയം. നാല്പതേക്കറോളംവരുന്ന പുൽത്തകിടിയാണതു്. തെക്കുവശത്തേയ്ക്കു ദൎശനമായി പ്രധാന കെട്ടിടം നില്ക്കുന്നു. ആ പച്ചപ്പരപ്പിനു് എന്തു മനോഹാരിതയാണു്! എങ്ങും ശുദ്ധജലം പേറുന്ന അരുവിച്ചാലുകളും, വിശാലമായ ജലപാളികളുമാണു്. രൂപ

ഭംഗിയുള്ള മരങ്ങളിൽ വികൃതങ്ങളായ പത്രപംക്തികൾ, കരുതിക്കൂട്ടി വാർത്തെടുത്തതെന്നു തോന്നിക്കുന്ന ഗുഹാതലങ്ങൾ—നടപ്പാതയുടെ കൽപ്പടവുകൾ തകർന്നുപോയിരിക്കുന്നു. കമ്പിയഴികളിൽ തുരുമ്പ് അരിച്ചരിച്ചു കയറിയിട്ടുണ്ട്. മേൽമാടങ്ങൾ ജീർണ്ണിച്ചു പൊളിഞ്ഞുതുടങ്ങിയിട്ടുണ്ട്. എങ്കിലും, ആ സന്യാസാശ്രമം ഇപ്പോഴും ആകർഷകമായി നിൽക്കുന്നു. മനുഷ്യൻെറ കലാവിരുതും പ്രകൃതിയുടെ കരവിരുതും കൂടിച്ചേർന്ന് ഒരു സൗന്ദര്യശില്പം സാധിച്ചിരിക്കയാണവിടെ.

ബാഹ്യജീവിതത്തിന്, അവിടെ ഒന്നെത്തിനോക്കാൻ കൂടി സാദ്ധ്യമല്ല. സൂര്യൻെറ ഉഗ്രമായ ചൂടിന് തിരശ്ശീലയൊരുക്കിക്കൊണ്ടാണ് ഓക്കുവൃക്ഷങ്ങളുടെ പച്ചത്തഴപ്പു പടർന്നു കിടക്കുന്നത്. അപ്പോൾ പിന്നെ, മനുഷ്യവികാരങ്ങൾ എങ്ങനെ നുഴഞ്ഞുകയറാനാണ്?

പഴയ കാലത്തിൻെറ വിഷാദമൂകമായ ആ അവശിഷ്ടം കണ്ടപ്പോൾ, ആദ്യം, മോൺഷിയർ ആൽബണ് ആഹ്ലാദം തോന്നിയിരുന്നു. പക്ഷേ, അതു പിന്നീടു തേഞ്ഞുമാഞ്ഞുപോയി. ഒരു ശാപംകൊണ്ടെന്നപോലെ തകർന്നടിഞ്ഞ മണ്ണ്! അയാൾ സ്വയം പറഞ്ഞു: "എന്തൊരവഗണനയാണിത്?"

മനുഷ്യൻ ഉപേക്ഷിച്ചിട്ടുപോയ ഒരു പ്രേതഭൂമി! കൂടിപ്പിണഞ്ഞുകിടക്കുന്ന വള്ളിച്ചെടികൾ, എല്ലായിടത്തും ചുററിപ്പിടിച്ചുകയറിയിട്ടുണ്ട്. തിരശ്ശീലപോലെ എല്ലാം മറച്ചുകളയുന്ന ഒരു ഹരിതമേലങ്കിയുണ്ട് അവററുക്ക്. മരങ്ങളിൽ, ചണ്ടിയും കൽപായലും പടർന്നുകയറി, വർണ്ണപ്പൊട്ടുകൾ തുന്നിയിരിക്കുന്നു. പൂന്തോപ്പിലെ ബഞ്ചുകളിലും, മേൽക്കൂരയിലും, ഭിത്തികളിലും, എന്നുവേണ്ടാ എല്ലായിടത്തും അവ നുഴഞ്ഞുകയറിയിട്ടുണ്ട്. കാലപ്പഴക്കം നിമിത്തം ജനാലച്ചട്ടങ്ങൾ ജീർണ്ണിച്ചു പൊളിഞ്ഞുതുടങ്ങി. മുകപ്പിൻെറ ഭാഗങ്ങൾ ചെറുശകലങ്ങളായി പൊഴിഞ്ഞുവീഴുന്നുണ്ട്; മേൽപ്പുര ദ്രവിച്ചു തകരുകയാണ്. ഒരേയൊരു ചുഴിയാണിയിന്മേൽ മടക്കുവാതിലുകൾ തൂങ്ങിക്കിടക്കുന്നു. അകത്തു കടന്നാൽ, ഉച്ഛ്വാസവായുവേററ് ജീർണ്ണിച്ച വാതിലുകൾ പൊളിഞ്ഞുവീണെന്നു വരാം.

പഴത്തോട്ടത്തിന് ഒരു വനപ്പടർപ്പിൻെറ പ്രതീതിയാണ്. ഫലവൃക്ഷങ്ങൾ നിയന്ത്രണമററു പടർന്നു വ്യാപിച്ചിരി

ക്കുന്നു. ചില്ലിക്കമ്പുകളിൽ തിളങ്ങിക്കാണുന്നതു് ഇത്തിൾകായ്കളാണു്. നടപ്പാതയിൽ കുററൻചെടികൾ വളൎന്നുനില്ക്കുന്നുണ്ടു്. ഈ അനാഥാവസ്ഥയിലും ആ രംഗത്തിനു് ഒരു സൗകുമാര്യമുണ്ടു്. ആ സൗകുമാര്യത്തിനാകട്ടെ ഹൃദയഹാരിയായ ഒരു വശീകരണഗാനത്തിൻെറ സ്വാധീനശക്തിയും—കാഴ്ചക്കാരൻെറ ആത്മാവിൽ സ്വപ്നചിത്രങ്ങൾ വരയ്ക്കുന്ന ഒരു വല്ലാത്ത സ്വാധീനശക്തി. ആ വിജനപ്പരപ്പിൻെറ താളപ്പൊരുത്തത്തിലത്ഭുതപ്പെട്ടുകൊണ്ടു വേദനാനിൎഭരമായ മനോവികാരങ്ങളോടെ ഒരു കവി അവിടെ മണിക്കൂറുകൾ തങ്ങിനിന്നെന്നുവരാം.

കറുത്ത മേഘപാളികൾക്കിടയിലൂടെ, പെട്ടെന്നു പുറത്തുചാടിയ സൂര്യകിരണങ്ങൾ, പൂന്തോട്ടത്തിൽ വെളിച്ചംതൂവി. തവിട്ടുനിറമുള്ള മേച്ചിലോട്ടുകൾ വെട്ടിത്തിളങ്ങി. കൽപായലിനു് വൎണ്ണഭംഗിയുണ്ടായി; മരങ്ങൾക്കു കീഴിൽ നിഴലുകൾ നൃത്തംവച്ചു. ശരൽക്കാലത്തിൻെറ അവസാനദശയിലെ തെളിച്ചമാണതു്...പെട്ടെന്നാണു സമയം നീങ്ങിക്കൊണ്ടിരുന്നതു്. അങ്ങനെ പകൽവെളിച്ചം കെട്ടുപോയി. വാചാലമെന്നു തോന്നിച്ച ആ ദിക്കു്, വീണ്ടും വിഷാദമൂകതയിലേക്കു പിൻവാങ്ങി. അല്ലെങ്കിൽ, ശരൽക്കാലസന്ധ്യയുടെ മൃദുമൃദുലമായ ഈണം മൂളുകയാണെന്നും വരാം.

“ഇതു് ഉറങ്ങുന്ന സുന്ദരിയുടെ കൊട്ടാരമാണു്.” ആൽബൺ, സ്വയം മറന്നുകൊണ്ടു പറഞ്ഞു. ഇതിനകം സ്ഥലമുടമസ്ഥൻെറ ഗൗരവത്തോടെ അയാൾ നിരീക്ഷണം തുടങ്ങിക്കഴിഞ്ഞിരുന്നു. “ആരുടെ വകയായിരിക്കാം ഈ പ്രദേശം? ഏതായാലും ഇത്ര മനോഹരമായ ഒരു എസ്റ്റേററിൽ താമസിക്കാത്ത അയാൾ ഒരു പെരുംവിഡ്ഢിതന്നെ.” ആൽബൺ ഇത്രയും പറഞ്ഞുതീൎന്നില്ല, പെട്ടെന്നൊരു ശബ്ദം! പടിവാതിലിൻെറ വലതുഭാഗത്തു നില്ക്കുന്ന അക്രോടമരത്തിന്റെ കീഴിൽനിന്നു് ഒരു സ്ത്രീ കുതിച്ചു മുന്നോട്ടുവന്നു. ഒരക്ഷരമുരിയാടാതെ, ഒരു കാർമുകിലിൻെറ നിഴലുപോലെ, അവൾ അയാളുടെ മുന്നിലൂടെ പാഞ്ഞുമറഞ്ഞു. അത്ഭുതംകൊണ്ടയാൾ സ്തബ്ധനായി നിന്നുപോയി.

"ഹായ്, ആൽബേൺ, എന്താണു സംഗതി?" കേണൽ ഫിലിപ്പ് അന്വേഷിച്ചു.

"ഞാൻ സ്വപ്നം കാണുകയാണോ എന്നറിയാൻ കണ്ണു തിരുമ്മുകയാണ്." ആൽബേൺ മറ്റെങ്ങോ കണ്ണുമിഴിച്ചു നോക്കിക്കൊണ്ടു പറഞ്ഞു. ഗേററിന്റെ അഴികളിൽ മുഖം അമർത്തി, ആ മായാരൂപത്തെ, രണ്ടാമതൊന്നു കാണാനുള്ള കൗതുകത്തോടെ അയാൾ നോട്ടം തുടന്നു.

"ങ്ഹും...അവൾ, ആ അത്തിമരച്ചുവട്ടിൽ കണ്ടേക്കും." ഇടതുഭാഗത്തുള്ള ഭിത്തികളിൽ വീണുകിടക്കുന്ന ചില്ലകളെ ചൂണ്ടിക്കൊണ്ട് അയാൾ ഫിലിപ്പിനോടു പറഞ്ഞു.

"അവൾ! ഏതവൾ?"

"ഏ! ഞാനെങ്ങനെയാണറിയുക?" ആൽബേൺ ഒരു മറുചോദ്യമെറിഞ്ഞു. എന്നിട്ടയാൾ താഴ്ന്നസ്വരത്തിൽ തുടന്നു: "ഒരു വിചിത്രരൂപമുള്ള സ്ത്രീ, ഇപ്പോൾ—ഈ നിമിഷം—എന്റെ കണ്ണുകൾക്കു മുമ്പിലൂടെ കുതിച്ചുപാഞ്ഞു; ഒരു പ്രേതമാണെന്നെനിക്കു തോന്നി. മെലിഞ്ഞു്, കനംകുറഞ്ഞു്, നിഴലുപോലെ...ശരീരത്തിനു മാംസമുണ്ടോ എന്നെനിക്കു സംശയമാണ്. മുഖം പാലുപോലെ വെളുത്തിരിക്കുന്നു; മുടിയും കണ്ണും വേഷവും കറുത്തതാണ്. എന്റെനേക്ക് അവളൊരു നോട്ടം! ഞാൻ പെട്ടെന്നെങ്ങും ഭയപ്പെടുന്ന കൂട്ടത്തിലല്ല. പക്ഷേ, തണുത്തു കല്ലുപോലുറച്ച ആ നോട്ടം എന്റെ ചോരയെ മഞ്ഞുകട്ടിപോലാക്കുന്നു."

"അവൾ സുന്ദരിയാണോ?" ഫിലിപ്പിന്റെ കൗതുകമുണന്നു.

"എനിക്കറിഞ്ഞുകൂടാ. ഞാൻ വാസ്തവത്തിൽ കണ്ടതു് ആ കണ്ണുകൾ മാത്രമാണ്."

"കസ്സാനിലെ ഉച്ചഭക്ഷണം വേണമെങ്കിൽ ചെകുത്താൻ തിന്നട്ടെ." കേണൽ ഫിലിപ്പിനു രസംപിടിച്ചു. "നമുക്കിവിടെ താമസിക്കാം. ഈ സ്ഥലം പരിശോധിച്ചുകാണാൻ, എനിക്കൊരു കൊച്ചുകുട്ടിയുടെയത്ര ആഗ്രഹമുണ്ട്. നോക്കണം, ആ ജനാലച്ചട്ടങ്ങൾക്കു ചുവപ്പുചായം പുരട്ടിയിരിക്കുന്നതു്! വാതിലുകൾക്കും വെളിയടകൾക്കും ചുവപ്പുരേഖ വരച്ചിട്ടുണ്ട്. ഇതു ചെകുത്താന്റെ സ്വന്തം വീടായിരിക്കും. സന്യാസിമാർ

സ്ഥലംവിട്ടപ്പോൾ അയാൾ കരസ്ഥമാക്കിയിരിക്കും. ഏതായാലും നമുക്കു് ആ കറുപ്പും വെളുപ്പും മാത്രമുള്ള സ്ത്രീയെ കണ്ടുപിടിക്കാം...ഹും, നടക്കണം.'' ഫിലിപ്പ് ഉല്ലാസത്തോടെ കൂട്ടുകാരനു പ്രോത്സാഹനം കൊടുത്തു.

പെട്ടെന്നൊരു കരച്ചിൽ—കുരുക്കിൽപ്പെട്ട പക്ഷിയുടേതുപോലുള്ള ശബ്ദമാണു്. അവർ ചെവി വട്ടംപിടിച്ചു. ഓളംതുളമ്പുന്ന വെള്ളത്തിന്റേതുപോലെ ഒരു കളകളാരാവം. കുററിക്കാടുകളിലൂടെ എന്തോ കുതിച്ചുചാടുന്നുണ്ടോ? കാലടിവയ്പിന്റെ ശബ്ദം കേൾക്കുന്നില്ലല്ലോ! ഒളിവിലിരുന്നുകൊണ്ടു് ആ സ്ത്രീ ഇളകിയെങ്കിൽത്തന്നെ അറിയാൻ കഴിയുന്നില്ല.

''ഇതു് അത്ഭുതംതന്നെ.'' ഫിലിപ്പ് ശബ്ദമുയർത്തി പറഞ്ഞു. പുറംമതിലിന്റെ അരികുപററി ആ സുഹൃത്തുക്കൾ നടന്നു. കുറച്ചു സമയത്തിനുള്ളിൽ, കൗറി എന്ന ഗ്രാമസങ്കേതത്തിലേക്കുള്ള കാട്ടുവഴിയിൽ അവരെത്തി; വീണ്ടും അവരുടെ നടത്തം പാരീസിലേക്കുള്ള രാജപാതയെ ലക്ഷ്യംവച്ചാണു്. കുറെക്കൂടി വലുതായ പടിവാതില്ക്കലാണു് എത്തിച്ചേർന്നതു്. കമ്പിവേലിക്കിടയിലൂടെ നോക്കിയപ്പോൾ, ആ നിഗൂഢവസതിയുടെ പൂമുഖം വ്യക്തമായിക്കണ്ടു. ഇപ്പോൾ, അതിനു സംഭവിച്ച ജീർണ്ണതയുടെ യഥാർത്ഥചിത്രം കാഴ്ചക്കാരനു ധരിക്കാൻ കഴിയുന്നു. ഒരു ചതുരക്കളത്തിന്റെ മൂന്നു വശങ്ങളിലായി കെട്ടിപ്പൊക്കിയിരിക്കുന്ന പ്രധാന കെട്ടിടത്തിന്റെ ഭിത്തികൾ വിണ്ടുകീറിയിട്ടുണ്ടു്. മേൽക്കൂരയിൽ ധാരാളം പോടുകളുണ്ടു്; കൽഫലകകളും മേച്ചിലോടും അവിടവിടെ പൊട്ടിച്ചിതറിക്കിടക്കുന്നു; ചീഞ്ഞളിഞ്ഞ കനികളെക്കൊണ്ടു പഴത്തോട്ടം അറപ്പുജനിപ്പിക്കുന്നു. തോട്ടത്തിലെ പൂവിരിപ്പുകളെ ചവുട്ടിമെതിച്ചുകൊണ്ടു് ഒരു പശു വനപ്പച്ചയിൽ മുറസ്സു മേയുന്നുണ്ടു്. അതിന്റെ സമീപത്തുതന്നെ, ഒരാട്ടിൻകുട്ടി, മുന്തിരിഞ്ഞളിരുകളും പച്ചമുന്തിരിക്കായ്കളും കടിച്ചുചവച്ചു് ഉല്ലസിച്ചു നടക്കുന്നു!

''എല്ലായിടവും ഒരേമാതിരിതന്നെ.'' കേണൽ ഫിലിപ്പ് അഭിപ്രായപ്പെട്ടു.

''ഈ അവഗണന ബോധപൂർവ്വംതന്നെയാണു്.'' മണി അടിക്കുന്നതിനുള്ള ചങ്ങലയിൽ അയാൾ കൈവച്ചു. അതു

വ്യഥാവിലാണു്. മണിനാക്ക് എന്നേ നഷ്ടപ്പെട്ടിരിക്കുന്നു. കാട്ടുതുവിയുടെ ശല്യം തോന്നിക്കുന്ന ശബ്ദമേ ആകെ കേൾക്കുന്നുള്ളു. പടിവാതിലിനു സമീപത്തു ഭിത്തിയിലുള്ള ചെറുവാതിൽ—അതു ജീർണ്ണിച്ചിരുന്നിട്ടുകൂടി—തള്ളിക്കയറാനുള്ള അവരുടെ ശ്രമത്തെത്തടഞ്ഞു് ഉറച്ചുനിന്നു. ഫിലിപ്പ് കൂട്ടുകാരനോടു പറഞ്ഞു: "എല്ലാം ഒന്നിനൊന്നു രസകരമായിട്ടാണു തോന്നുന്നതു്."

"ഞാനൊരു മജിസ്ട്രേട്ടായിരുന്നില്ലെങ്കിൽ, ആ കറുത്ത വേഷക്കാരി ഒരു മന്ത്രവാദിയാണെന്നു കരുതിയേനെ." ആൽബൺ ചിന്താപൂർവ്വം പറഞ്ഞു.

മേഞ്ഞുകൊണ്ടിരുന്ന പശു കമ്പിവേലിക്കരികിലേക്കു വന്നു. മനുഷ്യസമ്പർക്കം അതിഷ്ടപ്പെടുന്നുവെന്നു തോന്നിച്ചു—ചൂടും നനവും കലർന്ന മൂക്ക് ഉയർത്തി മണംപിടിച്ചു. അപ്പോളാണു് അതു സംഭവിച്ചതു്. ഒരു സ്ത്രീ—അങ്ങനെയൊരു ജീവിയെ സ്ത്രീയെന്നു വിളിക്കാമോ?—കുററിക്കാടുകളിൽനിന്നു കുതിച്ചെത്തി, പശുവിന്റെ കയറിൽപ്പിടിച്ചു വലിച്ചു. തലയിൽ കെട്ടിയിരിക്കുന്ന ചുവന്ന കൈലേസിന്റെ കീഴിൽനിന്നു്, കെട്ടുപിണഞ്ഞ മുടി പുറത്തേയ്ക്കു് ഒഴുകിക്കിടക്കുന്നു. കറുപ്പും തവിട്ടുനിറവും കലർന്ന ഒരു പരുക്കൻ കമ്പിളിക്കുപ്പായം അവളണിഞ്ഞിട്ടുണ്ടു്. നഗ്നമായ പാദങ്ങൾ പുറത്തേയ്ക്കു കാണാം. ഫെന്നിമോർ കൂപ്പറുടെ നോവലുകളിലെ 'റെഡ് സ്കിൻ'വർഗ്ഗക്കാരെ അവൾ അനുസ്മരിപ്പിച്ചു—കഴുത്തും കൈകളും കണങ്കാലുകളും കടുത്ത ചുവപ്പുചായം പുരട്ടിയതുപോലെ തോന്നിച്ചു. നിർവികാരമായ ആ മുഖത്തു ചിന്താശക്തിയുടെ ലേശമെങ്കിലും സ്ഫുരിക്കുന്നില്ല. വിളറി, നീലിമയാർന്ന നയനങ്ങൾ ഭാവശൂന്യമാണു്. കണ്ണിമകളിൽ ഒന്നോ രണ്ടോ രോമങ്ങളേയുള്ളു—കൗതുകമുണർത്തുംവിധം വെളുത്ത രോമങ്ങളാണവ — നീളമുള്ളവയും നിരപ്പില്ലാത്തവയുമായ വെണ്മയുള്ള പല്ലുകൾ.

"ഹായ്! നല്ലവളായ സ്ത്രീയേ!" ഫിലിപ്പ് അത്ഭുതംകൂറി വിളിച്ചു. അവൾ സാവധാനം കമ്പിവേലിക്കരികെ വന്നു. കണ്ടാൽ വേദന തോന്നുന്ന ഒരു വികൃതിച്ചിരിയോടെ അവൾ രണ്ടുപേരെയും നോക്കി.

"ഞങ്ങൾ ഇപ്പോൾ എവിടെയാണു നില്ക്കുന്നതു്? ആ കാണുന്ന വീടേതാണു്? ആരാണതിന്റെ ഉടമസ്ഥൻ? നിങ്ങളാരാണു്? ഈ സ്ഥലങ്ങളിൽത്തന്നെയുള്ളവളാണോ?" ഇങ്ങനെയൊരു നൂറുകൂട്ടം ചോദ്യങ്ങൾ അവർ അവളുടെനേക്കു കോരിച്ചൊരിഞ്ഞു. അവൾ ഒന്നും പറഞ്ഞില്ല. കണ്ഠനാളത്തിൽനിന്നു് അവൾ 'കുടുകുടാ' ശബ്ദം കേൾപ്പിച്ചു—മൃഗങ്ങളുടെ ശബ്ദത്തിനോടാണതിനു സാമ്യം.

"അവൾ മൂകയും ബധിരയുമാണെന്നു നിങ്ങൾക്കു മനസ്സിലായില്ലേ?" ആൽബൺ കൂട്ടുകാരനോടു ചോദിച്ചു.

"മെനോറൈറ്റ് സഭക്കാർ," അവസാനം ആ ഗ്രാമീണ ഉച്ചരിച്ചു.

"ഓ, അവൾ പറഞ്ഞതു ശരിയാണു്. ഒരിക്കൽ ഈ വീട്ട് മെനോറൈറ്റ് സന്യാസാശ്രമമായിരുന്നെന്നു് കണ്ടാൽ തോന്നുന്നുണ്ടു്." ആൽബൺ വിശദമാക്കി. പിന്നേയും അവർ, അവളെ ചോദ്യങ്ങൾകൊണ്ടുപദ്രവിച്ചു.

അവൾ, ഒരു തോന്ന്യാസിയായ കുട്ടിയേപ്പോലെ അവരെ കൂട്ടാക്കിയില്ല. പിന്നേയും മേയാനൊരുമ്പെട്ട പശുവിന്റെ കയറുപിടിച്ചു വലിച്ചുകൊണ്ടു് അവരുടെ നേക്കു തുറിച്ചുനോക്കി. അവരുടെ വസ്ത്രങ്ങളിൽ അവൾക്കു് കൗതുകം തോന്നി. അതിനിടയിൽ നിരർത്ഥമായ എന്തൊക്കെയോ ജല്പിക്കുകയും, ആരെയോ വിളിച്ചുകൂട്ടുന്നവിധം ശബ്ദമുയർത്തുകയും ചെയ്തു. ഒന്നും വ്യക്തമല്ലെന്നു മാത്രം.

"നിങ്ങളുടെ പേരു്?" അവളെ വശീകരിക്കാൻ ശ്രമിക്കുംപോലെ കണ്ണുകൾ അവളുടെ മുഖത്തുറപ്പിച്ചുകൊണ്ടു് ഫിലിപ് ചോദിച്ചു.

"ജനിവീവ്," പൊള്ളച്ചിരിയോടെ അവൾ പറഞ്ഞു.

"നാമിവിടെ വന്നതിൽപ്പിന്നെ കണ്ടെത്തിയ ഏറ്റവും ബുദ്ധിശാലിയായ ജീവി ആ പശുവാണു്." മജിസ്ട്രേട്ട്, ഒരു പദ്ധതി മനസ്സിലുന്നിക്കൊണ്ടു് തുടന്നു: "ഞാനൊരു വെടിവയ്ക്കട്ടെ, ചിലപ്പോളതുകേട്ടു വല്ലവരും എത്തിയേക്കും."

ആൽബൺ തോക്കു കൈയിലെടുത്തു. പക്ഷേ, ഫിലിപ് അയാളെ ആ സംരംഭത്തിൽനിന്നു് പിൻതിരിപ്പിച്ചു.

അയാൾ ദൂരേയ്ക്കു്, കൈചൂണ്ടിക്കാണിച്ചു. ആൽബർണിൻെറ മുമ്പിലൂടെ മിന്നൽപോലെ പാഞ്ഞുപോയ ആ അജ്ഞാതസ്ത്രീയുണ്ടു് അകലെ നില്ക്കുന്നു—കറുത്ത കുപ്പായങ്ങളണിഞ്ഞ, ആരിലും കൗതുകമുണർത്തുന്ന ഒരു ജീവി! അഗാധമായ ചിന്തയിൽ അവൾ മുഴുകിയിരിക്കയാണെന്നു് ആദ്യം തോന്നിച്ചു. സാവധാനമായി, ഉദ്യാനപാതയിലൂടെ അവൾ നടന്നകലുകയാണു്. അവർ അവളെ സശ്രദ്ധം നോക്കിനിന്നു. പഴക്കംചെന്ന, ഒരു ചീനപ്പട്ടുടുപ്പാണു് അവളണിഞ്ഞിരിക്കുന്നതു്. നീണ്ടുചുരുണ്ട അവളുടെ മുടിത്തഴപ്പു് നെററിത്തടത്തിലേക്കു കുതറി വീണിരിക്കുന്നു; അരക്കെട്ടിനു താഴെവരെ, തോളുകളിലൂടെ ഇഴഞ്ഞു് ഒഴുകുന്ന അവററയ്ക്കെന്തൊരു ഭംഗിയാണു്. കൂടെക്കൂടെ ഒരു തലവെട്ടിക്കൽകൊണ്ടു് അവൾ മുടിക്കെട്ടിനെ പിൻതള്ളുന്നതു കാണാം. ഒരു യന്ത്രത്തിൻെറ പ്രവത്തനക്രമമുള്ള ചലനങ്ങൾ! ആ ഗതിവേഗവും തിട്ടവും ഒരു സ്ത്രീയുടേതിനേക്കാൾ, മൃഗത്തിൻേറതായിരുന്നില്ലേ?

അവളുടെ ചെയ്തികൾക്കെല്ലാം എന്തൊരു സവിശേഷതയാണു്. ഒരാപ്പിൾമരത്തിൽ കുതിച്ചുകയറി, അനായാസമായി അവളൊരു ചില്ലിക്കമ്പിൽ തൂങ്ങിക്കിടന്നു; ഒരു പഴം പറിച്ചെടുത്തു് കുറേനേരം നുണഞ്ഞു, എന്നിട്ടു് ഒരു അണ്ണാൻെറ ചലനഭംഗിയോടെ തറയിലേക്കു ചാടിവീഴുകയും ചെയ്തു. അവളുടെ കൈകാലുകൾക്കെന്തൊരു വഴക്കമാണു്? ഒരു കൊച്ചുകുട്ടിയേപ്പോലെ അവൾ ആ പുല്പരപ്പിൽ കിടന്നുരുണ്ടു. ഇളംവെയിലിൽ തത്തിക്കളിക്കുന്ന ഒരു പൂച്ചക്കുട്ടിയുടെ കമനീയതയോടെ, അവൾ മണ്ണിൽ മലർന്നുകിടന്നു് കൈകാലുകൾ മൂരി നിവർത്തി.

വിദൂരതയിൽനിന്നു് ഇടിമുഴക്കത്തിൻെറ ഭീഷണമായ ഗർജ്ജനങ്ങൾ! അവൾ ഞെട്ടിയെഴുന്നേററു നാലുപാടും നോക്കി. അപരിചിതമായ കാൽവയ്പുകൾക്കുനേരെ ചെവി വട്ടം പിടിക്കുന്ന കാവൽനായെപ്പോലെ, അവൾ ശ്രദ്ധിക്കുകയാണു്. അപ്പോൾ, ആ കറുത്തിരുണ്ട മുടിക്കെട്ടു് രണ്ടായി പകുക്കപ്പെട്ടു്, മുഖത്തിനിരുവശവുമായി ഒഴുകി വീണു. നഗ്നങ്ങളായ അവളുടെ തോളുകൾക്കു്, ഡെയിസി പുഷ്പങ്ങൾ തിങ്ങിയ ഉദ്യാനഭൂമിയുടെ വെണ്മയുണ്ടു്. ഫിലിപ്പും ആൽബർണും

അത്ഭുതപ്പെട്ടു. ഘടനയൊത്ത ആ ശരീരസൗഷ്ഠവം, അവരുടെ മൃദുലചിന്തകളിൽ നുഴഞ്ഞു കയറിയോ?

അവളിൽനിന്നു് പെട്ടെന്നൊരു ദീനവിലാപം പൊട്ടിയുയന്നു. ആ സ്ത്രീ ലാളിത്യമുള്ള കാൽവയ്പുകളോടെ മുറയ്ക്കുഴന്നേററു് നടക്കാൻ തുടങ്ങി; നേരേ ചെന്നിറങ്ങിയതു് ചെറിയൊരു കുളത്തിലേക്കാണു്. പാദരക്ഷകളൂരിവച്ചു്, മാർബിൾക്കല്ലിൻെറ വെണ്മയുള്ള കാലുകൾ ആ ജലാശയത്തിലാഴ്ത്തിയപ്പോൾ അവൾക്കെന്തൊരാഹ്ലാദമാണ്! വൃത്താകാരമായുണ്ടാകുന്ന തരംഗനിരകൾ കണ്ടു് അവളുല്ലസിച്ചു. അവയിൽ വെളിച്ചം തട്ടുമ്പോൾ തിളക്കമുണ്ടാവുന്നു! കരയിൽ മുട്ടുകുത്തിനിന്നു്, അഴിച്ചിട്ട നീളൻ മുടിച്ചുരുളിനെ അവൾ വെള്ളത്തിലിട്ടിഴച്ചു. തലയുയത്തിയപ്പോൾ പവിഴക്കല്ലുപോലുള്ള ജലകണങ്ങൾ മുടിത്തുമ്പിൽ നിന്നുതിന്നു വീഴുന്നതു കാണാം! അവളിലുള്ളതു് ഒരു കൊച്ചുകുട്ടിയുടെ ചാപല്യമാണോ?

“അവൾക്കു ഭ്രാന്താണു്!” ആൽബൺ തീരുമാനിച്ചു. അതാ! അന്തരീക്ഷത്തിലൂടെ അകലെനിന്നു് മറെറാരു ശബ്ദം ഒഴുകിവരുന്നു; ഒരു കുതിരയുടെ കരച്ചിൽപോലെയാണു്: അതു് ജനിവീവിൽ നിന്നുയന്നതാണു്. ഈ ഭ്രാന്തിപ്പെണ്ണിനെ തേടി ജനിവീവ് വിളിക്കുകയാവണം!

ഒരുനിമിഷംകൊണ്ടു് കുളത്തിൽ നിന്നവളെഴുന്നേററു. മുഖത്തുനിന്നു മുടിയിഴകൾ പുറകോട്ടു തള്ളിയെറിഞ്ഞു്, അവൾ മിഴിച്ചുനോക്കി. ഓ! മുമ്പെകണ്ട ആ രണ്ടു മനുഷ്യർ അവിടെനിന്നു നോക്കുന്നു. അവൾ ഒരു മാൻകുട്ടിയുടെ ഗതിവേഗത്തോടെ കമ്പിവേലിയിലേക്കു കുതിച്ചുകയറി. “മംഗളം നേരുന്നു!” അവൾ വളരെ ലോലമായ ഗാനാത്മകതയോടെ പറഞ്ഞു. ആ വാക്കുകളുടെ അത്ഥം വിശദമാക്കുന്ന ഏതെങ്കിലും വികാരം അവളുടെ മുഖത്തുണ്ടായിരുന്നില്ല. എന്തായിരിക്കാം ആ മധുരശബ്ദത്തിൻെറ ആശയവും സന്ദേശവും?

ആൽബൺ അവളിൽ ലയിച്ചു കഴിഞ്ഞിരുന്നു. കറുത്തു കനംകൂടിയ പുരികങ്ങളും തെല്ലും ചുവപ്പുവീഴാത്ത വെണ്മയുള്ള ശരീരവും! ആ തൂവെള്ളയായ മാംസളതയിൽ, നേർമ്മ

യേറിയ നീലഞരമ്പുകൾ നിയന്ത്രണമററോട്ടുന്നു. ആൽബൺ ആരാധനയിൽ മുഴുകി.

ആ പ്രേതദർശനത്തിൻെറ വിസ്മയം പകരാൻ അയാൾ കൂട്ടുകാരനെ തിരിഞ്ഞുനോക്കി. പക്ഷേ...എന്തു കഥ! കേണൽ ഫിലിപ്പ് അതാ മരിച്ചതുപോലെ മണ്ണിൽ ബോധമററു കിടക്കുന്നു. ആൽബൺ വിരണ്ടുപോയി. സഹായത്തിനയാൾ മുറവിളി കൂട്ടി; ആകാശം ലക്ഷ്യമാക്കി ഒരു വെടിപൊട്ടിച്ചു. ഫിലിപ്പിനെ എഴുനേല്പിക്കാൻ അയാൾ ആവുംമട്ടു ശ്രമിച്ചു. ഓ! ആ ഭ്രാന്തിപ്പെണ്ണ് ഇത്രയും നേരം ആ ഗേററിങ്കൽ ചേതനയററു നിൽക്കുന്നുണ്ടായിരുന്നു. വെടിപൊട്ടലിൻെറ ശബ്ദം കേട്ട്, ഒരു വന്യജീവിയുടെ കരച്ചിലോടെ, എന്തോ ഭയസൂചനകളും കാട്ടി, തിരിഞ്ഞുതിരിഞ്ഞുനോക്കിക്കൊണ്ട് അവൾ ഓടിപ്പൊയ്ക്കളഞ്ഞു.

ഒരു ജഡ്കാവണ്ടിയുടെ ചക്രങ്ങളുരുളുന്ന ശബ്ദം ആൽബൺ റോഡിൽ കേട്ടു. അതു് ആദംദ്വീപിലേയ്ക്കുള്ളതാണ്. അയാൾ സഹായംതേടിക്കൊണ്ടു കൈകൾ വീശി. വണ്ടിതിരിഞ്ഞു മൈനോറൈറ്റ് ആശ്രമത്തിൻെറ നേർക്കു വന്നു. അതു തന്റെ അയൽക്കാരാണ്—മോൺഷിയർ ഗ്രാൻഡ്‌വില്ലും മാഡവും. അവർ ധൃതിപ്പെട്ടു് വണ്ടിയിൽനിന്നിറങ്ങി, അതു് ആൽബണിൻെറ ഉപയോഗത്തിനൊഴിഞ്ഞുകൊടുത്തു. മാഡം ഗ്രാൻഡ്‌വില്ലിന്റെ പക്കൽ യാദൃച്ഛികമായുണ്ടായിരുന്ന ചില ഔഷധങ്ങൾ ഫിലിപ്പിനെ മണപ്പിച്ചു. അയാൾ കണ്ണു തുറന്നു നോക്കി. അപ്പോഴുമുണ്ട്, പരിദീനമായ ഒരു കരച്ചിലോടെ നിഗൂഢമായ ആ സ്ത്രീരൂപം പാടപ്പരപ്പിലൂടെ പാഞ്ഞുപോകുന്നു! ഫിലിപ്പ് ഭയകമ്പിതനായി കരഞ്ഞു. തന്നെ അവിടെനിന്നു കൊണ്ടുപോകണമെന്നു് ആംഗ്യംകാട്ടിയിട്ട് വീണ്ടും അയാൾ കണ്ണടച്ചു.

ഗ്രാൻഡ്‌വില്ലും മാഡവും, വണ്ടിയൊഴിഞ്ഞുകൊടുത്തിട്ടു നടന്നുപോകാൻ തയാറായി. വിദൂരതയിൽ ഓടിമറയുന്ന അത്ഭുതരൂപത്തെ നോക്കി ആൽബൺ അന്വേഷിച്ചു: "ആരായിരിക്കാം ആ സ്ത്രീ?"

"ആളുകൾ കരുതുന്നതു് അവൾ 'മോളിനി'ൽനിന്നു

വന്നുചേൎന്നതാണെന്നാണ്." ഗ്രാൻഡ്‌വിൽ പറഞ്ഞു: "അവൾ വാൻഡിയേ പ്രഭ്വിയാണത്രേ. അവൾക്കു ഭ്രാന്താണെന്നു പറയപ്പെടുന്നു. കഴിഞ്ഞ രണ്ടുമാസമായിട്ടേ ഇവിടെ കാണാറുള്ളു. അതുകൊണ്ടു് വല്ലവരും പറഞ്ഞുകേട്ടതു സത്യമാണെന്നു് ഉറപ്പിക്കാൻ ഞാൻ തയാറില്ല."

ആൽബൺ, അവക്കു രണ്ടുപേൎക്കും നന്ദിപറഞ്ഞു് ഫിലിപ്പുമൊത്തു് കസ്സാനിലേക്കു യാത്രതിരിച്ചു.

"അതു് അവൾതന്നെയാണ്." ബോധവാനായിത്തീൎന്നപ്പോൾ ഫിലിപ് വിലപിച്ചു.

"അവൾ? ആരാണീ അവൾ?" ആൽബൺ ചോദിച്ചു.

"സ്റ്റീഫാനേ...ഹാ, മരിച്ചിട്ടും നീ ഇപ്പോൾ ജീവിച്ചിരിക്കുന്നു! പക്ഷേ, അവളുടെ ഹൃദയം നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ആ കാഴ്ച എന്നെ കൊല്ലുമെന്നു ഞാൻ കരുതി."

ഫിലിപ് വികാരവിവശനായിരുന്നു. അയാളെ ചോദ്യങ്ങൾകൊണ്ടുപദ്രവിക്കാതിരിക്കാൻ ആൽബൺ പ്രത്യേകം ശ്രദ്ധിച്ചു. കേണൽ ഫിലിപ്പിന്റെ മുഖത്തുണ്ടായ ഭാവപ്പകൎച്ച അയാളെ ഭയകമ്പിതനാക്കി. ഗ്രാമവസതിയിലേക്കുള്ള ദൂരക്കൂടുതലിൽ അയാൾ അക്ഷമനായി. വാൻഡിയേപ്രഭ്വിയിൽ കണ്ട ദാരുണമായ രോഗം തന്റെ കൂട്ടുകാരന്റെ തലച്ചോറിലേയ്ക്കു പകരുകയാണോ?

ആദംദ്വീപിലെ നടക്കാവിൽ വണ്ടി ഉചന്നു നിന്നപ്പോൾ, സ്ഥലത്തെ ഡോക്ടരെ വിളിക്കാൻ ആൽബൺ വേലക്കാരനെ നിയോഗിച്ചു. കേണൽ ഫിലിപ്പിനെ രോഗശയ്യയിലാക്കിയപ്പോഴേയ്ക്കു് ഡോക്ടരെത്തിക്കഴിഞ്ഞു. "കേണൽ ആഹാരം കഴിക്കാതിരുന്നതു നന്നായി. അല്ലെങ്കിൽ ഈ ഞെട്ടൽകൊണ്ടു് അദ്ദേഹം മരിച്ചുപോയേനേ," ഡോക്ടർ പറഞ്ഞു, "ഏതായാലും ദേഹത്തിന്റെ ക്ഷീണമാണദ്ദേഹത്തെ രക്ഷിച്ചതു്." ശുശ്രൂഷയ്ക്കു് ഏതാനും നിർദ്ദേശങ്ങൾ കൊടുത്തിട്ടു് അപ്പോൾത്തന്നെ ഡോക്ടർ ഒരു പ്രാവശ്യത്തെ മരുന്നുണ്ടാക്കി രോഗിയെ കുടിപ്പിച്ചു.

പിറേറന്നു രാവിലെ ഫിലിപ്പിനു വളരെ കുറവുതോന്നി. പക്ഷേ, രാത്രി മുഴുവൻ തന്നോടുകൂടി സ്വസ്ഥമായി കഴിച്ചു

കൂട്ടണമെന്നു് ഡോക്റ്റർ നിർബന്ധിച്ചു. "മോൺഷിയർ, ഞാനൊരുകാര്യം തുറന്നുപറയട്ടെ," ഡോക്റ്റർ, ആൽബണോടു പറഞ്ഞു, "എനിക്കു തലച്ചോറിന്റെ സംഗതിയിൽ ഭയമുണ്ടായിരുന്നു. വളരെ ശക്തിമത്തായ ഒരു ഞെട്ടലാണേററതു്. ഉല്ലൂടവികാരങ്ങളുള്ള ഒരു മനുഷ്യനാണു കേണൽ ഫിലിപ്പ്. ആ ശരീരപ്രകൃതിയാണദ്ദേഹത്തെ രക്ഷിച്ചതെന്നെനിക്കു തോന്നുന്നു. അല്ലെങ്കിൽ ആളു പൊയ്പ്പോയേനെ. മിക്കവാറും നാളെക്കൊണ്ടു പൂർണ്ണമായി ഭേദമാവും."

അടുത്തദിവസം രോഗി, തന്റെ സുഹൃത്തിനെ കാണാനനുവദിക്കപ്പെട്ടു. "പ്രിയപ്പെട്ട ആൽബൺ, നിങ്ങളെനിക്കു വേണ്ടി അല്പംചില സഹായങ്ങൾ ചെയ്യേ തീരൂ." കൂട്ടുകാരന്റെ കരം ഗ്രഹിച്ചുകൊണ്ടു ഫിലിപ്പ് പറഞ്ഞു: "ഉടൻതന്നെ നിങ്ങൾ ആമൈനോറൈറ്റ് ആശ്രമത്തിലേക്കൊന്നുപോവുക. നാം അവിടെക്കണ്ട പ്രത്യേകതരക്കാരിയായ ആ യുവതിയെ സംബന്ധിച്ച് എല്ലാ വിവരങ്ങളും ഗ്രഹിക്കണം; കഴിയുന്നത്ര വേഗം മടങ്ങിവരികയും വേണം. നിങ്ങളെ വീണ്ടും കണ്ടുമുട്ടുന്നതുവരെ, ഞാൻ മിനിട്ടുകൾ എണ്ണിക്കൊണ്ടിരിക്കും."

മോൺഷിയർ ആൽബൺ കുതിരപ്പുറത്തുകയറി അതിവേഗം ആ സന്യാസാശ്രമത്തിലേയ്ക്കു് ഓടിച്ചുപോയി. അയാൾ പടിവാതില്ക്കലെത്തിയപ്പോൾ, നീണ്ടുമെലിഞ്ഞു്, ദയാർദ്രപ്രകൃതിയുള്ള ഒരു മനുഷ്യൻ അവിടെ നില്ക്കുന്നതു കണ്ടു. ആ ജീർണ്ണിച്ച അരമനക്കെട്ടിടത്തിലാണോ അയാൾ താമസമെന്നു് ആൽബൺ ചോദിച്ചതിനു് 'അതേ,' എന്നു മറുപടി കിട്ടി. ആൽബൺ താൻ വന്നകാര്യം വിശദീകരിച്ചു.

"ഓഹോ! അപ്പോൾ നിങ്ങളാണോ ആ നിർഭാഗ്യകരമായ വെടിവച്ചതു്? നിങ്ങൾ എന്റെ ദുർബ്ബലയായ പെൺകുട്ടിയെ മിക്കവാറും കൊന്നുകളഞ്ഞല്ലോ."

"ഏ! ഞാനാകാശത്തിലേക്കാണല്ലോ വെടിവച്ചതു്?"

"ങ്...നിങ്ങൾ അവളെ നേരിട്ടു പ്രഹരിച്ചിരുന്നെങ്കിൽ ഇത്രയും അപകടം അവൾക്കു സംഭവിക്കുമായിരുന്നില്ല."

"ശരി ശരി, അപ്പോൾ നാം രണ്ടും ഒരുപോലെയാണു്. ആർക്കും പരാതിപ്പെടാനർഹതയില്ല. എന്താണെന്നോ? ആ

പെൺകുട്ടിയുടെ ദർശനമാത്രയിൽ എന്റെ കൂട്ടുകാരൻ, കേണൽ ഫിലിപ് മരണപ്രായനായിരിക്കുന്നു.

''എന്തു്, ബാരൺ ഫിലിപ്പോ? അങ്ങനെ സംഭവിക്കുമോ?'' ഡാക്ടർ ഫാനിയെ, ആൽബണിന്റെ കൈയമർത്തികൊണ്ടു് കൗതുകപൂർവ്വം ചോദിച്ചു: ''അദ്ദേഹം റഷ്യയിലുണ്ടായിരുന്നോ? കുറേ നാൾ ബെർസീനായിൽ താമസിച്ചിട്ടില്ലേ?''

''അതേ, അതുതന്നെ.'' ആൽബൺ മറുപടി പറഞ്ഞു: ''കൊസ്സാക്കുകൾ അദ്ദേഹത്തെ തടവുകാരനായി പിടിച്ചു് സൈബീരിയയിലേയ്ക്കു് അയച്ചുകളഞ്ഞു. ഒരു വർഷക്കാലം അദ്ദേഹം ഈ നാട്ടിലുണ്ടായിരുന്നില്ല.''

''മോൺഷിയർ അകത്തേയ്ക്കു വരിക.'' ഇതിനകം അയാളിൽ കടന്നുകൂടിയ ചിന്താപൂർവ്വമായ ഗൗരവത്തോടെ ഡോക്ടർ ഫാനിയെ പറഞ്ഞു. അവർ രണ്ടുപേരും, താഴത്തെ നിലയിലെ സന്ദർശകമുറിയിലേയ്ക്കു നടന്നു. ആ മുറിയിലുള്ള എല്ലാ സാധനങ്ങളും താന്തോന്നിത്തമായ തകർച്ചയെ സൂചിപ്പിച്ചു.

കഷ്ടിച്ചു് അപകടത്തിൽനിന്നു രക്ഷപെട്ട ഒരു ഘടികാരത്തിന്റെ ഇരുവശത്തുമായി, തറയിൽ, ചീനഭരണികൾ പൊട്ടിച്ചിതറിക്കിടക്കുന്നു. ജനാലവാതിലുകളിലെ സിൽക്കുകൊണ്ടുള്ള തുണ്ടുകൾ കീറിപ്പറിഞ്ഞു കഷണങ്ങളായിട്ടുണ്ടു്. മസ്ലിൻകൊണ്ടുള്ള കർട്ടനുകൾക്കു വലിയ കേടു സംഭവിച്ചിട്ടില്ല.

''ഞാനവൾക്കുവേണ്ടിയാണു് എന്റെ ജീവിതം ബലിയർപ്പിച്ചിട്ടുള്ളതു്—ഭയങ്കരമാം വിധം പൊട്ടിത്തകന്ന ഓമനക്കുട്ടിക്കുവേണ്ടി! അവളെന്റെ അനന്തിരവളാണു്. വൈദ്യശാസ്ത്രം അവളോടു തോററു പിൻവാങ്ങിക്കഴിഞ്ഞു. എങ്കിലും അവളെ സ്വബുദ്ധിയിലേയ്ക്കു്—വിവേകത്തിലേയ്ക്കു്—തിരിച്ചു കൊണ്ടുവരാമെന്നു് ഞാനിന്നും ആശിക്കുന്നു. നിർഭാഗ്യവശാൽ അതിനുള്ള എന്റെ മാർഗ്ഗം പണക്കാക്കുമാത്രം പോന്നുള്ളതാണു്.'' ദുർവഹമായ വേദനാഭാരം നാളുകളായി ചുമന്നു മടുത്ത ഡോക്ടർ ഫാനിയെ, മജിസ്ട്രേട്ടു് ആൽബണുമായി ഒരു നീണ്ട കഥ വിസ്തരിക്കാൻ തുടങ്ങി. ആ വേദന പുരണ്ട കഥ ഇങ്ങനെയാണു്.

# രണ്ട്

ചരിത്രം നിർമ്മിച്ച, ഫ്രഞ്ച്സേനയുടെ റഷ്യനാക്രമണത്തിനു് തിരിച്ചടി സംഭവിച്ച കാലഘട്ടം. 1812 നവമ്പർമാസത്തിലെ ഒരു രാത്രി. സമയം ഒമ്പതുമണി. സായാഹ്നംവരെ തന്റെ അധീനതയിലിരുന്ന സ്റ്റുഡ്സിയാങ്കാമലമ്പ്രദേശങ്ങൾ ഫ്രഞ്ച്മാർഷൽ വിക്ടർ പെട്ടെന്നുപേക്ഷിക്കേണ്ടിവന്നു. ബെർസീനാനദിയിൽ, കടത്തുതോണികളെക്കൊണ്ടു നിർമ്മിക്കപ്പെട്ട താൽക്കാലികപാലം, സാദ്ധ്യതയുടെ പരമാവധി സംരക്ഷിക്കണമെന്ന നിർദ്ദേശത്തോടെ അവിടെ ആയിരം ഭടന്മാരെ ഏർപ്പാട്ടചെയ്തു. ഈ പിൻകാവൽപ്പടക്കു മററൊരു ജോലികൂടെയുണ്ടു്—തണുപ്പുകൊണ്ടു മരവിച്ചുവശായി അലഞ്ഞുതിരിഞ്ഞെത്തിയിരിക്കുന്ന പൗരജനങ്ങൾക്കാശ്വാസം കൊടുക്കുക. ഇക്കൂട്ടരോ മക്കടമുഷ്ടിപെരുത്ത ഒരു വർഗ്ഗവുമാണു്. ഭാരവണ്ടികളിൽനിന്നിറങ്ങിപ്പോകാൻ അവർ കൂട്ടാക്കിയില്ല. ഔദാര്യസമ്പത്തുള്ള സേനയുടെ ധീരത പരാജയപ്പെട്ടു. നവമ്പർ ഇരുപത്തേഴും ഇരുപത്തെട്ടും തീയതികളിൽ, വണ്ടികളും സ്ഫോടകസാധനങ്ങളും വരെ ഈ സേനക്കു വലിച്ചെറിയേണ്ടിവന്നു. ബെർസീനായുടെ കിഴക്കേക്കരയിലേക്കു പ്രവഹിച്ച അഭയാർത്ഥിസംഘത്തെ അവരെങ്ങനെ രക്ഷിക്കാനാണു്. റഷ്യൻസേനയുടെ മടക്കയാത്രയിൽ വിരണ്ടോടിയ ഈ മനുഷ്യപ്പുഴക്കളുടെ കാര്യം ദയനീയമായിരുന്നു. പകുതി മരവിച്ചുകഴിഞ്ഞ മനുഷ്യപ്പററം മൃഗങ്ങളുടെ നിലയിലേക്കു് അധഃപതിച്ചു. അവരുടെ അഭിലാഷങ്ങൾ കരിഞ്ഞു ചാമ്പലായി. ആകാശം മേൽപ്പുരയാക്കി, മരുഭൂമിയാക്കപ്പെട്ട മണ്ണിൽ കഴിച്ചുകൂട്ടുകയാണു്. അവസാനം പട്ടാളക്കാരുടെ സാമഗ്രികളിൽ അവർ കൈവച്ചു. അങ്ങനെയാണു് ഏതാനും താല്ക്കാലികവിടുകൾ ഉണ്ടായതു്. കത്തുന്നതെന്നു തോന്നുന്ന എന്തുകിട്ടിയാലും തീക്കൂട്ടുകയായി. കുതിരകളുടെ ശവശരീരങ്ങൾ വെട്ടിനുറുക്കി ഭക്ഷിച്ചു. വണ്ടികളുടെ മൂടുവസ്തുങ്ങളുരിഞ്ഞു്, അതു ദേഹ

ത്തിൽ ചുററിക്കിടന്നുറങ്ങി. രാത്രിയുടെ മറപററി ബെർസീനാ കടന്നുകൂടരുതായിരുന്നോ? അവരതു കൂട്ടാക്കിയില്ല. അപകടം പിടിച്ച ജലപ്പരപ്പാണതു്. അററമില്ലാത്ത മഞ്ഞിൻപാളികൾ ചവുട്ടിത്തള്ളി കടന്നുപോന്നവക്കേ, ഈ ജനക്കൂട്ടത്തിൻെറ ഉദാസീനത മനസ്സിലാവുകയുള്ളു. എന്തൊരു വിരണ്ടോട്ടമായിരുന്നു അതു്. ദാഹിച്ചുവലഞ്ഞപ്പോൾ കുടിക്കാൻ കിട്ടിയതു മഞ്ഞിൻകട്ടകളാണു്; രാത്രിയിൽ കിടപ്പിനുള്ളതു് മഞ്ഞിൻതകിടുകൾ; എങ്ങോട്ടു നോക്കിയാലും ചക്രവാളാന്തം വരെ ഹിമപ്പരപ്പു്. വിശപ്പിനു കിട്ടുന്ന വിഭവങ്ങളോ? മഞ്ഞിൻതുണ്ടങ്ങൾ; മരവിച്ച കിഴങ്ങുവർഗ്ഗം; കുതിരയിറച്ചി അല്ലെങ്കിൽ ഒരു കൈ നിറയെ ചോറു്.

വിശപ്പും ദാഹവും ക്ഷീണവും ഉറക്കവുംകൊണ്ടു അവശരായ ആ ജീവികൾ തളന്നുവീഴുകയായിരുന്നു. ഒടുവിൽ, അവർ ബർസീനായുടെ തീരങ്ങളിലെത്തി. എങ്ങും ഫ്രഞ്ചുപട്ടാളക്ക്യാമ്പുകളായിരുന്നു, അവിടെ; വിറകും തീയും സുലഭം. മാത്രമല്ല, തീററിസാധനങ്ങൾ, എണ്ണമററ ഭാരവണ്ടികൾ, കൂടാരങ്ങൾ—ചുരുക്കിപ്പറഞ്ഞാൽ മുന്നൊരുക്കംകൂടാതെ പണിതുയർത്തിയ ഒരു പട്ടണംതന്നെ അവിടെക്കണ്ടു. മലമുകളിൽനിന്നു താഴ്വാരത്തിലേക്കു സ്റ്റഡ്സിയാങ്കാഗ്രാമം മുഴുവൻതന്നെയും നീക്കംചെയ്യപ്പെട്ടിരുന്നു.

അപകടംപിടിച്ചതും ദുഃഖപൂർണ്ണവുമായ ഒരു വാസസ്ഥാനമായിരുന്നു അതു്. എങ്കിലും ജനങ്ങൾ അതിൻെറ ക്ഷണം ഹൃദ്യമായി സ്വീകരിച്ചു. അതിനപ്പുറമെന്താണു്? ഭീഷണങ്ങളായ റഷ്യൻമരുഭൂമികൾ! അങ്ങനെ ഇരുപത്തിനാലു മണിക്കൂറുകളിലേക്കുമാത്രം ആയുസ്സുള്ള ഒരു വലിയ താൽക്കാലിക താവളം കെട്ടിയുയർത്തപ്പെട്ടു. ജീവിതഭാരംകൊണ്ടു തളന്ന മനുഷ്യപ്പറ്റത്തിനു് വിശ്രമിക്കണമെന്ന ഒരേ ഒരു ചിന്തയേ ഉണ്ടായിരുന്നുള്ളു.

റഷ്യൻനിരയിൽനിന്നുള്ള പീരങ്കിപ്രവാഹത്തിനു ശരിക്കും അഭിമുഖമായാണു് അവരുടെ താവളം. ഹിമപ്പരപ്പിൽ ചിലപ്പോൾ കറുത്തതും, ചിലപ്പോൾ പൊട്ടിത്തകന്നു കത്തിയെരിയുന്നതുമായ വെടിയുണ്ടകൾ അനുസ്യൂതം വന്നു വീണുകൊണ്ടിരുന്നു. അവററയ്ക്കാവട്ടെ, അതു തങ്ങളുടെ ദുരിതങ്ങളി

ലൊന്നുമാത്രമാണു്. ഒരു കൊട്ടങ്കാററിൻെറ ഗൗരവമേ അതി ന് അവർ നൽകിയുള്ളു. മരിച്ചവരെ, മുറിവേററവരെ, അ ല്ലെങ്കിൽ മരിച്ചുകൊണ്ടിരിക്കുന്നവരെ—ഇതല്ലാതാരേയാണു് അക്കൂട്ടത്തിൽനിന്നു വെടിയുണ്ടകളു തറച്ചുവീഴ്ത്തുവാൻ സാധി ക്കുക? ഓരോ നിമിഷവും, ചെറിയ ചെറിയ സംഘങ്ങളായി അഭയാത്ഥികൾ വന്നടിഞ്ഞുകൊണ്ടിരുന്നു. ഈ സഞ്ചരിക്കുന്ന ശവശരീരങ്ങൾ ഒററതിരിഞ്ഞുനടന്നു് ഒരു തീക്കുണ്ഡത്തിൽ നിന്നു മറെറാന്നിലേക്കു തെണ്ടിയലയുകയായി. മിക്കവാറും ആക്കും സ്വാഗതം കിട്ടാറില്ല. അപ്പോളവർ സംഘംചേരുന്നു; എന്നിട്ടു ബലാൽക്കാരേണ കടന്നു കൈയടക്കുന്നു. എല്ലാവരും തന്നെ, അടുത്തദിവസം മരണം വന്നെത്തുമെന്ന പ്രവചനമു ള്ളവരാണു്. ഉദ്യോഗസ്ഥന്മാരുടെ വാക്കുകൾക്കു ചെവികൊ ടുക്കാൻ ആരുംതന്നെ കൂട്ടാക്കിയില്ല. രാത്രിയിലേക്കുള്ള കിടപ്പി ടങ്ങൾ പണിയുന്നതിലും ആഹാരം പാകംചെയ്യുന്നതിലും അ വർ മുഴുകി. അത്രയും ഊർജ്ജിതം സംഭരിച്ചുകൊണ്ടു് ആ ചതു പ്പുനിലം തരണംചെയ്യാൻ അവക്കു താല്പര്യമുണ്ടായിരുന്നില്ല. മരണത്തിൻെറ വരവു് ഒരു ദുരിതമായി അവർ കരുതിയില്ല. അതു വന്നെത്തുംമുമ്പു്, ഒരു മണിക്കൂർ കിടന്നൊന്നു മയങ്ങാ മല്ലോ എന്നാണാശ്വാസം. വിശപ്പു്, ദാഹം, തണുപ്പു്—ഇവ യായിരുന്നു ദുരിതങ്ങൾ. ഒരിക്കലും മരണമല്ല.

ഒടുവിൽ എല്ലാററിൻേറയും അവസാനമായി. തടിക്കഷ ണങ്ങളും വിറകും ക്യാൻവാസ് തുണിയും കിടപ്പിടങ്ങളുമില്ലാ തായി. താമസിച്ചെത്തിയ നിരാശ്രയരും, നേരത്തേകൂട്ടി കുടി കിടപ്പു കൈക്കലാക്കിയ 'സമ്പന്നരും' തമ്മിൽ ബീഭത്സങ്ങ ളായ കലഹങ്ങളാരംഭിച്ചു. ദുർബലർ ആട്ടിയോടിക്കപ്പെട്ടു. അവസാനം, ഏതാനും അഭയാത്ഥികൾ, റഷ്യൻപടനീക്കത്തി ൻെറ വഴിച്ചാലിൽ—കട്ടത്ത മഞ്ഞിൽ—കിടപ്പിടമൊരുക്കു ന്നതിനു നിർബന്ധിതരായി. ആ കിടപ്പു്, പിന്നൊരിക്കലും ഉണരുന്നതിനായിരുന്നില്ല.

സമയം ഇഴഞ്ഞുനീങ്ങി. പകുതി മരിച്ച മനുഷ്യപ്പററം ഇടതുൻ്, ബധിരവും പ്രജ്ഞയില്ലാത്തതുമായിത്തീന്നു. വിറ്റ് ജൻസ്റ്റീനിൻെറ കീഴിലുള്ള ഇരുപതിനായിരം റഷ്യൻഭടന്മാ ക്കെതിരായാണു് മാഷൽ വിക്ടർ പ്രതിരോധം സംഘടിപ്പി

ക്കേണ്ടിയിരുന്നതു്. മരണപ്രായമായ ജനക്കൂട്ടത്തെ വെട്ടിനീക്കിയാണു് ഫ്രഞ്ചുപടനീക്കത്തിനു വിക്ടർ വഴിയൊരുക്കിയതു്. അല്ലെങ്കിൽ, ചക്രവത്തിയുടെ സമീപത്തേക്കു തൻെറ അയ്യായിരം ധീരഭടന്മാരുമൊത്തു് എങ്ങനെയാണദ്ദേഹം ബെർസീനാ മറികടക്കുക! തറപററിക്കിടക്കുന്ന, ആ നാശംപിടിച്ച ജീവികളാവട്ടെ, തങ്ങളുടെ കിടിപ്പിടങ്ങളിൽനിന്നു് അനങ്ങുന്നതിനേക്കാൾ ഇഷ്ടപ്പെട്ടതു് ചവിട്ടിമെതിക്കപ്പെടാനും, ഞെരിച്ചു കൊല്ലപ്പെടാനുമാണു്. അങ്ങനെ തങ്ങളെ പെററ നാടിനെ വിസ്മൃതിയിലാഴ്ത്തി, അരികിൽ കൂട്ടിയിരിക്കുന്ന തീയുലയിലെ ചുട്ടചാരത്തിൽ നോക്കി മന്ദഹസിച്ചുകൊണ്ടു്, നിശ്ശബ്ദമായി അവർ മരിച്ചു.

ഒരു മണിക്കൂർകൂടി കഴിഞ്ഞു. പത്തുമണി. നദിയുടെ മറുകരയിൽ ബെല്ലനോപ്രഭു വന്നുചേന്നു. 'സെംബിനി'ലേക്കുള്ള താല്ക്കാലികപാലത്തിലേക്കു് തൻെറ സേനയെ അദ്ദേഹം ആനയിച്ചു. അതിനുമുമ്പു്, സ്റ്റഡ്സിയാങ്കായിലെ പിൻകാവൽപ്പടയുടെ വിധിനിർണ്ണയം അദ്ദേഹം ജനറൽ എബ്ലെയുടെ കൈകളിലേക്കു വിട്ടു. യഥാർത്ഥത്തിൽ, ബെർസീനായിലെ അപകടങ്ങളിൽനിന്നു ജീവൻനേടിയവർ, ജനറൽ എബ്ലെയോടാണു കടപ്പെട്ടിരിക്കുന്നതു്.

അർദ്ധരാത്രിസമയത്തു് ജനറൽ എബ്ലെ ധീരനായ ഒരു ഓഫീസറുമൊന്നിച്ചു് തൻെറ കുടിലിൽനിന്നു പാലത്തിലേക്കു വന്നു. ബെർസീനാതീരത്തിനും സ്റ്റഡ്സിയാങ്കായിലേക്കുള്ള റോഡിനും മദ്ധ്യേയുള്ള ആ ക്യാമ്പിൻെറ കിടപ്പു് അദ്ദേഹം പരിശോധിച്ചു. റഷ്യൻപീരങ്കികളുടെ ഇടിമുഴക്കം അസ്തമിച്ചിരിക്കുന്നു. എണ്ണമററ തീക്കുനകൾ അവിടവിടെ കാണുന്നുണ്ടു്; അവയ്ക്കരികെ ജീവചൈതന്യം നഷ്ടപ്പെട്ട മനുഷ്യരൂപങ്ങളും. ഹിമപ്പരപ്പിൻെറ തിളക്കംകൊണ്ടു് തീനാമ്പുകൾ വിളറിപ്പോയി. നെപ്പോളിയൻ റഷ്യയുടെനേക്കു ചുഴറ്റിയെറിഞ്ഞ മുപ്പതിനായിരത്തോളം ഭാഗ്യഹീനർ, ജീവനെ അപകടത്തിലാഴ്ത്തിക്കൊണ്ടു്, അവിടെ കിടക്കുകയാണു്.

"നാമിവരെയെല്ലാം രക്ഷിക്കേണ്ടിയിരിക്കുന്നു," ജനറൽ കീഴുദ്യോഗസ്ഥനോടു പറഞ്ഞു, "നാളെ രാവിലെ റഷ്യക്കാർ സ്റ്റഡ്സിയാങ്കായിലെത്തും. അവർ വന്നെത്തുന്ന നിമിഷം

നാം പാലത്തിനു തീവയ്ക്കണം. പൗരുഷം സംഭരിച്ചോളൂ. ദാ, ആ കൂട്ടത്തിനിടയിലൂടെ ഉടൻ പുറപ്പെട്ടുകൊള്ളുക. ജനറൽ ഫോർനിയർ, ഉടൻതന്നെ പാലത്തിലെത്തണമെന്ന ആജ്ഞ അറിയിക്കുക. നിങ്ങൾ അയാളെ അനുഗമിക്കണം. കൂട്ടത്തിൽ പ്രാപ്തരായ കുറേപ്പേരെക്കൂടി കരുതിക്കോളൂ. ഭാരവണ്ടികൾക്കും, കൂടാരങ്ങൾക്കും, വെടിക്കോപ്പുകൾക്കും, വാഹനങ്ങൾക്കും എല്ലാററിനും തീകത്തിക്കുക. ഒട്ടും അനുകമ്പ വിചാരിക്കരുത്. എന്നിട്ട് ഈ മനുഷ്യപ്പററത്തെ പാലത്തിലേക്ക് ഓടിക്കുക. രണ്ടു കാലിൽ നടക്കുന്ന എല്ലാററിനേയും മറുകരയിൽ ചെന്നു പററാൻ പ്രേരിപ്പിക്കണം. പട്ടാളക്യാമ്പിനുപോലും തീവയ്ക്കണം. നമ്മുടെ അവസാനത്തെ വസ്തുവക അതായിരിക്കട്ടെ. ബെർതീയർ, ആ ഭാരവണ്ടികൾ കത്തിക്കാൻ എത്രയും എളുപ്പത്തിലെന്നെ അനുവദിച്ചിരുന്നെങ്കിൽ, ഈ വെള്ളത്തിൽ വീണ് ഒററജീവനും നശിക്കുമായിരുന്നില്ല. പക്ഷേ, സൈന്യത്തെ രക്ഷിച്ച അൻപതു വീരന്മാർ—എൻെറ പ്രിയപ്പെട്ട പാലം സൂക്ഷിപ്പുകാർ, അവർ നശിക്കാൻ പോവുകയാണ്. അവർ പെട്ടെന്നു മറക്കപ്പെട്ടുകയും ചെയ്യും.''

ജനറൽ നെററിത്തടത്തിൽ തിരുമ്മി. പിന്നൊന്നും പറഞ്ഞില്ല. പോളണ്ടായിരിക്കും തൻെറ ശവകുടീരമെന്നദ്ദേഹത്തിനു തോന്നി. ആ പാലം നിലനിർത്തുന്നതിനു തൂണുകളായി വർത്തിച്ച്, നദിയുടെ അഗാധതകളിൽ മുങ്ങിത്താഴ്ന്ന ആ ധീര ഭടന്മാരുടെ കാര്യമോ? അവർക്കു വേണ്ടി സംസാരിക്കുവാൻ ഒരു ശബ്ദവും ഉയരുകില്ലെന്നു് ജനറൽ മുൻകൂട്ടിക്കണ്ടു. ധീരനായ ആ പട്ടാളഓഫീസർ സ്റ്റഡ്സിയാങ്കായുടെനേർക്ക് ആറടി കഷ്ടിച്ചു നടന്നതേയുള്ളു. അപ്പോഴേക്കും പണി ആരംഭിച്ചു കഴിഞ്ഞു. ജനറൽ എബ്ലെ, ക്ഷമാശീലമുള്ള പാലംകാവൽക്കാരിൽ ഏതാനുംപേരെ ഉണർത്തി തൻെറ 'ദീനകാരുണ്യപ്രവർത്തനം' തുടങ്ങി. പാലത്തിന് ഏററവും അടുത്തുള്ള ക്യാമ്പിനു തീകത്തിച്ചുകൊണ്ടാണു തുടക്കം. മരവിച്ചു തളർന്ന് ഉറങ്ങിക്കിടന്നവർക്ക് ബെർസീനാ മറികടക്കാനുള്ള പ്രേരണയായിരുന്നു അതു്.

"ഈ സമയംകൊണ്ടു് യുവാവായ എ. ഡി. സി. വളരെ വൈഷമ്യമൊന്നും കൂടാതെ, അപ്പോഴും സ്റ്റഡ്സിയാങ്കായിൽ

സുരക്ഷിതമായിരിക്കുന്ന ഒരു കുടിലിലേയ്ക്കു നടന്നു. "മുറി നല്ല വണ്ണം നിറഞ്ഞുകഴിഞ്ഞു, ഇല്ലേ സ്നേഹിതാ?" അയാൾ പുറത്തുകണ്ട ഒരാളിനോടു ചോദിച്ചു.

"നിങ്ങൾ, എങ്ങനെയെങ്കിലും അകത്തു കടന്നുചെന്നാൽ പുതിയ ഒരാളെ പരിചയപ്പെടാം." വീടിൻെറ തടിപ്പണികളിൽ തൻെറ വാളുകൊണ്ടു പെരുമാറിയിരുന്ന അയാൾ പുറംതിരിയാതെ പറഞ്ഞു.

"ഓഹോ! ഫിലിപ്, നിങ്ങളാണോ അതു്?" അതു തൻെറ സുഹൃത്താണെന്നു തിരിച്ചറിഞ്ഞിട്ടു് എ. ഡി. സി. വിളിച്ചുചോദിച്ചു.

"അതേ...ങ്ഹാ...ഇതു നിങ്ങളാണോ?" ഫിലിപ്പിനും ഇപ്പോളാണു കൂട്ടുകാരനെ മനസ്സിലായതു്. ഫിലിപ്പിനേപ്പോലെതന്നെ അയാൾക്കും ഇരുപത്തിമൂന്നു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു.

"ഞാൻ വിചാരിച്ചു, നിങ്ങളീ നാശംപിടിച്ച നദിയുടെ അങ്ങേക്കരയിലായിരിക്കുമെന്നു്. മധുരപലഹാരങ്ങൾ തരാനാണോ ഇപ്പോഴത്തെ വരവു്? നിങ്ങൾക്കു ഹൃദയംതുറന്ന സ്വാഗതം." തടിയിൽനിന്നു് ഒരുകഷണം തോലുരിഞ്ഞു് കുതിരയ്ക്കു തീററിയെന്നപോലെ കൊടുത്തുകൊണ്ടു് ഫിലിപ് പറഞ്ഞു.

"ഞാൻ നിങ്ങളുടെ കമാൻഡറെ തേടുകയാണു്. അദ്ദേഹത്തോടു സെംബ്രിനിലേയ്ക്കു പുറപ്പെടാൻ ജനറൽ എബ്ലെ ആവശ്യപ്പെട്ടിരിക്കുന്നു. മരിച്ചുകിടക്കുന്ന ആ മനുഷ്യക്കൂമ്പാരത്തെ വെട്ടിമാററി വഴിയൊരുക്കാനേ നിങ്ങൾക്കിനി സമയമുള്ളു. നിങ്ങളിവിടം വിട്ടാലുടനെ അവററയെ എഴുന്നേല്പിക്കാൻ ഞാനിവിടമെല്ലാം തീ കത്തിക്കുകയായി."

"ഇതു കേട്ടിട്ടു് എനിക്കു ചൂടു തോന്നുന്നുണ്ടു്. ഈ വാർത്ത എന്നെ പനിപിടിപ്പിക്കുന്നു. എന്താണെന്നോ? എന്നോടൊപ്പം രക്ഷപെടാൻ രണ്ടു സുഹൃത്തുക്കൾകൂടിയുണ്ടു്. അവർക്കുവേണ്ടിയാണു ഞാനെൻെറ കുതിരയെ, കൊന്നുതിന്നാതെ സൂക്ഷിക്കുന്നതു്. ആകട്ടെ, അല്പം ദയ കാണിക്കൂ. നിങ്ങളുടെ പക്കൽ ഒരുകപ്പു വീഞ്ഞുണ്ടോ തരാൻ? മുപ്പതു മണിക്കൂറുക

ളായി വല്ലതും കഴിച്ചിട്ട്. ഞാൻ മിക്കവാറും ഒരു ഭ്രാന്തനായി ട്ടുണ്ട്."

"പാവപ്പെട്ട ഫിലിപ്, എന്റെ കൈയിൽ യാതൊന്നുമി ല്ല...നിങ്ങളുടെ ജനറൽ ഇതിനകത്തുണ്ടോ?"

"അകത്തുകടക്കാൻ ഒരുമ്പെടരുത്. ധാന്യപ്പുര നിറയെ മുറിവേററ നമ്മുടെ ആൾക്കാരാണ്. കുറേക്കൂടി മുകളിലേയ്ക്കു കയറിച്ചെല്ലൂ, ജനറലിനെ കാണും. അപ്പോൾ പ്രിയപ്പെട്ട സു ഹൃത്തെ, ഗുഡ്ബൈ! ഇനി എന്നെങ്കിലും പാരീസിൽ, ഒരു ബാൾറൂം ഡാൻസ്ഹാളിൽ നാം കണ്ടുമുട്ടുന്നെങ്കിൽ..."

ചൂളം വിളിച്ചെത്തിയ വടക്കുകിഴക്കൻകാററ് ഫിലി പ്പിൻെറ ചുണ്ടുകളെ മരവിപ്പിച്ചു. അയാൾ ആ വാചകം പൂ ത്തിയാക്കിയില്ല. ശൈത്യം ഭയന്നിട്ട്, എ. ഡി. സി. ഉലാത്തി ക്കൊണ്ടിരുന്നു. വീണ്ടും നിശ്ശബ്ദത! ഇടയ്ക്കിടെ ധാന്യപ്പുരയിൽ നിന്നും മുറിവേററവരുടെ മുറവിളി കേൾക്കാം; പട്ടിണിയുടെ ആത്തിയോടെ തൊണ്ടു ചവച്ചു തണയുന്ന കുതിരയുടെ വീപ്പു മുട്ടിയുള്ള ശബ്ദങ്ങളും. ഫിലിപ്, വാൾ ഉറയിലേയ്ക്കിട്ടു. എന്നി ട്ട് വിലപ്പെട്ട ആ മൃഗത്തിന്റെ കടിഞ്ഞാൺ കൈയിലെടുത്തു; അയാൾ അതിനേയുംകൊണ്ടു നടന്നു.

"ഹൂം, നടക്കു ബിഷേ, കേറിനടക്ക്. സ്റ്റീഫാനേയുടെ ജീവന്റെ രക്ഷയ്ക്കു നീയാണാശ്രയം. അവിടെ കുറേക്കൂടി കാത്തു നിൽക്കുന്നപക്ഷം, തളൻവീണു നമ്മളും മരിക്കുകയേയുള്ളു. ഗതി." ഫിലിപ് കുതിരയോടു പരാതിപറഞ്ഞുകൊണ്ട് ഉടു പ്പിനുള്ളിൽ ദേഹം പൂണ്ണമായും മറച്ച്, കാലുകളിൽ ചൂടു നി ലനിറുത്താൻ ഹിമപ്പരപ്പിൽ അമത്തിച്ചവുട്ടി ഓട്ടമാരംഭിച്ചു. അഞ്ഞൂറടി അകലെയാണ്, വണ്ടിനില്ക്കാൻ പ്രഭാതത്തിൽ ഏർപ്പാടു ചെയ്തിരുന്നതു്. അതിനു കാവലായി ഒരു പട്ടാള ക്കാരനുമുണ്ട്. തൊട്ടടുത്തു് ഒരഗ്നികുണ്ഡം കത്തിജ്വലിക്കുന്നു. ഫിലിപ്പിനു് അതു് അപ്രതീക്ഷിതമായിരുന്നു. ഭയജനകമായ ശങ്ക അയാളെ ആക്രമിച്ചു. അപകടംപിടിച്ച ഈ വേളയി ലെ അയാളുടെ ജീവിതം സൗഹൃദത്തിൻെറ സംരക്ഷണത്തി നു സമർപ്പിക്കപ്പെട്ടിരിക്കയാണ്. വണ്ടി കിടക്കുന്നതു് ഒരൊ ഴിഞ്ഞ മൂലയിലാണ്; വെടിയുണ്ടവർഷത്തിൽനിന്നു രക്ഷ നേടിയ ഒരു സങ്കേതം. ആ വണ്ടിയിലിരിക്കുന്നതു് ഒരു യുവ

തിയാണ്—ലോകത്തിൽ തനിക്കേററവും പ്രിയപ്പെട്ടതായി ഫിലിപ്പ് കരുതിയിരുന്ന അയാളുടെ ബാല്യകാലസഖിയാണത്.

അവിടെക്കണ്ട തീക്കുന അയാളിൽ ഭയംവളർത്തി. അതിനു ചുററും മുപ്പതു് അഭയാർത്ഥികൾ ചൂടേററുകൊണ്ടിരിക്കുന്നു. വെടിക്കോപ്പുശാലയിൽനിന്നെടുത്ത പലകപ്പാളികളും, തടിക്കഷണങ്ങളും വണ്ടിച്ചട്ടത്തിൽനിന്നൂരിയെടുത്ത ചക്രങ്ങളും കൊണ്ടാണ് തീ കത്തിച്ചിരുന്നതു്. ആ തീക്കടലിൽ ദഹിക്കാനായി, അവിടെ ബാക്കിയൊന്നും ശേഷിച്ചിട്ടില്ല. ബെർസീനാനദിക്കും സ്റ്റഡ്സിയാങ്കാക്കും മദ്ധ്യേയുള്ള കിടങ്ങിൽ കുടിലുകളും മനുഷ്യമുഖങ്ങളും നിറയെക്കാണുന്നുണ്ട്. ആ മനുഷ്യപ്പുററത്തിൽനിന്നു് ദീനസ്വരങ്ങൾ മുറയ്ക്കു കേൾക്കാം.

തീക്കുണ്ഡത്തിനു ചുററുമിരിക്കുന്നവരുടെ ആർത്തിയേറിയ കണ്ണുകൾ ഫിലിപ്പിൻെറ വണ്ടിയുടെ നേക്കും തിരിഞ്ഞു. വണ്ടിയുടെ കതകുകളിലൊന്നു്, അവർ എപ്പോഴേ തകർത്തുകഴിഞ്ഞിരിക്കുന്നു! ചൂടുള്ള വസ്ത്രങ്ങളിൽ പൊതിഞ്ഞു് സ്വസ്ഥമായി വണ്ടിക്കുള്ളിലിരുന്ന വൃദ്ധനായ ജനറൽ വാൻഡിയേപ്രഭുവും അദ്ദേഹത്തിൻെറ യുവതിയായ ഭാര്യയും, നിലത്തിറങ്ങിച്ചെന്നു് അവരോട്ട് അനുനയം പറയേണ്ടിവന്നു.

മേജർ ഫിലിപ്പിൻ്റെ കുതിരയുടെ കുളമ്പടി കേട്ടപ്പോൾ തീക്കുനയ്ക്കു വട്ടമിട്ടിരുന്നവരിലൊരുവിഭാഗം ഉന്മത്തമായി അലറി കുതിരയുടെനേക്ക് തങ്ങളുടെ തോക്കെടുത്തു ചൂണ്ടിക്കൊണ്ടു് അവർ വിളിച്ചുകൂവി: "പുറകോട്ടു മാറിനില്ക്കു്...ഹും പുറകോട്ടു്."

"പിശാചുക്കളേ! നിങ്ങളെയൊക്കെ കഴുത്തുഞെരിച്ചു്, ആ തീയിലിട്ടു ഞാൻ ചുട്ടുകളയും." കുതിരയുടെ മുമ്പിലേക്കു നീങ്ങിനിന്നുകൊണ്ടു് ഫിലിപ്പ് അലറി: "ദാ, അവിടെ കുതിരകൾ ചത്തുകിടക്കുന്നു; അതിനെ പോയിനോക്കു്."

"എന്തൊരു പ്രത്യേക തരക്കാരനാണീ ഓഫീസർ? വൺ...ടൂ...നിങ്ങൾ മാറിനില്ക്കുമോ ഇല്ലയോ?" രാക്ഷസപ്രകൃതിയുള്ള ഒരു ഗ്രനേഡിയർ ക്ഷുഭിതനായി.

"നിങ്ങൾ മാറുകയില്ല, അല്ലേ? ഉം...എന്നാൽ നിങ്ങളുടെ ഇഷ്ടംപോലെതന്നെ കാര്യം മുറയ്ക്കു നടക്കട്ടെ."

വെടിപൊട്ടി. അതോടൊപ്പം ഭയകമ്പിതയായ ഒരു യുവതിയുടെ ദീനവിലാപവും പൊട്ടിയൊഴുകി. ഭാഗ്യവശാൽ വെടിയുണ്ടകൾ ഫിലിപ്പിനെ ഉപദ്രവിച്ചില്ല. പക്ഷേ, പാവം ബീഷേ നിലത്തുവീണ മരണപ്പിടച്ചിൽ പിടയുന്നു? അഭയാത്ഥികളിൽ മൂന്നുപേർ മുന്നോട്ടുവന്നു് ബയണററുകൊണ്ടു കുത്തിക്കീറി അതിൻെറ ജീവൻ അവസാനിപ്പിച്ചു.

"നരമാംസം തിന്നാൻ മടിക്കാത്ത ചെകുത്താന്മാർ! ഇനി എൻെറ കമ്പിളിയും തോക്കും എനിക്കായി വിട്ടേക്കുക." നൈരാശ്യംകൊണ്ടു കലങ്ങിയ കണ്ണുകളോടെ ഫിലിപ് അലറി.

"ഓ, തോക്കു വേണമെങ്കിൽ എടുത്തോളണം." പിന്നെ...കമ്പിളിയുടെ കാൎയ്യം—രണ്ടുദിവസമായി, ശരിയാംവണ്ണം പുതയ്ക്കാനൊന്നുമില്ലാതെ നനഞ്ഞുവിറച്ചു് അവിടെ ഒരാളിരിപ്പുണ്ടു്, എട്ടുകാലിവലകൊണ്ടുള്ള ഒരു കോട്ടുംധരിച്ചു്. അതു ഞങ്ങളുടെ ജനറലാണു്."

ഫിലിപ് തലയുയത്തി അങ്ങോട്ടു നോക്കി. കീറിപ്പറിഞ്ഞ ഷൂസും ഒരു ഡസൻ പോട്ടുകളുള്ള കാലുറയുമാണു് അയാൾ ധരിച്ചിരിക്കുന്നതു്. ഉറമഞ്ഞുവീണ വെളുത്തു്, ജീണ്ണിച്ച ഒരു തൊപ്പിയാണു തലയിൽ. ഫിലിപ് തുടന്നു് ഒന്നും പറഞ്ഞില്ല, തോക്കു കൈക്കലാക്കുകമാത്രം ചെയ്തു.

അവരിൽ അഞ്ചുപേർ ചേന്നു് ആ ചത്ത കുതിരയെ തീക്കുനയിലേക്കു വലിച്ചിഴച്ചു. പാരീസിലെ മറേറതൊരു കശാപ്പുകാരൻേറയും കൈത്തഴക്കത്തോടെയാണു് അവർ അതിനെ വെട്ടിമുറിച്ചതു്. ചെറിയ ചെറിയ ഭാഗങ്ങളായി ഇറച്ചി പങ്കുവയ്ക്കപ്പെട്ടു; കിട്ടിയ പങ്കുകൾ ഉടനേതന്നെ തീയിലിട്ടു പാകപ്പെടുത്തി. യന്ത്രത്തിൻെറ പ്രവത്തനംപോലെ ധടിതിയിലാണു് എല്ലാം നടന്നതു്.

ഫിലിപ് ആ യുവതിയുടെ അടുത്തേയ്ക്കു ചെന്നു. അയാൾ അപകടത്തിൽ വീണുവെന്നു ഭയപ്പെട്ടപ്പോഴാണു് അവൾ കരഞ്ഞതു്. വണ്ടിയിൽനിന്നെടുത്ത ഒരു കുഷ്യനിൽ ഇരുന്നുകൊണ്ടു് അവൾ തീക്കുനയിലെ ചൂടേല്ക്കുകയായിരുന്നു. ഫിലിപ് അവളുടെ അരികത്തിരുന്നു. ചുണ്ടുചലിപ്പിക്കാതെയും മന്ദഹസിക്കാതെയും അവൾ അയാളുടെനേക്കു നോക്കി. ഫിലിപ്

ഏൾപ്പെട്ടുത്തിയിരുന്ന കാവൽഭടൻ, അട്ടത്തുനില്ക്കുന്നുണ്ടു്. എത്ര പേരാണു് അയാളെ കടന്നാക്രമിച്ചതു്? ഒടുവിൽ താന്തോന്നികൾക്കു കീഴ്പ്പെടേണ്ടിവന്നു. അയാൾക്കു മുറിവേററു. തൻെറ യജമാനന്റെ ആഹാരസാധനങ്ങൾ അവസാനനിമിഷംവരെ കാത്തുസൂക്ഷിക്കുന്ന നായയുടെ വിശ്വസ്തതയോടെ അയാൾ പെരുമാറി. മററുള്ളവർ കൈയേറിയപ്പോൾ, കൊള്ളമുതലിൽ തൻെറപങ്കു് അയാൾ കൈവശപ്പെട്ടുത്തി. കിടക്കവിരിപ്പുകളിലൊന്നെട്ടുത്തു തനിക്കായി, ഉടുപ്പുപോലെ എന്തോ ഒന്നു് അയാൾ ഉണ്ടാക്കിയെട്ടുത്തു. ഫിലിപ് നോക്കിയപ്പോൾ അയാൾ ഒരു കഷണം കുതിരമാംസം ചവയ്ക്കുന്നതിൻെറ തിരക്കിലായിരുന്നു. ഇനിയും തനിക്കു കിട്ടാൻപോകുന്ന വിരുന്നിൻെറ ആഹ്ലാദംകലന്ന ആത്തിയും അയാളുടെ മുഖം വിളിച്ചു പറഞ്ഞു.

വാൻഡിയേപ്രഭു, തൻെറ വാർദ്ധക്യത്തിൽ ഒരു കൊച്ചുകുട്ടിയേപ്പോലെ ചപലനായിത്തീർന്നിട്ടുണ്ടു്. കഴിഞ്ഞ കുറച്ചുദിവസങ്ങളായി ആ ചാപല്യം മൂദ്ധന്യത്തിലായിരിക്കുന്നു. തൻെറ ഭാര്യയുടെ സമീപത്തിരുന്നു് അദ്ദേഹം തീക്കുനയിലേക്കു തുറിച്ചുനോക്കി. ചൂടിൻെറ സ്വാധീനത്തിൽ, തൻെറ മയക്കം തട്ടിമാററാൻ ആ വൃദ്ധൻ ശ്രമിച്ചു. അവിടെ നടന്ന സംഘട്ടനവും, വാഹനത്തിൽനിന്നുള്ള കൊള്ളയുംനിമിത്തം ഫിലിപ്പിൻെറ ആഗമനവും മററും അദ്ദേഹം അറിയാത്തതുപോലെ തോന്നി.

ഫിലിപ് ആ യുവപ്രഭ്വിയുടെ കരതലം തൻെറ കരങ്ങളിൽ ചേത്തണച്ചു; സ്നേഹഭാരം പകരാനുള്ള ശ്രമമാണതു്. ദുരിതത്തിൻെറ തീ വിഴുങ്ങുന്ന അവളുടെ ആരോഗ്യത്തകർച്ച തന്നെ എത്രമാത്രം വേദനിപ്പിക്കുന്നുവെന്നറിയിക്കാൻ അയാൾ ആഗ്രഹിച്ചു. പക്ഷേ, ഉരുകിയൊലിക്കുന്ന മഞ്ഞിൻകൂമ്പാരത്തിൽ, അവളുടെയരികത്തിരുന്നപ്പോൾ, അയാൾ ഒന്നും പറഞ്ഞില്ല. അപകടത്തിന്റെ ലോകം വിസ്മൃതിയിലാഴ്ന്നുപോയി. അപ്പോൾ കിട്ടിയ ചൂട്ടു് ആഹ്ലാദത്തിൻെറ പരമകോടിയിലേക്കയാളെ ഉയത്തി. ചപലമായ സംതൃപ്തഭാവം കൊണ്ടു് അയാളുടെ മുഖം വികസിച്ചു. തൻെറ കാവൽക്കാരനു കിട്ടിയ കുതിരമാംസം വെന്തു പാകമാകുന്നതിനു് അയാൾ

അക്ഷമയോടെ കാത്തിരുന്നു. കരിഞ്ഞമാംസത്തിൻെറ മണം വിശപ്പു വർദ്ധിപ്പിക്കുകയാണു്. വിശപ്പിൻെറ ആവലാതി അയാളുടെ ഹൃദയത്തേയും ധീരതയേയും പ്രേമത്തേയും നിശ്ശബ്ദമാക്കി. ആ പൊളിഞ്ഞ വണ്ടിയിലേക്കു് അയാൾ നോക്കി; തീക്കുനയ്ക്കു ചുററും കൂടിയിരുന്നവർക്കെല്ലാം കൊള്ളയുടെ പങ്കു ലഭിച്ചിരുന്നു—കമ്പിളി, ഉടുപ്പു്, തലയിണകൾ, മററുവസ്തുങ്ങൾ ഇവയുടെയെല്ലാം പങ്കു്. എന്തെങ്കിലും ഉപയോഗപ്രദമായ സാധനം വണ്ടിയിൽ ശേഷിച്ചിട്ടുണ്ടോ എന്നു ഫിലിപ്പ് പരിശോധിച്ചു. ഉവ്വു്, തീനാളങ്ങളുടെ വെളിച്ചത്തിൽ, സ്വർണ്ണവും വജ്രങ്ങളും വെള്ളിയും ചിതറിക്കിടക്കുന്നതു കാണാം. അതിലൊരു തരിയെങ്കിലും കൈവശപ്പെടുത്താൻ ഒരുവനും തുനിഞ്ഞില്ല.

അഭയാർത്ഥിപ്പറ്റത്തിൻെറ കനത്ത നിശ്ശബ്ദതയിൽ ഭീഷണമായ എന്തോ ഒന്നു ചൂഴ്ന്നു നില്ക്കുന്നതുപോലെ തോന്നി. ആരും ചലിക്കുന്നതുപോലുമില്ല. തങ്ങൾക്കുമാത്രം സുഖപ്രദമായ സൗകര്യങ്ങളൊരുക്കുന്നതിൽ ഓരോരുത്തരും ശ്രദ്ധിച്ചിരുന്നു.

എന്തൊരു ബീഭത്സമായ ദൃശ്യരംഗമായിരുന്നു അതു്? മരവിച്ചു വിലക്ഷണമായ മനുഷ്യമുഖങ്ങൾ; കണ്ണിൽനിന്നതിന്നു നീർച്ചാലുകൾ തളംകെട്ടി, പൊയ്മുഖത്തിൻെറ കനമുണ്ടാക്കിത്തീർത്തു. നീണ്ടുവളൎന്നു് മലിനങ്ങളായ താടിരോമങ്ങൾ വൈകൃതത്തിനു് കൂട്ടുനിന്നു. ചിലർക്കു പുതപ്പായുള്ളതു് സ്ത്രീകളുടെ ഉത്തരീയങ്ങളാണു്; ചിലർക്കു് കുതിരപ്പുറത്തിടുന്ന വിരിപ്പുകൾ; വെളുത്ത ഉറമഞ്ഞുരുകിയൊലിക്കുന്ന വൃത്തികെട്ട പുതപ്പുകളാണു് മററു ചിലർക്കു്. ഒരു കാലിൽ ബൂട്ടും മറുകാലിൽ ഷൂവും ധരിച്ച വിചിത്ര വേഷധാരികളുണ്ടു്. ഓരോരുത്തർക്കും എന്തെങ്കിലും കൗതുകം ജനിപ്പിക്കുന്ന വസ്ത്രധാരണമാണുള്ളതു്.

നിശ്ശബ്ദതയെ ഭഞ്ജിച്ചിരുന്നതു് തടിക്കഷണങ്ങൾ മുറിച്ചുകീറുന്ന ശബ്ദവും, തീനാളങ്ങളുടെ ഇരപ്പും, പട്ടാളക്യാമ്പിലെ ഹുങ്കാരവും, കുതിരകളുടെ ശവം അറയുന്ന വാളുകളുടെ ചീററലുമാണു്. വിശപ്പുകൊണ്ടു് ഏററവും പൊറുതിമുട്ടിയവർ മാംസത്തിൻെറ ചെറുതുണ്ടങ്ങൾ കഷണിച്ചു തിന്നു

ക്ഷീണംകൊണ്ടു തളൎന്ന ജീവികൾ ക്ഷണം വലിച്ചുറങ്ങി. ഉറക്കത്തിൽ ആരെങ്കിലും തീക്കുനയിലേക്കു് ഉരുളുന്നെങ്കിൽ ആരും അവരെ വിലക്കുമായിരുന്നില്ല. അവൻ മരിക്കുന്നില്ലെന്നിരിക്കട്ടെ, ശരിക്കുള്ള പൊള്ളലേല്ക്കുന്നതുകൊണ്ടു് സൗകൎയ്യപ്രദമായ മറെറാരു സ്ഥലം തേടിക്കൊള്ളുമല്ലൊ; ഉണൎന്നുനോക്കുമ്പോൾ തീക്കുനക്കുള്ളിലാണു താനെന്നു് ഒരുവനു ബോദ്ധ്യപ്പെട്ടന്നെങ്കിൽ അയാൾക്കു മുറക്കു് തീയേററു ദഹിക്കാൻ കഴിയുന്നു. ആൎക്കും അനുശോചനങ്ങളില്ല.

കുതിരമാംസം തീക്കുനയിൽ വെന്തുപൊരിഞ്ഞു. കത്തുന്ന വിശപ്പിന്റെ ആൎത്തിയോടെ ആളുകൾ അതെടുത്തു വിഴുങ്ങാൻ തുടങ്ങി. വന്യമൃഗങ്ങളിൽപ്പോലും അപഹാസ്യമായി തോന്നുന്ന അത്യാൎത്തിയായിരുന്നു അതു്.

''ഹാ! നമ്മുടെ ജീവിതത്തിലാദ്യമായി, മുപ്പതു പട്ടാളക്കാർ ഒററക്കുതിരയെക്കൊണ്ടു കഴിച്ചുകൂട്ടുന്നതു നാം കണ്ടു.'' കുതിരയെ വെടിവെച്ചുകൊന്ന ഗ്രനേഡിയർ ആക്രോശിച്ചു. ഫലിതത്തിനുള്ള ഫ്രഞ്ചുകാരൻെറ പ്രശസ്തിയെ നിലനിൎത്തുന്ന ഒരേ ഒരു നേരമ്പോക്കേ അവിടെ ആകെ പറയപ്പെട്ടുള്ളു.

അധികം കഴിഞ്ഞില്ല, ഉള്ള വസ്തുഖണ്ഡങ്ങളിൽ കൂടിപ്പിണഞ്ഞു് തണുത്തുറഞ്ഞ ഹിമപ്പരപ്പിൽ, തടിപ്പലകകളിന്മേൽ കിടന്നു് ആ ജീവികൾ ഉറക്കം തുടങ്ങി. ഭാവി അവൎക്കൊരു പ്രശ്നമല്ല. മേജർ ഫിലിപ്, കണ്ണിൽ കനംതൂങ്ങിനില്ക്കുന്ന ഉറക്കത്തെ നുള്ളിയെറിയാൻ ശ്രമിച്ചുകൊണ്ടിരുന്നു. തീനാളത്തിനഭിമുഖമായിരുന്നു് ഗാഢനിദ്രയിലാഴ്ന്നുപോയ ആ യുവതിയെ അയാൾ നിൎന്നിമേഷം നോക്കി. നെററിത്തടത്തിൻെറ പാൎശ്വങ്ങളും കൺപീലികളും വ്യക്തമായി അയാൾക്കു കാണാം. ഒരു രോമക്കുപ്പായമാണു് അവൾ ധരിച്ചിച്ചിരിക്കുന്നതു്; ഒരു കുതിരക്കാരൻെറ മേലങ്കി അതിനു പുറമേയുണ്ടു്. ചോരച്ചാറുതെറിച്ച ഒരു കുഷ്യനിൽ അവൾ തല ചായ്ച്ചിരിക്കുന്നു. തലയിൽ രോമാവൃതമായ തൊപ്പിയുണ്ടു്. അതിനെ ഉറപ്പിച്ചുകെട്ടുന്ന തൂവാലയുടെ കുരുക്കു്, താടിയെല്ലുകൾക്കു കീഴെ കാണാം. കണങ്കാലുകൾപോലും പുതപ്പിനുള്ളിൽ ഒതുക്കിപ്പിടിച്ചിരിക്കയാണവൾ. വളഞ്ഞുകൂടിയിരി

ക്കുന്ന ആ സ്ത്രീരൂപം ഈ നിലയിൽ ഒരു ജീവിയേയും അനുസ്മ രിപ്പിക്കുന്നില്ല.

അവൾ കമിതാവിൻെറ ഹൃദയാഭിമാനമായിരുന്നു; പാരീസിലെ എത്രയോ ബാൾറൂംഡാൻസ് ഹാളുകളിലെ 'റാണി യായിരുന്നു; ആ സൗന്ദര്യസർവ്വസ്വമാണോ, ഈ പെൺകുട്ടി? അവരുടെ, എത്രയും ആത്മാർത്ഥതയുള്ള എന്നേപ്പോലൊരു ആത്മാർത്ഥസുഹൃത്തിനുപോലും ആ വസ്ത്രത്തുണ്ടങ്ങൾക്കുള്ളിൽ സ്ത്രീത്വത്തിൻെറ നിഴൽ കണ്ടെത്താൻ കഴിയുകയില്ല. സ്ത്രീഹൃദയത്തിലെ മസൃണവികാരങ്ങളേക്കാൾ, തണുപ്പ് അതിശക്തവുമായിരുന്നു, അപ്പോൾ.

നിദ്രയുടെ അസഹ്യമായ ആക്രമണം ഫിലിപ്പിൻെറ കണ്ണുകളെ തളർത്തി. ഉറക്കത്തിൻെറ പാട കണ്ണുകളെ മൂടിക്കളയുന്നു: വാൻഡിയേപ്രഭുവും ഭാര്യയും വിദൂരതയിലുള്ള രണ്ടു പൊട്ടുകൾപോലെ അനുഭവപ്പെട്ടു. ഒരു സ്വപ്നത്തിന്റെ അംശങ്ങളാണെല്ലാം—തുള്ളിച്ചാടുന്ന തീനാളങ്ങൾ; അലസമായി തളർന്നുറങ്ങുന്ന മനുഷ്യക്കോലങ്ങൾ; തീക്കുനയ്ക്കു മൂന്നു കാലടികൾക്കപ്പുറം ഉഗ്രമായ ശീതം കാത്തുനിൽക്കയാണ്. 'ഞാനുറങ്ങുകയാണെങ്കിൽ, എല്ലാവരും തുലയും; ഞാനുറങ്ങുന്നില്ല.' അയാൾ സ്വയം പറഞ്ഞു.

എങ്കിലും ഫിലിപ് ഉറങ്ങി. ഒരു മണിക്കൂർ കഴിഞ്ഞു ബീഭത്സമായ ഒരലർച്ചയും, ഒരു പൊട്ടിത്തെറിക്കലിൻെറ ശബ്ദവും കേട്ട് അയാൾ ഉണർന്നു: കർത്തവ്യത്തെപ്പററിയുള്ള ബോധം—തൻെറ ഹൃദയറാണിക്കു സംഭവിച്ചേക്കാവുന്ന അപകടം—അയാളെ ഞെട്ടിത്തെറിപ്പിച്ചു. ഒരു വന്യമൃഗത്തേപ്പോലെ അയാൾ നിലവിളിച്ചു. മേജർ ഫിലിപ്പും കാവൽഭടനും മററുള്ളവരുടെ മുമ്പിലേക്കു വന്നുനിന്നു. കൂരിരുട്ടിൽ, ഒരഗ്നിക്കടൽ കത്തിജ്വലിച്ചൊഴുകുന്നതു കാണാം. അതിനഭിമുഖമായി ഒരു മനുഷ്യപ്പററം നീങ്ങിക്കൊണ്ടിരിക്കുന്നു. കുടിലുകളും കൂടാരങ്ങളും തീക്കടലിൽ വെന്തുമറിയുന്നു. നൈരാശ്യമാണ്ട ക്രൂരങ്ങളായ മനുഷ്യമുഖങ്ങൾ ആയിരക്കണക്കിനൊഴുകുന്നു. ഈ നരകത്തിലൂടെയാണ്, ശവശരീരങ്ങളുടെ ഇരുവശത്തുമുള്ള അണികളെ ഭേദിച്ചു പട്ടാളം പാലത്തിലേയ്ക്കു വഴിയൊരുക്കുന്നതു്.

“നമ്മുടെ പിൻകാവൽപ്പട മടക്കയാത്രയാരംഭിച്ചുകഴിഞ്ഞു.” ഫിലിപ് ഉറക്കെയലറി. “ഇനി ഒരാശയും ശേഷിച്ചിട്ടില്ല.”

“ഞാൻ നിങ്ങളുടെ വാഹനം സംരക്ഷിച്ചിട്ടുണ്ട്, ഫിലിപ്.” സൗഹൃദപൂർണ്ണമായ ഒരു സ്വരം.

ഫിലിപ് തിരിഞ്ഞുനോക്കി. തീനാളങ്ങളുടെ പ്രകാശത്തിൽ അയാൾ എ. ഡി. സി.യെ കണ്ടു. “ഓ, നമ്മെ സംബന്ധിച്ചിടത്തോളം എല്ലാം അവസാനിച്ചിരിക്കുന്നു. അവരെന്റെ കുതിരയെ തിന്നു. പിന്നെ, ഞാനെങ്ങനെയാണ്, ഈ ഉറക്കംതൂങ്ങുന്ന ജനറലിനേയും ഭാര്യയേയും, ഒരടി മുന്നോട്ടുവയ്ക്കാൻ പ്രേരിപ്പിക്കുക?” ഫിലിപ് പൂർണ്ണമായും നിരാശനായിക്കഴിഞ്ഞിരുന്നു.

“ഒരു തീക്കൊള്ളിയെടുക്കു ഫിലിപ്. അവരെ ഭയപ്പെടുത്താം.”

“അവളെ ഭയപ്പെടുത്തുകയോ?...”

“ഗുഡ്ബൈ,” എ. ഡി. സി. പറഞ്ഞു, “എനിക്ക് ഈ മുടിഞ്ഞ ബെർസീനാ കടക്കാനുള്ള സമയമേ കഷ്ടിച്ചുള്ളു. എനിക്കു പോകണം. എനിക്കു ഫ്രാൻസിൽ, എന്നെക്കാത്തിരിക്കുന്ന എന്റെ അമ്മയുണ്ട്!...എന്തൊരു രാത്രി! ഈ നശിച്ചവക ഈ മഞ്ഞിലെങ്ങാൻ കിടന്നു തുലയുകയാണു ഭേദം. ഉണർത്തുക അസാദ്ധ്യമാണ്. മിക്കവാറും എണ്ണും ജീവനോടെ കത്തിയെരിയും. ഫിലിപ്, ഇപ്പോൾ നാലുമണിയായിട്ടുണ്ട്. രണ്ടു മണിക്കൂറിനുള്ളിൽ റഷ്യാക്കാർ യാത്രയാരംഭിക്കും. ഞാനുറപ്പിച്ചു പറയാം, ബെർസീനാ രണ്ടാമതൊരുപ്രാവശ്യംകൂടി ശവശരീരങ്ങളെക്കൊണ്ടു നിറയുന്നതു നിങ്ങൾക്കു കാണാൻ സാധിക്കും. നിങ്ങൾക്കു കുതിരയില്ല; പ്രഭ്വിയെ ചുമന്നുകൊണ്ടു പോകാനോ നിങ്ങൾക്കു സാദ്ധ്യമല്ല; അതുകൊണ്ട് എന്റെകൂടെ വരിക.” കൂട്ടുകാരന്റെ കരം ഗ്രഹിച്ചുകൊണ്ട് എ. ഡി. സി പുറപ്പെടാനൊരുങ്ങി.

“എന്റെ പ്രിയപ്പെട്ട സ്നേഹിതാ, ഞാനെങ്ങനെ എന്റെ സ്റ്റിഫാനേയെ വിട്ടുപിരിയും?” ഫിലിപ് പ്രഭ്വിയെ പിടിച്ചുപൊക്കിക്കൊണ്ട്, വീണ്ടും വീണ്ടും ബലമായി

കുലുക്കി. മ്ലാനമായ കണ്ണുകളോടെ അവൾ അയാളെ നോക്കുക മാത്രം ചെയ്തു.

"സ്റ്റിഫാനേ, നമുക്കു പോകണം, അല്ലെങ്കിൽ നാമിവിടെക്കിടന്നു മരിക്കും."

അവളുടെ പ്രത്യുത്തരം ശ്ശുങ്ങിപ്പിടിച്ചു നിലത്തുവീണുറങ്ങാനുള്ള ഒരുക്കമായിരുന്നു. എ. ഡി. സി തീക്കുനയിൽനിന്നു് ഒരു കൊള്ളിയെടുത്തുകൊണ്ടുവന്നു് അവളുടെ മുഖത്തോടടുപ്പിച്ചു് അങ്ങോട്ടുമിങ്ങോട്ടും ഇളക്കി.

"അവൾ ഒരുമ്പെട്ടില്ലെങ്കിൽക്കൂടി, നാമവളെ രക്ഷിക്കണം." ഫിലിപ് ദീനനായി പറഞ്ഞുകൊണ്ടു് അവളെ കൈകളിലെടുത്തു്, വണ്ടിയുടെ അടുത്തേക്കു നടന്നു. തിരികെവന്നു്, കൂട്ടുകാരൻെറ സഹായത്തോടെ, കിഴവനായ ജനറലിനേയും എടുത്തു ഭാര്യസ്സരികെ ഇരുത്തി. തനിക്കു ജീവനുണ്ടോ, അല്ല മരിച്ചോ എന്നു് ആ കിഴവനു നിശ്ചയമുണ്ടായിരുന്നില്ല. നിലം പററിക്കിടക്കുന്ന മനുഷ്യക്കോലങ്ങളെ ഉരുട്ടിനീക്കിയിട്ടു്, ഫിലിപ് അവർ കൊള്ളചെയ്ത വസ്ത്രങ്ങൾ തിരികെയെടുത്തു. ജനറലിൻേറയും ഭാര്യയുടേയും മുകളിൽ അതു കൂട്ടിയിട്ടു; പൊരിച്ച മാംസത്തിൻെറ കുറെ ഭാഗം വാഹനത്തിൻെറ ഒരു കോണിലേക്കു് എടുത്തെറിഞ്ഞു. യാത്രയ്ക്കുള്ള ഒരുക്കം പൂർത്തിയായി.

"ഇനി നിങ്ങളെന്താണുദ്ദേശിക്കുന്നതു്?" എ. ഡി. സി. ചോദിച്ചു.

"അവരെ വലിച്ചുകൊണ്ടു പോകുക."

"നിങ്ങൾക്കു ഭ്രാന്താണു്."

"നിങ്ങൾ പറഞ്ഞതു ശരിയാണു്." നെഞ്ചിൽ കൈകെട്ടിക്കൊണ്ടു ഫിലിപ് ഉറക്കെ പറഞ്ഞു.

പെട്ടെന്നു വളരെ സാഹസികമായ ഒരു രക്ഷാമാർഗ്ഗം ഫിലിപ്പിൻെറ ഉള്ളിൽ തട്ടി.

"നോക്കൂ," മുറിവേല്ക്കാത്ത കൈകൊണ്ടു കാവൽഭടനെ തട്ടിക്കൊണ്ടു് ഫിലിപ് പറഞ്ഞു: "ഒരു മണിക്കൂർനേരത്തേയ്ക്കു് അവളെ ഞാൻ നിങ്ങളുടെ ചുമതലയിൽ ഏല്പിക്കുന്നു. ആരെങ്കിലും വണ്ടിയുടെ അടുത്തേയ്ക്കു വരുന്നുവെങ്കിൽ—ആരുതന്നേയുമായിക്കൊള്ളട്ടെ—അയാളെ നിങ്ങൾ ജീവനുപേ

ക്ഷിച്ചും ഇവിടെനിന്നു് അകററിക്കൊള്ളണം. കരുതിയിരിക്കുക.''

ഫിലിപ്, പ്രഭ്വിയുടേതായുണ്ടായിരുന്ന വജ്രങ്ങളിൽനിന്നു് ഒരു കൈ നിറയെ വാരി; തൻെറ വാളൂരി, ഉറങ്ങിക്കിടക്കുന്നവരിലെ, പ്രബലന്മാരെന്നു തോന്നിയവരെ വെട്ടിനുറുക്കി. ഈ ശബ്ദകോലാഹലത്തിൽ രാക്ഷസപ്രകൃതിയുള്ള ഗ്രനേഡിയറും രണ്ടു പട്ടാളക്കാരുമുണന്നു. പട്ടാളത്തിൽ അവക്കുള്ള ഔദ്യോഗികസ്ഥാനം തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല.

''എല്ലാവരും നമ്മോടുകൂടി ഉണന്നിരിക്കുന്നു.'' ഫിലിപ് ആക്രോശിച്ചു.

''തീർച്ചയായും,'' ഗ്രനേഡിയർ ഉടനെ പറഞ്ഞു, ''പക്ഷേ, അതെല്ലാംകൂടി എനിക്കൊരാൾ മാത്രമാണു്.''

''ശരിതന്നെ. നിങ്ങൾക്കു വേണമെങ്കിൽ മരിക്കാം. പക്ഷേ, ഒരു സുന്ദരിക്കുവേണ്ടി ജീവനെ വില്ക്കുന്നതല്ലേ കൂടുതൽ നല്ലതു്? അങ്ങനെ ഫ്രാൻസിലേക്കു തിരിച്ചുപോകാൻ ഒരു സന്ദർഭം കിട്ടുന്നെങ്കിൽ...?''

''എനിക്കു പോയിക്കിടന്നുറങ്ങണം.'' മഞ്ഞിലേക്കു തളന്നുവീണുകൊണ്ടു് അവരിലൊരാൾ പറഞ്ഞു: ''മേജർ, നിങ്ങളെന്നെ ഇനിയും ഉപദ്രവിക്കുന്നപക്ഷം, അപ്പം പൊരിക്കുന്ന ചട്ടുകം, ഞാൻ നിങ്ങളുടെ വയററിൽ കുത്തിയിറക്കും.''

''ഈ പൊല്ലാപ്പൊക്കെയെന്തിനാണു സാർ?'' ഗ്രനേഡിയർ ഫിലിപ്പിനോടു ചോദിച്ചു: ''അയാൾ കുടിച്ചിട്ടുണ്ടു്. അയാൾ പാരീസുകാരനാണു്. അതുകൊണ്ടു സുഖഭോഗത്തിൻെറ മടിത്തട്ടിൽ വീണുറങ്ങുകയാണു് അയാൾക്കിഷ്ടം.''

''നല്ലവനായ മനുഷ്യാ, നിങ്ങളിതെടുത്തോളൂ.'' മേജർ ഒരു ഡയമണ്ട്ചെയിൻ, കാട്ടിക്കൊണ്ടു ഗ്രനേഡിയറോടു പറഞ്ഞു: ''നിങ്ങളെന്നെ പന്തുടരുകയും ഒരു ഭ്രാന്തനെപ്പോലെ പോരാടുകയും ചെയ്യുമോ? റഷ്യാക്കാർ പത്തു മിനിട്ടിൻെറ പോലുമകലത്തിലല്ല. അവക്കു കുതിരകളുണ്ടു്. നമുക്കു് ഏററവുമടുത്തുള്ള പീരങ്കിപ്പാളയത്തിലേക്കു നടക്കാം. കൊള്ളാവുന്ന രണ്ടെണ്ണത്തിനെ കൊണ്ടുപോരികയും ചെയ്യാം.''

''മേജർ, കാവൽപ്പട്ടാളക്കാരുടെ കാര്യം?''

''നമ്മിൽ മൂവരിലൊരാൾ—''മേജർ ഫിലിപ് മുഖംതിരിച്ച് എ. ഡി. സി.യുടെ നേക്ക ചോദിച്ചു: ''നിങ്ങൾ വരുന്നുണ്ട്, ഇല്ലേ?'' വീണ്ടും ഫിലിപ് തുടന്നു: ''നമ്മിലൊരാൾ കാവൽപ്പട്ടാളത്തിൻെറ കാര്യം നോക്കണം. മാത്രമല്ല, ഈ ഭാഗ്യവാന്മാരായ റഷ്യാക്കാർ നല്ല ഉറക്കമാണെന്നും വരാം.''

''ശരിതന്നെ മേജർ; നിങ്ങൾ നല്ലതരക്കാരനാണ്. എന്നെക്കൂടി നിങ്ങളുടെ വണ്ടിയിൽ കൊണ്ടുപോകുമോ?'' ഗ്രനേഡിയർ ചോദിച്ചു.

''പോകാം—നിങ്ങൾ അവിടെ നിങ്ങളുടെ എല്ലുകൾ ഉപേക്ഷിക്കാത്തപക്ഷം. ഒരു കാര്യംകൂടി, നിങ്ങൾ രണ്ടുപേരും എന്നോടു പ്രതിജ്ഞചെയ്യുക—എനിക്കെന്തെങ്കിലും ആപത്തു പിണയുന്നപക്ഷം, നിങ്ങൾ നിങ്ങളുടെ എല്ലാ കഴിവുകളും ഈ പ്രഭ്വിയെ രക്ഷിക്കാനുപയോഗിക്കുമെന്ന്.''

''അങ്ങനെതന്നെ,'' ഗ്രാനേഡിയർ പറഞ്ഞു.

അവർ റഷ്യൻനിരയിലേക്കു പുറപ്പെട്ടു—മരണപ്രായരായ മനുഷ്യക്കോലങ്ങളെ തുരത്തിയോടിച്ച പീരങ്കിപ്പാളയത്തിൻെറ നേക്ക്.

രണ്ടുമിനിട്ടിനുള്ളിൽ, ഓടിയെത്തുന്ന രണ്ടു കുതിരകളുടെ കുളമ്പടിശബ്ദം, ഹിമപ്പരപ്പിൽ മുഴങ്ങിക്കേൾക്കായി. പെട്ടെന്നു പീരങ്കികളിൽനിന്ന് ഒരുനിര വെടിയുണ്ട, ആ ശബ്ദത്തെ ലക്ഷ്യംവെച്ചു ചീറിപ്പാഞ്ഞു. ഉറങ്ങിക്കിടക്കുന്നവരുടെ തലയ്ക്കുമീതെ അവ കടന്നുപോയി. എ. ഡി. സി. വെടിയേററു വീണു. ദൃഢശരീരനായ ഗ്രനേഡിയർ ഒരു പരുക്കുംകൂടാതെ രക്ഷപെട്ടു. തൻെറ കൂട്ടുകാരനെ രക്ഷപെടുത്താനുള്ള ശ്രമത്തിനിടയിൽ ഫിലിപ്പിനു തോളിൽ വെടിയുണ്ടയേററു. അയാളതു ഗൗനിച്ചില്ല. കുതിരയുടെ കുഞ്ചിരോമത്തിൽ പിടിച്ചുവലിച്ച്, കാൽമുട്ടുകളാൽ കൊടിലുകൊണ്ടെന്നപോലെ അമർത്തി, അതിനെ ബലമായി പിടിച്ചുനിർത്തി.

തിരിച്ചുവന്നപ്പോൾ, വണ്ടി താൻ വിട്ടിട്ടുപോയ അതേ സ്ഥാനത്തു തന്നെയുണ്ട്; പട്ടാളക്കാരൻ കർത്തവ്യബോധത്തോടെ അവിടെ ഉറച്ചുനിൽക്കുന്നു. ''ദൈവം വാഴ്ത്തപ്പെടട്ടേ!'' സംതൃപ്തനായി ഫിലിപ് ഉൽഘോഷിച്ചു.

''അങ്ങെന്നോടു നീതി പ്രവർത്തിക്കാനാവശ്യപ്പെടുന്ന

പക്ഷം ഞാനിതിനുള്ള കുരിശു കരസ്ഥമാക്കുകതന്നെ ചെയ്യും. അവർ തോക്കുകൊണ്ടു കളിച്ചു. നാം വാളുകൊണ്ടു മറുപടി കൊടുത്തു, അല്ലേ?'' പട്ടാളക്കാരൻ ചോദിച്ചു.

''നാമിതുവരെ ഒന്നും ചെയ്യേണ്ടുന്ന പറഞ്ഞുകൂടല്ലോ. നമുക്കു കുതിരകളെ അകത്തുകയററി നിർത്താം. ഈ കയറുകൾ പിടിച്ചോളൂ.''

''അവയ്ക്കു വേണ്ടത്ര നീളമില്ല.''

''ശരി, ഗ്രനേഡിയർ—നിങ്ങളോടിപ്പോയി ആ ഉറങ്ങിക്കിടക്കുന്ന ജന്തുക്കളെ തുരത്തുക. അവരുടെ ഉത്തരീയങ്ങൾ, പുതപ്പുകൾ—എല്ലാം എടുത്തോളൂ.''

''എനിക്കു തോന്നുന്നു, ഈ തെമ്മാടി മരിച്ചെന്നു്.'' തന്റെ കൈയിൽ കിട്ടിയ ഒന്നാമത്തെ ആളെ കൊള്ളചെയ്തു കൊണ്ടു് ഗ്രനേഡിയർ വിളിച്ചുകൂവി, ''ങേ, എന്തു്? അവരെല്ലാംതന്നെ മരിച്ചു! എന്തൊരത്ഭുതം!''

''എല്ലാവരും?''

''അതേ, എല്ലാവരും. കുതിരമാംസം ദഹനക്കേടുണ്ടാക്കിയെന്നു തോന്നുന്നു.''

അതുകേട്ടു ഫിലിപ്പ് ഞെട്ടി. രാത്രി മുമ്പിലത്തേതിലും ഇരട്ടി ശൈത്യമുള്ളതായിത്തീർന്നിരുന്നു.

''മഹാനായ ദൈവമേ! എത്രയോതവണ ഞാനവളുടെ ജീവനെ രക്ഷിച്ചു! ഇനിയും അതു വീണ്ടെടുത്തുകഴിയുമ്പോൾ അവൾ നഷ്ടപ്പെട്ടുന്നുവെന്നുവന്നാൽ...''

''സ്റ്റിഫാനേ! സ്റ്റിഫാനേ!'' അയാൾ അവളെ കുലുക്കി വിളിച്ചു.

അവൾ കണ്ണുകൾ തുറന്നു.

''മാഡം, നാം രക്ഷപെട്ടിരിക്കുന്നു!''

''രക്ഷപെട്ടു?''അവളിൽനിന്നൊരു പ്രതിധ്വനി. വീണ്ടും അവൾ പിന്നോക്കം തളർന്നുവീണു.

അവസാനം ഒരുവിധത്തിൽ കുതിരകളെ വണ്ടിക്കു പൂട്ടി, മേജർ മുറിവേൽക്കാത്ത കൈയിൽ വാളും മറുകൈയിൽ കടിഞ്ഞാണുമെടുത്തു. ഒരു കുതിരപ്പുറത്തു ഫിലിപ്പും മറേറക്കുതിരയിൽ ഗ്രനേഡിയറും കയറി; കാവൽഭടനെ വണ്ടിക്കകത്തേക്കു തള്ളി. അയാൾ ജനറലിൻേറയും പ്രഭ്വിയുടേയും കാൽമുട്ടു

കൾക്കു കീഴെ, ചുരുകെക്കിടന്നു. അയാളുടെ കാലുകൾ മരവിച്ചുപോയിരുന്നു. കുതിരകൾ, വാൾപ്പലകകൊണ്ടുള്ള അടികളേററു ഭ്രാന്തമായ കുതിച്ചോട്ടത്തോടെ, സമതലപ്രദേശത്തേക്കു വണ്ടി വലിച്ചുകൊണ്ടുപോയി. അവിടെയെത്തിയപ്പോൾ അവസാനമില്ലാത്ത ദുരിതങ്ങളാണു വന്നുചേർന്നതു്. ഇടതൂർന്നു പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും കിടന്നുറങ്ങുകയാണു്. ഓരോ കുതിപ്പിലും അവരെ ചവുട്ടിഞെരിക്കാതെ മുന്നോട്ടു നീങ്ങുക അസാദ്ധ്യമാണു്. അവരെ ഉണർത്താനുള്ള ഗ്രനേഡിയറുടെ ശ്രമങ്ങൾ പരാജയപ്പെട്ടു. പിൻകാവൽപ്പട വെട്ടിയുണ്ടാക്കിയിരുന്ന വഴിച്ചാലിന്നുവേണ്ടി ഫിലിപ് ആരാഞ്ഞു. ഒരു കപ്പൽ സഞ്ചരിച്ച ജലമാർഗ്ഗംപോലെയായിരുന്നു അതു്. കുതിരകൾക്കു നീങ്ങാൻ കഴിഞ്ഞതു് ഒരടിവീതമാണു്. കൂടെക്കൂടെ പട്ടാളക്കാർ അവരെ തടഞ്ഞുനിർത്തി വധിക്കുമെന്നു ഭീഷണിപ്പെടുത്തി.

"അങ്ങോട്ടു കടന്നുപോകാമെന്നാണോ ഉദ്ദേശിക്കുന്നതു്?" ഗ്രനേഡിയർ ചോദിച്ചു.

"അതേ, എന്റെ ശരീരത്തിലെ അവസാനത്തുള്ളി രക്തം പണയപ്പെട്ടുത്തിയും! ഈ ലോകംതന്നെ മുടിഞ്ഞുപോയാലും വേണ്ടില്ല." മേജർ ദൃഢനിശ്ചയത്തോടെ പറഞ്ഞു.

"ശരി, എന്നാൽ മുന്നോട്ടുതന്നെ. മുട്ടപൊട്ടിക്കാതെ ഓമ്ലെററുണ്ടാക്കുക സാദ്ധ്യമല്ലല്ലോ." ഗ്രനേഡിയർ കുതിരകളെ നിലംപററിക്കിടക്കുന്ന ശരീരങ്ങളിലൂടെ പായിച്ചു. വെളിസ്ഥലങ്ങളിലുള്ള കാവൽപ്പട അമ്പരന്നുപോയി. രക്തച്ചോണിഞ്ഞ വണ്ടിച്ചക്രങ്ങൾ, മനുഷ്യമുഖങ്ങളുടെ വയൽഭൂമിയിലൂടെ, മരിച്ചവരെക്കൊണ്ടുള്ള രണ്ടുഴവുചാലുകൾ നിർമ്മിച്ചുകൊണ്ടു ചീറിപ്പായുകയാണു്. ഇടിമുഴക്കംപോലെ ഗ്രനേഡിയർ, മുന്നറിയിപ്പായി പലതും അലറിക്കൊണ്ടിരുന്നു. കഴിയുന്നത്ര നീതി, അങ്ങനെ അയാൾ കാണിച്ചു.

"പാവപ്പെട്ട ജീവികൾ!" ഫിലിപ് പറഞ്ഞു.

"ഹായ്—ഇനി ആ വഴിക്കു്, അല്ലെങ്കിൽ കൊട്ടംതണുപ്പു്, അല്ലെങ്കിൽ പീരങ്കി." വാളിൻെറ അഗ്രംകൊണ്ടു കുതിരകളെ കുത്തി ചാടിച്ചുകൊണ്ടു് ഗ്രനേഡിയർ പറഞ്ഞു.

അപ്പോളാണു് അപകടം സംഭവിച്ചതു്. വണ്ടി ഒന്നു ചരിഞ്ഞു; മുന്നോട്ടുള്ള നീക്കം പെട്ടെന്നു നിലച്ചു.

"ഞാൻ അത്രയും പ്രതീക്ഷിച്ചു." അക്ഷോഭ്യനായ ഗ്രനേഡിയർ പറഞ്ഞു. തന്റെ കൂട്ടുകാരനെ നോക്കിക്കൊണ്ടു് ഗ്രനേഡിയർ വിലപിച്ചു: "ഓ! അയാൾ മരിച്ചു."

"പാവം, ലാറന്റ്!" മേജർ ഫിലിപ് അനുശോചിച്ചു.

"ലാറൻറ്, അയാൾ അഞ്ചാം കാലാൾപ്പടയിലായിരുന്നല്ലോ."

"അതേ."

"എൻെറ സ്വന്തം ആളാണു്. ആകെക്കൂടിയുള്ള സ്ഥിതി ഇങ്ങനെയൊക്കെ ഇരിക്കുമ്പോൾ നാമെന്തിനാണു് അനുശോചിക്കുന്നതു്? ഈ ക്രൂരമായ ജീവിതം അത്ര ഹ്ലാദകരമല്ലല്ലോ."

വണ്ടി ചരിഞ്ഞുകിടക്കുകയാണു്. കുതിരകളെ കെട്ടഴിച്ചു മാററാൻ വളരെ സമയമെടുത്തു. വണ്ടിക്കു് ഏററ കുലുക്കം ശക്തമായിരുന്നതുകൊണ്ടു് സ്റ്റിഫാനേപ്രഭ്വി ഞെട്ടിയുണർന്നു. തുടർന്നു് അവളിലുളവായ ക്ഷോഭം ആലസ്യം അകററിക്കളഞ്ഞു. കമ്പിളിപ്പുതപ്പു തള്ളിനീക്കിക്കൊണ്ടു് അവൾ ചോദിച്ചു: "ഫിലിപ്! നാമെവിടെയാണു്?" ഗാനാത്മകമായ സ്വരവിശേഷമായിരുന്നു അതു്.

"പാലത്തിൽനിന്നു് ഒരഞ്ഞൂറടി അകലെ. നാം ബെർസീനാ കടക്കാറായിരിക്കുന്നു. സ്റ്റിഫാനേ, മറുകരയെത്തിയാൽ ഞാൻ നിന്നെ ഒരുനിമിഷം ഉപദ്രവിക്കയില്ല. നിന്നെ ഉറങ്ങാനനുവദിക്കാം. നാം സുരക്ഷിതരാവും. നിൻെറ ജീവനു് എന്തു വിലയായി എന്നു് ദൈവമഹത്വത്താൽ നീ അറിയാതിരിക്കട്ടെ!"

"നിങ്ങൾക്കു വെടിയേററു!"

"ഓ! ഒരു നിസ്സാരസംഭവം."

അവസാനവിധിയുടെ സമയമായി. പുലരിയുടെ പിറവിയറിയിച്ചതു റഷ്യൻ പീരങ്കികളാണു്. റഷ്യാക്കാർ സ്റ്റഡ്സിയാങ്കാ കൈവശപ്പെടുത്തിയിരുന്നു. അവർ മുറസ്സു താഴ്വാരത്തിലേക്കു വെടിയുണ്ട വർഷിക്കുകയാണു്. പ്രഭാതത്തിലെ മങ്ങിയ പ്രകാശത്തിലൂടെ, രണ്ടു പട്ടാളനിരകൾ നീങ്ങുന്നതും

മലമുകളിൽ താവളമുറപ്പിക്കുന്നതും മേജർ കണ്ടു. ജനക്കൂട്ടത്തിൽനിന്നു പേടിച്ചരണ്ട ഒരലച്ച് ഉയൎന്നു. എല്ലാവരും അപകടം വ്യക്തമായി കണ്ടു. ഒരു തിരമാലയുടെ ഒഴുക്കുപോലെ, ജനക്കൂട്ടം പാലത്തിലേക്കു തിരക്കുകൂട്ടി പാഞ്ഞു.

ഒരഗ്നിപ്രവാഹത്തിന്റെ വേഗതയോടെ റഷ്യാക്കാർ മുന്നോട്ടടുത്തു. മേജറുടേയും പ്രഭ്വിയുടേയും ഭാഗ്യം! അവർ അപ്പോഴും കരയിൽനിന്ന് അകലെയായിരുന്നു. ജനറൽ എബ്ലെ മറുകരയിൽ പാലത്തിനു തീ വച്ചു. മോക്ഷത്തിനുള്ള അപൂൎവ്വ സന്ദർഭം തേടിവന്നവർ, പിന്നോക്കം പോവാൻ കൂട്ടാക്കിയില്ല. ഭാരം മുററിയ പാലം തകൎന്നു വീണു. ഉന്മത്തമായി അടിച്ചുകയറിയ തിരമാലകളിൽ, ഒരു ഹിമപാതം കൊണ്ടെന്നപോലെ, ജനക്കൂട്ടത്തിലൊരു വിഭാഗം വെള്ളത്തിലേക്കൊലിച്ചു. ഒരാളുടേയും വിലാപസ്വരം വേർതിരിക്കുക സാദ്ധ്യമല്ല. ബെർസീനാ ശവശരീരങ്ങളെക്കൊണ്ടു നിറഞ്ഞു.

തള്ളിലും ഞെരിച്ചിലിലുംപെട്ടു വീർപ്പുമുട്ടി പലരും മരണപ്രായരായി വീണു. തിരക്കിൽപ്പെട്ട കുതിരകൾ, ആളുകളെ ചവുട്ടിമെതിച്ചു. വാൻഡിയേപ്രഭുവും പ്രഭ്വിയും തങ്ങളുടെ ജീവനു് ആ കുതിരവണ്ടിയോടാണു കടപ്പെട്ടിരിക്കുന്നതു്. ഗ്രനേഡിയറും മേജറും അവരുടെ കായബലംകൊണ്ടു് അപകടത്തെ അതിജീവിച്ചു. സ്വയരക്ഷയ്ക്കുള്ള ശ്രമത്തിൽ, അവർ മററുള്ളവരെ അരിഞ്ഞു വീഴ്ത്തി. ജനങ്ങൾ മൈതാനഭൂമിയിലേക്കു തിരിഞ്ഞോടി. കുറേപ്പേർ നദിയിലേക്കു ചാടി. മറുകരയിലെത്താമെന്ന വലിയ പ്രതീക്ഷയൊന്നുമവൎക്കുണ്ടായിരുന്നില്ല. മറുകരയെന്നുവച്ചാൽ അവൎക്കു ഫ്രാൻസാണു്; അല്ലെങ്കിൽ സൈബീരിയൻ ചതുപ്പുനിലങ്ങളിൽനിന്നുള്ള വിമോചനമാണു്. ചിലൎക്കു കടുത്ത നൈരാശ്യമായിരുന്നു രക്ഷാകവചം. ഒരു ഓഫീസർ, മഞ്ഞുകൊണ്ടുള്ള മൊട്ടക്കുന്നുകളിലൂടെ ചാടിച്ചാടി മറുകരയിലെത്തി. ഒരു പട്ടാളക്കാരൻ മൃതശരീരങ്ങളുടെ കൂനകളിലും ഉരുകുന്ന മഞ്ഞിലും പററിപ്പിടിച്ചു മുന്നോട്ടു നീങ്ങുന്നു! അവിടെത്തന്നെ നിലയുറപ്പിക്കാൻ നിർബന്ധിതരായ ഒരു വലിയ വിഭാഗം ജനങ്ങൾക്കു് ഒരാശ്വാസം തോന്നി. ഈ റഷ്യാക്കാർ എങ്ങനെയാണു് ഇരുപത്തിനാ

യിരം നിരായുധരെ ഒന്നിച്ചു വധിക്കുക. ഓരോരുത്തരും അവരുടെ വിധിയെ കാത്തുനിന്നു.

മേജർ ഫിലിപ്പും കൂട്ടരും ഉണങ്ങിവരണ്ട കണ്ണുകളോടെ നിശ്ശബ്ദമായി, ശവക്കൂനകൾക്കിടയിൽ നിന്നു. ആരോഗ്യവാന്മാരായ കുറെയാളുകൾ തിരക്കിൽനിന്നു രക്ഷപെട്ട് അവരുടെ അടുത്തു വന്നുകൂടിയിട്ടുണ്ട്. കൂട്ടത്തിൽ ഒന്നുരണ്ടുദ്യോഗസ്ഥന്മാരും. എല്ലാംകൂടി അൻപതുപേരോളം വരും. പീരങ്കിപ്പട്ടാളത്തിൻെറ ആവശ്യത്തിലേയ്ക്കു് നിർമ്മിച്ചിരുന്ന പാലത്തിന്റെ അവശിഷ്ടം ഇരുനൂറടിയകലെ കാണാമായിരുന്നു. തലേന്നാളാണു് അതു പൊളിഞ്ഞതു്. മേജർ ഫിലിപ്പിനു് പുതിയൊരു പദ്ധതി തോന്നി. ആ പൊളിഞ്ഞ പാലത്തിലേയ്ക്കു നോക്കിക്കൊണ്ടു് അയാൾ പറഞ്ഞു: "നമുക്കൊരു ചങ്ങാടമുണ്ടാക്കാം."

ഇത്രയും പറഞ്ഞുതീരുന്നതിനുമുമ്പുതന്നെ മുഴുവനാളുകളും പാലത്തിൻെറ അവശിഷ്ടങ്ങൾ പെറുക്കാനോടി. ചിലർ ഇരുമ്പുതൂണുകളും, പലകകളും, കയറും അന്വേഷിച്ചു. ആയുധധാരികളായ ഇരുപതുപേരും ഓഫീസറന്മാരും, മേജറുടെ നേതൃത്വത്തിൽ ചങ്ങാടപ്പണിക്കു കാവൽനിന്നു. തങ്ങളുടെ സംരംഭത്തിൽ, അകലെനില്ക്കുന്ന ജനക്കൂട്ടം വല്ല സാഹസവൃത്തിക്കുമൊരുമ്പെട്ടെങ്കിലോ എന്നായിരുന്നു ഭയം.

"റഷ്യാക്കാർ നമ്മുടെനേക്കു് ഇപ്പോളെത്തുകയായി. ഇതാ ഇവിടെ, റഷ്യാക്കാർ!" ഒരു കാവൽക്കാരൻ ജോലിക്കാരെ വിളിച്ചറിയിച്ചു.

തടിക്കഷണങ്ങൾ കിറുകിറുത്തു. ചങ്ങാടം, വലുതും ശക്തവും ഉറപ്പുള്ളതുമായിരുന്നു. ജനറലന്മാർ, കേണൽമാർ, സാധാരണ പട്ടാളക്കാർ—എല്ലാവരും ഒരുപോലെ, വണ്ടിച്ചക്രങ്ങളും ചങ്ങലകളും തടിപ്പലകകളും കയർവളയങ്ങളും ചുമന്നെത്തിക്കാൻ തയാറായി.

ഭർത്താവിന്റെ സമീപമിരുന്നു് സ്റ്റിഫാനേ, അതു നോക്കിക്കൊണ്ടേയിരുന്നു. ആ ജോലിയിൽ തനിക്കൊന്തെങ്കിലും സഹായിക്കാൻ കഴിയുന്നില്ലല്ലോ എന്നാണവളുടെ കുണ്ഠിതം. എന്നിട്ടും കയറു കൂട്ടിക്കെട്ടാൻ അവളും പങ്കുകൂടി.

ചങ്ങാടം പൂർത്തിയായി. നാല്പതുപേർ ചേർന്നു് അതു നദി

യിലിറക്കി, ആ സമയത്തു് പത്തുപേർ ചേൎന്നു്, അതിനെ കരയോടു ബന്ധിക്കുന്ന കയറുകളിൽ പിടിച്ചുകൊണ്ടു നിന്നു. ചങ്ങാടം ബെർസീനാനദിയിൽ ഇറക്കപ്പെട്ട നിമിഷം, ആളുകൾ നിർദ്ദയമായ സ്വാൎത്ഥതയോടെ അതിലേയ്ക്കു ഉത്തു ചാടി. മേജർ ഫിലിപ് സ്റ്റിഫാനെയേയും ജനറലിനേയും പിന്നോക്കം പിടിച്ചുനിർത്തി. പക്ഷേ, ചങ്ങാടത്തിലേയ്ക്കു കയറിപ്പോകുന്നതിനുള്ള സ്ഥലംവരെ ആളുകൾ നിറയുന്നതു കണ്ടപ്പോൾ മേജർ ഫിലിപ് ഞെട്ടി.

ഒരു തിയേറ്ററിലേക്കു് കളികാണാൻ പോകുന്ന ഉത്സാഹത്തള്ളിച്ചയോടെ ജനങ്ങൾ അങ്ങോട്ടൊഴുകുന്നു!

"മൃഗങ്ങളേ, ഞാനാണു് ഈ ചങ്ങാടത്തിൻെറ കാൎയ്യം ആദ്യം ആലോചിച്ചതുതന്നേയും," അയാൾ ആക്രോശിച്ചു, "ഞാൻ നിങ്ങളുടെ ജീവൻ രക്ഷിച്ചു. എന്നിട്ടു നീങ്ങളെനിക്കു സ്ഥലം തരികയില്ല."

ഒരു പിറുപിറുപ്പായിരുന്നു പ്രത്യുത്തരം. ചങ്ങാടത്തിൻെറ മുൻഭാഗത്തു നിന്നവർ, നീണ്ട കഴക്കോലുകളെടുത്തു് ആവുന്നത്ര ശക്തിയോടെ കരയ്ക്കുകുത്തി. അവർ കരയിൽനിന്നു ചങ്ങാടം നീക്കാനാഗ്രഹിച്ചു; ഉരുകിയൊലിക്കുന്ന മഞ്ഞും ശവശരീരങ്ങളും നിറഞ്ഞ നദിയിലൂടെ മറുകരയിലേക്കു പോകുന്നതിനും, ആക്കം കിട്ടുന്നതിനും.

"മേജറിനും അദ്ദേഹത്തിൻെറ രണ്ടു സുഹൃത്തുക്കൾക്കും സ്ഥലമുണ്ടാക്കിക്കൊടുത്തില്ലെങ്കിൽ നിന്നെയൊക്കെ, ഇടിച്ചു ഞാൻ വെള്ളത്തിൽ താഴ്ത്തും," ഗ്രനേഡിയർ അലറി. അയാൾ വാളുയർത്തിക്കാണിച്ചു; ചങ്ങാടം നീക്കാൻ ബദ്ധപ്പെട്ടവർ, ആ ശ്രമത്തിൽനിന്നു പിൻവാങ്ങി. ആളുകൾ ഭീഷണസ്വരത്തിൽ പിറുപിറുത്തെങ്കിലും കൂട്ടതൽ അടുത്തടുത്തു നില്ക്കാൻ തയാറായി.

"ഞാൻ വീഴും...ഞാൻ പുറത്തുപൊയ്ക്കൊള്ളാം." ചിലർ വിളിച്ചുകൂവി.

"നമുക്കു പുറപ്പെടാം, ഹും! തള്ളിനീക്കു," ചില മുറവിളികൾ.

താൻ ആത്മാൎത്ഥമായി സ്നേഹപ്രാൎത്ഥണം നടത്തിയിട്ടുള്ള യുവതിയുടെ നേക്കു്, നനവുപററാത്ത കണ്ണുകളോടെ മേജർ

നോക്കി. അവളുടെ കണ്ണുകൾ, ദിവ്യമായ ത്യാഗചിന്തയ്ക്കു വിധേയമായി ദൈവത്തിങ്കലേക്കുയൻറു.

"നിങ്ങളോടുകൂടി മരിക്കുന്നതിനു്!" അവൾ പറഞ്ഞു.

ചങ്ങാടത്തിൽ ഒരു നേരമ്പോക്കുണ്ടായി. പലക്കം പ്രതിഷേധങ്ങളുണ്ടെങ്കിലും, ആരും ഗ്രനേഡിയറെ എതിക്കാൻ ധൈര്യപ്പെട്ടില്ല. അവർ ഞെങ്ങിഞെരുങ്ങി നിന്നിരുന്നതുകൊണ്ടു്, ഒരാളെയെങ്കിലും തള്ളിവീഴ്ത്തിയാൽ ചങ്ങാടമാകെ മറിഞ്ഞുപോയേനെ. അപകടംപിടിച്ച ഈ വേളയിലാണു് ഒരു ക്യാപ്റ്റൻ തൻെറ അയൽക്കാരനെ ഒഴിവാക്കാൻ ശ്രമിച്ചതു്. ഈ അയൽക്കാരനാവട്ടെ, തൻെറ ഓഫീസറുടെ ദുരുദ്ദേശം മുൻകൂട്ടി കണ്ടു്, അയാളെ പിടലിക്കുപിടിച്ചു പുറത്തേക്കെറിഞ്ഞു.

"അദ്ദേഹത്തിനല്പം വെള്ളം കുടിക്കാനൊരു താല്പര്യം... ആ ശല്യമൊഴിഞ്ഞു. ഇപ്പോൾ രണ്ടുപേക്കു സ്ഥലമുണ്ടു്," അയാൾ അലറി, "പെട്ടെന്നാവട്ടെ മേജർ! നിങ്ങളുടെ ആ കൊച്ചുപെണ്ണിനേയും കൂട്ടിവരണം! ആ പട്ടുകിഴവൻെറ കായ്യം പോകട്ടെ. അയാൾ നാളെ ചാകേണ്ടവനാണു്."

"ങും, പെട്ടെന്നാവട്ടെ." ഒരു നൂറുസ്വരങ്ങൾ ഒന്നിച്ചുയൻറു.

"വരണം മേജർ, ആ കൂട്ടർ വലിയ ശല്യമാണുണ്ടാക്കുന്നതു്." വാൻഡിയേപ്രഭു, തൻെറ കീറിയുലഞ്ഞ പുതപ്പുകളെടുത്തു മാററി ജനറലിൻെറ ഔദ്യോഗികവേഷത്തിൽ മുമ്പിലേക്കു വന്നു.

"നമുക്കു പ്രഭുവിനെ രക്ഷിക്കണം," ഫിലിപ് പറഞ്ഞു.

സ്റ്റീഫാനെ ഫിലിപ്പിൻെറ കരതലത്തിലമത്തി. അവൾ അയാളെ ചുററിപ്പിടിച്ചു. എന്നിട്ടു തീവ്രമായ ഹൃദയവേദനയോടെ അയാളെ തന്നോടുചേത്തമത്തി ആലിംഗനം ചെയ്തു.

"മംഗളം നേരുന്നു," അവൾ പറഞ്ഞു.

അവർ രണ്ടുപേരും പരസ്പരം തങ്ങളുടെ ചിന്തകൾ മനസ്സിലാക്കുന്നുണ്ടായിരുന്നു. വാൻഡിയേപ്രഭുവിനു് അപ്പോൾ, ചങ്ങാടത്തിലേക്കു ചാടിവീഴാനുള്ള മനസ്സാന്നിദ്ധ്യവും ശക്തിയും വീണ്ടുകിട്ടിയിരുന്നിരിക്കണം. സ്റ്റീഫാനെ, ഫിലി

പ്പിൻെറ നേക്കു് ഒരവസാനനോട്ടത്തോടെ ഭർത്താവിനെ അനുഗമിച്ചു.

"മേജർ, നിങ്ങൾക്കു് എൻെറ സ്ഥലം ഉപയോഗിക്കുന്നതിൽ വിരോധമുണ്ടോ? ജീവിതത്തെ ഒരു വല്ക്കോൽത്തുരുമ്പിൻെറയത്ര ഞാൻ വിലവയ്ക്കുന്നില്ല. എനിക്കു് ഭാര്യയും കുട്ടിയും അമ്മയുമൊന്നുമില്ല—" അതു ഗ്രനേഡിയറുടെ ശബ്ദമായിരുന്നു.

"ഞാൻ അവരെ നിങ്ങളുടെ ചുമതലയിലേല്പിക്കുന്നു—" കൗണ്ടിനേയും സ്റ്റീഫാനെയേയും ഉദ്ദേശിച്ചു ഫിലിപ് പറഞ്ഞു.

"സ്വാസ്ഥമായിരിക്കുക, ഞാനെൻെറ കണ്ണിലെ കൃഷ്ണമണിപോലെ അവരെ സൂക്ഷിച്ചുകൊള്ളാം."

ഫിലിപ് നദീതീരത്തു്, പാഞ്ഞകലുന്ന ആ ചങ്ങാടത്തെ നോക്കി സ്തംഭിച്ചുനിന്നു. അതു വളരെ വേഗത്തിലാണു് മറുകരയിലേക്കു് നീങ്ങിയതു്. മറുകരയിൽ ചെന്നടിഞ്ഞപ്പോൾ, മുഴുവനാളുകളേയും ഞെട്ടിച്ചുകളഞ്ഞു. ചങ്ങാടത്തിൻെറ പാർശ്വംചേൎന്നുനിന്ന കൗണ്ടു്, ആ ഉലച്ചിലിൽ നദിയിലേക്കു വീണു. ആ വീഴ്ചയിൽ, ഒരു മഞ്ഞിൻശലാക തലയിലാഞ്ഞടിച്ചു. ആ വൃദ്ധജനറലിൻെറ തല ഒരു പന്തുപോലെ ചിതറിത്തെറിച്ചു.

"ഹേയു് മേജർ!" ഗ്രനേഡിയർ അലറിവിളിച്ചു.

"മംഗളം നേരുന്നു!" വിദൂരതയിൽനിന്നു്, അത്യുച്ചത്തിലുള്ള സ്ത്രീശബ്ദം ഒഴുകിവരുന്നു.

മേജർ ഫിലിപ്പിൻെറ ശരീരത്തിൽ, ശൈത്യം നിറഞ്ഞ ഒരു കിടുകിടുപ്പുണ്ടായി. തണുപ്പും ദുഃഖവും ക്ഷീണവും ചേൎന്ന ജീവിതഭാരംകൊണ്ടു് അയാൾ നിന്നേടത്തുതന്നെ തളൎന്നുവീണു.

## മൂന്നു്

"എന്റെ പാവപ്പെട്ട അനന്തിരവൾക്കു് സ്ഥിരബുദ്ധി നഷ്ടപ്പെട്ടു." കുറച്ചുനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ഡോക്ടർ ഫാനിയേ തുടൎന്നു: "ഹാ, മോൺഷിയർ!" അദ്ദേഹം ആൽബ ണിന്റെ കരങ്ങൾ ഗ്രഹിച്ചു.

"ഇത്ര ശാലീനയായ ഈ യുവതിക്കു് എന്തൊരു ഭയപൂൎണ്ണമായ ജീവിതമാണുള്ളതെന്നു നോക്കു. നിർഭാഗ്യംകൊണ്ടു് അവൾ ആ ഗ്രനേഡിയറിൽനിന്നകററപ്പെട്ടു. എനിക്കതിന്റെ വിശദാംശങ്ങളറിഞ്ഞുകൂടാ. അടുത്ത രണ്ടു വൎഷങ്ങളിൽ, ഒരു കൂളിക്കൂട്ടത്തിന്റെ പരിഹാസലക്ഷ്യമായി, അവൾ പട്ടാളത്തിന്റെ പിറകേ തെണ്ടിയലഞ്ഞു. ഇതു ഞാൻ കേട്ടറിഞ്ഞ വിവരങ്ങളാണു്. നഗ്നപാദയായി, വൃത്തിഹീനമായ വസ്ത്രം ധരിച്ചു്, എല്ലാവരാലും അവഗണിക്കപ്പെട്ടു് അവൾ വളരെ മാസങ്ങൾ പട്ടിണികിടന്നു തീണ്ടാടി. ചില കാലത്തു് ആശുപത്രിയിൽ പോയി താമസിച്ചു. ചിലപ്പോൾ വേട്ടയാടപ്പെട്ടുന്ന മൃഗത്തിനെപ്പോലെ അലഞ്ഞു. അവൾ സഹിച്ച ദുരിതം ദൈവത്തിനേ അറിയൂ. എന്നിട്ടും അവൾ ജീവിക്കുന്നു. ഒരിക്കൽ ഒരു ചെറിയ ജൎമ്മൻപട്ടണത്തിലെ ഭ്രാന്താലയത്തിൽ അവളെ തടങ്കലിലിട്ടു. ആ സമയത്തു്, ഇവിടെ ഫ്രാൻസിൽ, അവൾ മരിച്ചുവെന്നു വിശ്വസിച്ചുകൊണ്ടു് അവളുടെ ബന്ധുക്കൾ, വസ്തുവകകൾ പങ്കുവയ്ക്കുകയായിരുന്നു.

1816—ൽ ഗ്രനേഡിയർ ഫ്ളുറിയോ സ്റ്റ്രാസ്ബൎഗ്ഗിലെ ഒരു സത്രത്തിൽവച്ചു് അവളെ കണ്ടു തിരിച്ചറിഞ്ഞു. എങ്ങനെയോ ആയിടയ്ക്കു തടങ്കലിൽനിന്നു് അവൾക്കു രക്ഷനേടാൻ കഴിഞ്ഞു. ഒരുമാസക്കാലം ഒരു വനാന്തരത്തിൽ, അവൾ കഴിച്ചുകൂട്ടിയതിന്റെ ചരിത്രം ചില കൃഷീവലന്മാർ ഫ്ളുറിയോയോടു പറയുകയുണ്ടായി. അവളെ പിൻതുടൎന്നു കൈവശപ്പെടുത്താനുള്ള അവരുടെ ശ്രമം നിഷ്ഫലമായി.

ഞാൻ അന്നു് സ്റ്റ്രാസ്ബൎഗ്ഗിൽനിന്നു് അധികം അകലെ

യായിരുന്നില്ല. എന്തെല്ലാം ഭോഷത്തം നിറഞ്ഞ കഥകളാണ്‌ ഈ പെൺകുട്ടിയേക്കുറിച്ച്‌ അന്നു ഞാൻ കേട്ടിട്ടുള്ളത്‌. അവയുടെ സത്യാവസ്ഥ മനസ്സിലാക്കാൻ എനിക്ക്‌ കലശലായ ആഗ്രഹമുണ്ടായി.

പ്രഭ ിയെ കണ്ടപ്പോൾ എൻെറ വികാരങ്ങളെന്തെല്ലാമായിരുന്നു? ആ ദയനീയമായ കഥയിലെ തനിക്കറിയാവുന്ന ഭാഗങ്ങളെല്ലാം ഫ്‌ളറിയോ എന്നോടു പറഞ്ഞു. അവളോടൊപ്പം ഞാൻ ഫ്‌ളറിയോയേയും 'ആവേണി'ലേക്കു കൊണ്ടുപോന്നു. പക്ഷേ, നിർഭാഗ്യവശാൽ അയാളെനിക്കു നഷ്ടപ്പെട്ടു. മാഡം വാൻഡിയേയെ നിയന്ത്രിക്കാൻ അയാൾക്കു കഴിഞ്ഞിരുന്നു. അവളെ വസ്ത്രങ്ങൾ ധരിപ്പിക്കുന്നതിൽ അയാൾ മാത്രമേ വിജയിച്ചിരുന്നുള്ളു. ഒരേ ഒരു ശബ്ദരൂപമേ അവൾക്ക്‌ ഉച്ചരിക്കാനുണ്ടായിരുന്നുള്ളു.

"മംഗളം നേരുന്നു." അവളിൽ മററുള്ളവരുമായുള്ള കെട്ടുപാടുകളുടെ ഓർമ്മകൾ വീണ്ടെടുക്കാൻ ഫ്‌ളറിയോ ശ്രമിച്ചു. പക്ഷേ, അതിൽ പരിപൂർണ്ണമായി പരാജയപ്പെട്ടതേയുള്ളു. വിഷാദനിർഭരമായ ആ വാക്കുകൾ സുലഭമായി അവളെക്കൊണ്ടുച്ചരിപ്പിക്കാൻ അയാൾക്കു കഴിഞ്ഞു. ആ വൃദ്ധന്‌ അവളെ ഉല്ലാസവതിയാക്കാൻ സാധിച്ചു; അവർ വലിയ കളിക്കൂട്ടായിത്തീർന്നു—അയാളിലൂടെ ഞാനാശിക്കയും ചെയ്തു... പക്ഷേ..."

ഡോക്ടർ വീണ്ടും മൗനമവലംബിച്ചു. ഒരു നിമിഷത്തിനുശേഷം അദ്ദേഹം തുടർന്നു: "ഇവിടെ സ്റ്റിഫാനേപ്പോലൊരു കൂട്ടുകാരിയെ കിട്ടി. ശുദ്ധ മറയിയായ ഒരു കൃഷീവലകന്യക. കാപട്യവും ബുദ്ധിയും ഇല്ലാതിരുന്നിട്ടുകൂടി, അവൾ ഒരു കല്ലാശാരിയുമായി പ്രണയബന്ധത്തിലേർപ്പെട്ടു. അവൾക്കൊരു ചെറുതുണ്ടം ഭൂമിയുണ്ടായിരുന്നതുകൊണ്ട്‌, അവളെ വിവാഹം കഴിച്ചുകളയാമെന്നു കല്ലാശാരി കരുതി. അങ്ങനെ ഒരു വർഷം മുഴുവൻ പാവം ജനിവീവ്‌ ആഹ്ലാദിച്ചുകഴിഞ്ഞു; അവൾ ഭംഗിയായി വസ്ത്രം ധരിച്ചു; ഞായറാഴ്ചകളിൽ അവനുമൊന്നിച്ചു നൃത്തംവച്ചു. പ്രേമമെന്നാലെന്താണെന്ന്‌ അവൾ പഠിച്ചു. അവളുടെ ബുദ്ധിയിലും ഹൃദയത്തിലും അതിനു സ്ഥാനമുണ്ടായി. പക്ഷേ, അവന്‌ അതേപ്പററി കുറേക്കൂടി വിവരം

ഉണ്ടായിരുന്നു. അതുകൊണ്ടു് അവൻ ബുദ്ധിയും, കൂടുതൽ ഭൂമിയുമുള്ള ഒരു പെണ്ണിനുവേണ്ടി ഈ മറയിയെ ഉപേക്ഷിച്ചു. പ്രേമംകൊണ്ടു് അല്ലാല്ലും നാമ്പെട്ടുത്ത ജനിവീവിൻെറ ബുദ്ധിശകലം അതോടെ നഷ്ടപ്പെട്ടു. അവൾക്കിപ്പോൾ പുല്ലുചെത്താനും കന്നുകാലിയെ നോക്കാനുമല്ലാതെ ഒന്നുമറിഞ്ഞുകൂടാ.

തങ്ങൾക്കു്, പൊതുവായുള്ള തലയിലെഴുത്തിൻെറ ചങ്ങലകൊണ്ടു് സ്റ്റിഫാനെയും ജനിവീവും പരസ്പരം ബന്ധപ്പെട്ടു. ഒരേ കാരണംകൊണ്ടാണല്ലോ രണ്ടുപേക്കും ഈ ബുദ്ധിഭ്രമം പിടിപെട്ടതു്?...നിങ്ങൾ ഒരുനിമിഷം ഇങ്ങോട്ടൊന്നു വരിക. ദാ, നോക്കൂ...'' സ്റ്റിഫാനെയുടെ അമ്മാവൻ ആൽബണെ ജനാലയ്ക്കലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

പുറത്തു്, ഉദ്യാനത്തറയിൽ ജനിവീവിന്റെ മടിത്തട്ടിൽ സുന്ദരിയായ സ്റ്റിഫാനെ ഇരിക്കുന്നതാണു് അവർ കണ്ടതു്. പ്രഭയുടെ കറുത്തിരുണ്ടു നീളംകൂടിയ മുടി, ഒരു വലിയ ചീപ്പുകൊണ്ടു് കോതിമിനുക്കുന്നതിൽ ജനിവീവ് മുഴുകിയിരുന്നു. സ്റ്റിഫാനെ സഖിയുടെ ചെയ്തികൾക്കു് താല്പര്യപൂർവ്വം കീഴ്വഴങ്ങുന്നു. കായികസൗഖ്യം കിട്ടുമ്പോഴത്തെ ആഹ്ലാദം സൂചിപ്പിക്കുന്ന, നേത്ത ശബ്ദങ്ങൾ അവൾ പുറപ്പെടുവിക്കുന്നുണ്ടു്. അവളുടെ ബലഹീനഭാവവും മൃഗത്തെപ്പോലെ മലന്നുള്ള കിടപ്പും ബുദ്ധിയുടെ പൂർണ്ണമായ ശൂന്യതയെ കാണിച്ചു. ആ രംഗം ആൽബണിൽ ഞെട്ടലുണ്ടാക്കി.

''ഓ, ഫിലിപ്പ്! എൻെറ ഫിലിപ്പ്!'' ആൽബൺ നിലവിളിക്കുകയായിരുന്നു.

''കഴിഞ്ഞകാലത്തെ ദുരിതങ്ങൾ സാരമില്ല. ഇതു തികച്ചും ആശാഹീനമായ ഒരു കാര്യമാണോ?'' അയാൾ ചോദിച്ചു.

ഡോക്ടർ അദ്ദേഹത്തിൻെറ കണ്ണുകൾ ആകാശത്തേയ്ക്കുയർത്തി. ''ഗുഡ്ബൈ, മോൺഷിയർ,'' ആ വൃദ്ധൻെറ കരങ്ങളമർത്തിക്കൊണ്ടു് ആൽബൺ പറഞ്ഞു, ''എന്റെ സുഹൃത്തു് എന്നെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. അധികം താമസിയാതെ അദ്ദേഹത്തെ നിങ്ങൾക്കിവിടെ കാണാൻ സാധിക്കും.''

ആൽബൺ മടങ്ങിപ്പോയി.

*　　*　　*

"അപ്പോൾ അതു സ്റ്റിഫാനെതന്നെയാണ്." ആൽബൺ ഏതാനും വാക്കുകൾ ഉച്ചരിച്ചുകഴിഞ്ഞപ്പോൾത്തന്നെ ഫിലിപ് പറഞ്ഞുതുടങ്ങി. "ഹാ! ഇത്രയുമായിട്ടും എനിക്കുറപ്പു വരുന്നില്ല." ഗൗരവഭാവം കൈക്കൊണ്ടു തഴമ്പിച്ച അയാളുടെ ഇരുണ്ടകണ്ണുകളിൽ ജലകണങ്ങൾ നിറഞ്ഞു.

"അതേ, അവൾ വാൻഡിയേപ്രഭ്വി തന്നെയാണ്," ആൽബൺ ഉറപ്പിച്ചുപറഞ്ഞു. കേണൽ ഫിലിപ് പെട്ടെന്നെഴുന്നേററു വേഷം മാറുന്നതിനൊരുമ്പെട്ടു.

"എന്താണു ഫിലിപ്?" ഭയകമ്പിതനായി ആൽബൺ ഉറക്കെ ചോദിച്ചു: "നിങ്ങൾക്കു ഭ്രാന്താണോ?"

"എനിക്കു പരിപൂർണ്ണസുഖമാണിപ്പോൾ." കേണൽ നിർവ്വികാരനായി പറഞ്ഞു: "ഈ വാർത്ത എൻെറ ആഴമേറിയ വേദനകളെ ആശ്വസിപ്പിച്ചിരിക്കുന്നു. സ്റ്റിഫാനെയെപ്പററി ചിന്തിക്കുമ്പോൾ ഏതു വേദനയ്ക്കാണ് എന്നെ മുറിപ്പെടുത്താൻ കഴിയുക? ഞാൻ മൈനോറൈറ്റ് സന്യാസാശ്രമത്തിലേയ്ക്കു പോകുകയാണ്—അവളെ കാണാനും, സംസാരിക്കാനും, അവളെ പൂർണ്ണാരോഗ്യത്തിലേക്കു തിരിച്ചുകൊണ്ടുവരുന്നതിനുമായി. അവൾ സ്വതന്ത്രയാണ്. ഹാ! തീർച്ചയായും...തീർച്ചയായും ആനന്ദം ഞങ്ങളുടെ നേർക്കു മന്ദഹസിക്കും. അല്ലെങ്കിൽ മുകളിൽ ദൈവമെന്നൊരാളില്ല. എൻെറ ശബ്ദം കേൾക്കുമ്പോൾ വിവേകത്തിലേക്ക് അവൾ വീണ്ടെടുക്കപ്പെടുകയില്ലെന്നു് നിങ്ങൾക്കെങ്ങനെ വിചാരിക്കാൻ കഴിയും?"

"അവൾ നിങ്ങളെ നേരത്തെതന്നെ കണ്ടുകഴിഞ്ഞല്ലോ. എന്നിട്ടു നിങ്ങളെ തിരിച്ചറിഞ്ഞില്ലല്ലോ?" ആൽബൺ സംശയമുന്നയിച്ചു. വളരെ ഉന്നതങ്ങളായ അഭിലാഷങ്ങളുള്ള ഫിലിപ്പിനു്, ആരോഗ്യപ്രദമായ ചില ഭയാശങ്കകൾ നൽകുകയായിരുന്നു അയാൾ.

കേണൽ ഒന്നു ഞെട്ടി. വീണ്ടും അയാൾ ചിരിച്ചു. എങ്കിലും ഒരാത്മവിശ്വാസമില്ലായ്മ അയാളെ ബാധിച്ചിരിക്കുമ്പോലെ തോന്നി. അയാളുടെ സംരംഭങ്ങളെ എതിർക്കാൻ ആരും ധൈര്യപ്പെട്ടില്ല. ഏതാനും മണിക്കൂറുകൾക്കുള്ളിൽ ഫിലിപ് മൈനോറൈറ്റ് സന്യാസാശ്രമത്തിൽ എത്തി.

"അവളെവിടെയാണ്?" അയാൾ ധൃതിപ്പെട്ടു ചോദിച്ചു.

"മിണ്ടാതിരിക്കൂ." സ്റ്റിഫാനയുടെ അമ്മാവൻ ഫാനിയേ പറഞ്ഞു.

"അവളുറങ്ങുകയാണ്. ഇരിക്കുക. അവളിവിടെത്തന്നെയുണ്ട്."

വെയിലത്ത് ഒരു വെറും കല്ലു മെത്തയാക്കി, ചപലയായ പ്രഭപി തളർന്നുകിടന്നുറങ്ങുന്നതു് ഫിലിപ് കണ്ടു. സൂര്യപ്രകാശത്തിൽനിന്നും ചൂടിൽനിന്നും അവളുടെ മുഖത്തെ മറച്ചുകൊണ്ടു് ഇടതൂർന്ന മുടി ചിതറിക്കിടക്കുന്നു. കരങ്ങൾ അലസമായി തറയിലെറിഞ്ഞിരിക്കയാണ്. ഒരു കലമാനിന്റെ സൗന്ദര്യവായ്പുണ്ടു് കാഴ്ചയിൽ. ശ്വാസോച്ഛ്വാസത്തോടൊപ്പം മാത്രം ഉയർന്നുതാഴുന്നു. സൗകുമാര്യവും, ചീനപ്പിഞ്ഞാണത്തിന്റെ വെണ്മയുമുള്ള ശരീരം. ഒരു ചില്ലിക്കമ്പും കയ്യിലേന്തി ജനിവീവ് നിശ്ചലയായി തന്റെ റാണിയുടെ അരികത്തു് ഇരുപ്പുണ്ടു്. പോപ്ലാർമരങ്ങളിലൊന്നിൽനിന്നു് സ്റ്റിഫാനെ ഒടിച്ചുകൊണ്ടുവന്നതായിരിക്കണം അതു്. ആ മറയിപ്പെണ്ണു് തന്റെ സഖിയെ അതുകൊണ്ടു വീശിക്കൊണ്ടിരുന്നു.

ഫാനിയേയും കേണലും അങ്ങോട്ടു ചെന്നപ്പോൾ ജനിവീവ് തുറിച്ചുനോക്കി. മൂകയായ ഒരു മൃഗം തന്റെ യജമാനനെ തിരിച്ചറിയുമ്പോലെ അവൾ പ്രഭപിയുടെനേക്കു നോക്കി. വിവേകത്തിന്റേയോ അത്ഭുതത്തിന്റേയോ യാതൊരു സൂചനകളുമില്ലാത്ത നോട്ടം.

അന്തരീക്ഷത്തിനു ചൂടുകൂടി. അവൾ കിടക്കുന്ന കല്ലിന്റെ ചില ഭാഗങ്ങൾ തീപ്പൊരിപോലെ വെട്ടിത്തിളങ്ങി. സ്വന്ദിക്കുന്ന നീരാവി പുൽപ്പരപ്പിൽനിന്നുയർന്നുകൊണ്ടിരുന്നു. പ്രകാശം തട്ടുമ്പോൾ സ്വർണ്ണപ്പൊടിപോലെ അതു വെട്ടിത്തിളങ്ങുന്നു. ജനിവീവ് ഉഗ്രമായ ചൂടു് അറിയുന്നില്ല.

കേണൽ ഫാനിയേയുടെ കൈകൾ പിടിച്ചമർത്തി. അയാളുടെ കണ്ണുകളിൽ ജലകണങ്ങളുരുണ്ടുകൂടി. അതിന്റെ ഒഴുക്ക് സ്റ്റിഫാനേയുടെ കാൽപ്പാദത്തിനരുകിൽച്ചെന്നു നിലച്ചു. ഡോക്ടർ പറഞ്ഞു: "സർ, ഇക്കഴിഞ്ഞ രണ്ടുവർഷമായി ദിവസവും എന്റെ ഹൃദയം തകരുകയായിരുന്നു. വളരെ താമസിയാതെ നിങ്ങൾ എന്നെപ്പോലെ ആയിത്തീരും. ഈ വേദന ഒരിക്കലും കുറയുന്നതായി തോന്നുകയില്ല."

"നിങ്ങളവളെ സംരക്ഷിച്ചു, അല്ലേ?" കേണലിൻെറ കണ്ണുകളിൽ അസൂയയും നന്ദിയും കൂടിക്കലൎന്നു നിഴലിച്ചു.

അവർ പരസ്പരം കൈകോൎത്തുപിടിച്ച് പ്രിയംകരമായ അവളുടെ മുഖത്തു് ഉററുനോക്കിക്കൊണ്ടിരുന്നു. എന്തൊരു നൈൎമ്മല്യം. സ്റ്റീഫാനെ മുറസ്സു ദീർഘനിശ്വാസം വിട്ടുകൊണ്ടിരുന്നു. വിവേകമുണ്ടെന്നുള്ളതിനൊരു തെളിവുപോലാണതു്. കേണലിനെ ആഹ്ലാദകാരിയാക്കാൻ അവസ്സു കഴിഞ്ഞു. "കഷ്ടം!" ഫാനിയേ ശാന്തമായി പറഞ്ഞു: "നിങ്ങൾക്കു് അബദ്ധം പററരുതു്. പണ്ടത്തെ ബോധാവസ്ഥ, ഇപ്പോളുണ്ടെന്നു കാഴ്ചയിൽ തോന്നുകയാണു്."

നമുക്കു പ്രിയംകരയായ ഒരു യുവതി ഉറങ്ങുകയാണെന്നിരിക്കട്ടെ. ഹൃദയഹാരിയായ അവളുടെ മുഖം ശ്രദ്ധിച്ചിരിക്കാൻ നമുക്കൊരു കൗതുകമുണ്ടു്. അവളുടെ പൊട്ടിവിടരുന്ന കണ്ണുകൾ നമ്മെനോക്കി മന്ദഹസിക്കുമ്പോൾ എന്തൊരു ദിവ്യാനുഭൂതിയും ആഹ്ലാദവുമാണുണ്ടാവുക? കേണലിനു തോന്നിയ ദിവ്യാനുഭൂതി മറെറാന്നായിരുന്നില്ല.

അവളുടെ മയക്കം അയാൾക്കൊരു വിഭ്രാന്തിയാണെന്നു തോന്നി. ഉണരുക എന്നതു് ഒരുതരം മരണമായിരിക്കും--ഏററവും ഭീതിപ്രദമായ ഒരു മരണം.

പെട്ടെന്നു്, ഒരാട്ടിൻകുട്ടി തുള്ളിച്ചാടിവന്നു് സ്റ്റീഫാനെയെ മെല്ലെ മണത്തു. ആ ശബ്ദം അവളെ ഉണൎത്തി. ആ താന്തോന്നിയായ ജീവിയെ ഓടിച്ചുകളയാതെ സാവധാനം അവളെഴുന്നേററു. പക്ഷേ, ഫിലിപ്പിനെ കണ്ടനിമിഷം, തൻെറ കളിക്കൂട്ടായ ആട്ടിൻകുട്ടിയുമൊത്തു് അവളോടിക്കളഞ്ഞു. ഇടതൂൎന്ന മരക്കൂട്ടത്തിനിടയിലേയ്ക്കാണവൾ പോയതു്. ഭയവിഹ്വലമായ ഒരു കാട്ടുപക്ഷിയേപ്പോലെ അവൾ നേൎമ്മയേറിയ സ്വരത്തിൽ കരഞ്ഞു. ഫിലിപ് സ്മരണകളിൽ മുഴുകി. ആൽബണിൻെറ മുമ്പിൽ അവൾ കമ്പിവേലിക്കൽ പ്രത്യക്ഷപ്പെട്ടപ്പോൾ കേട്ട അതേ സ്വരം.

അവസാനം അവൾ ഒരു മരത്തിലള്ളിപ്പിടിച്ചു കയറി അതിന്റെ ഇലത്തഴപ്പുകൾക്കിടയിൽ മറഞ്ഞിരുന്നു്, ജിജ്ഞാസുവായ ഒരു രാപ്പാടിപ്പക്ഷിയേപ്പോലെ, ആ അത്ഭുതമനുഷ്യനെ ഒളിഞ്ഞുനോക്കി. "മംഗളം നേരുന്നു... മംഗളം നേരുന്നു...

മംഗളം നേരുന്നു!" അവൾ പറഞ്ഞു. ആ വാക്കുകളിൽ അവളുടെ ആത്മസ്പന്ദനങ്ങളുണ്ടായിരുന്നില്ല. ഒരു പക്ഷിയുടെ സ്വരഭംഗിയുടെ ഉദാസീനമായ ലയമാണതിനുണ്ടായിരുന്നതു്.

"അവൾക്കെന്നെ മനസ്സിലാകുന്നില്ല!" കേണൽ നിരാശപ്പെട്ടു. "സ്റ്റീഫാനേ, നിൻെറ ഫിലിപ്പാണിവിടെ നിൽക്കുന്നതു്; നിൻെറ ഫിലിപ്...ഫിലിപ്." അയാൾ മരത്തിനു് അടുത്തു ചെന്നു. അവളുടെ കണ്ണുകളിൽ ഭീതരാവം നിഴലിച്ചെങ്കിലും ചഞ്ചലയാവാതെ അവൾ നോക്കി. പിന്നീടു് ആ മരത്തിൽനിന്നു മറെറാന്നിലേക്കും അവിടെനിന്നു വേറൊന്നിലേയ്ക്കും—ഒരു കമ്പിൽനിന്നു മറ്റൊരുകമ്പിലേയ്ക്കു് ഊഞ്ഞാലാടി—അതിശയകരമായ നിപുണതയോടെ അവൾ സഞ്ചരിക്കുന്നു.

"അവളെ പിൻതുടരാതിരിക്കൂ." ഫാനിയേ കേണലിനോടു പറഞ്ഞു: "ഒരിക്കലും മാറ്റാനാവാത്ത വെറുപ്പു് അവൾക്കു നിങ്ങളുടെ നേക്കു് ഉണ്ടായെന്നു വരാം. അവളോടു പരിചയപ്പെടാനും അവളെ ഇണക്കാനും ഞാൻ നിങ്ങളെ സഹായിക്കാം. ഇവിടെ ഈ കല്ലിലിരിക്കൂ. അവളെ അല്പംപോലും ശ്രദ്ധിക്കാതിരുന്നാൽ ആ പാവപ്പെട്ട കുട്ടി, അധികം താമസിയാതെ നിങ്ങളുടെ അടുത്തുവന്നു നിങ്ങളെ കാണാൻശ്രമിക്കും.

"അവളെന്നെ അറിയേണ്ടതാണല്ലോ! അവൾ എന്നിൽനിന്നു പറന്നകന്നല്ലോ!" കേണൽ ആവർത്തിച്ചു. പുറകിൽ നില്ക്കുന്ന ഒരു മരത്തിൽ ചാരി കേണൽ ഒരു ബെഞ്ചിലിരുന്നു. മരത്തിൻെറ തണൽ അവിടമാകെ വ്യാപിച്ചിരുന്നു.

അയാൾ തല കുനിച്ചു. ഡോക്ടർ നിശ്ശബ്ദനായിരുന്നു. അവൾ സാവധാനം, ഒരു മരീചികയുടെ ചലനസ്വഭാവത്തോടെ ആ മരത്തിൽനിന്നു താഴത്തിറങ്ങി. കാററു് കൊമ്പുകളെ ചലിപ്പിക്കുമ്പോൾ അവൾ അതിനൊത്തു് ആടുകയായിരുന്നു. ഇറങ്ങുന്ന വേളയിൽ ഓരോ കമ്പിലും ഇരുന്നു് അവൾ ആ അപരിചിതനെ ഒളികണ്ണിട്ടു നോക്കിയിരുന്നു. അയാൾ നിശ്ചലനായിരിക്കുന്നതുകണ്ടു് അവൾ ഒരു നിമിഷം നിന്നു. എന്നിട്ടു്, മൈതാനത്തിനു കുറുകെ അയാളുടെ അടുത്തേയ്ക്കു് നടന്നുവന്നു. ബെഞ്ചിൽനിന്നു് പത്തടിയകലെ അവൾ നില

യറപ്പിച്ചപ്പോൾ ഫാനിയേ കേണലിനോട്ട വളരെ താഴ്ന്ന സ്വരത്തിൽ സംസാരിച്ചു.

"എൻെറ പോക്കററിൽ പഞ്ചസാരക്കട്ടയില്ലേയെന്നു നോക്കു്," അദ്ദേഹം പറഞ്ഞു, "അതു നിങ്ങളെടുക്കുക. അവ ളതു കാണട്ടെ. അവൾ വരും. അതു് അവൾക്കു കൊടുക്കുന്ന തിലുള്ള ആഹ്ലാദമനുഭവിക്കാൻ ഞാൻ നിങ്ങളെ സവ്വാത്മനാ അനുവദിക്കുന്നു. അവൾക്കു പഞ്ചസാരയോട്ട വല്ലാത്ത ആർ ത്തിയാണു്. അങ്ങനെ നിങ്ങളുടെയടുത്തുവരാനും നിങ്ങളെ പരിചയപ്പെടാനും അവളെ പരിശീലിപ്പിക്കാം."

"അവൾ ബോധവതിയായ ഒരു സ്ത്രീയായിരുന്നപ്പോൾ, മധുരപദാത്ഥങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല." ഫിലിപ് വിഷാദ പൂവ്വം പറഞ്ഞു.

ഫിലിപ് പഞ്ചസാരത്തുണ്ടങ്ങൾ കൈകളിലെടുത്തു് കുലുക്കി കാണിച്ചപ്പോൾ സ്റ്റിഫാനെ പിന്നേയും ആ കാട്ടുപ ക്ഷിയുടെ കരച്ചിൽ ഉയത്തി. അനന്തരം അയാളുടെ നേർക്കു് അവളോടിയെത്തി. പെട്ടെന്നു് അവൾ സംശയിച്ചുനിന്നു. ആ പഞ്ചസാരത്തുണ്ടത്തിനുള്ള കൊതിയും അയാളോടുള്ള ഭയവും തമ്മിൽ അവളിലൊരു സംഘട്ടനം നടന്നു. പഞ്ചസാ രയിൽ കണ്ണോടിച്ചിട്ടു് അവൾ മുഖം തിരിച്ചു. ഭക്ഷണം മു മ്പിൽ വച്ചുപ്പെട്ടിട്ടു് യജമാനൻെറ പൂണ്ണാനുമതി ലഭിക്കാത്ത നിർഭാഗ്യവാനായ ഒരു നായേപ്പോലെ, സ്റ്റിഫാനെ കാതര യായി നോക്കി. ഒട്ടവിൽ ജന്തുസഹജമായ കൊതി ഭയത്തെ ജയിച്ചു. അവൾ ഫിലിപ്പിൻെറ സവിധത്തിലേക്കു പാഞ്ഞു. കോമളമായ കൈത്തണ്ടുയത്തി പഞ്ചസാരത്തുണ്ടം കവരുന്ന തിനു് അവൾ മുതിന്നു. അവളുടെ കൈ, കമിതാവിന്റെ വിര ലുകളിൽ തൊട്ടു; ഒരു പഞ്ചസാരത്തുണ്ടം പിടിച്ചെടുത്തുകൊ ണ്ടു് ആ ഭ്രാന്തിപ്പെണ്ണു് വനപ്പടപ്പിൽ മറഞ്ഞു. വേദനപുരണ്ട ആ രംഗം ഫിലിപ്പിനു സഹിക്കാൻ കഴിഞ്ഞില്ല. അയാൾ പൊട്ടിക്കരഞ്ഞുകൊണ്ടു വിരുന്നുമുറിയിൽ അഭയംതേടി.

"വാത്സല്യത്തേക്കാൾ പ്രേമത്തിനു ധൈയ്യം കുറവാ ണോ?" ഫാനിയേ ചോദിച്ചു. "എനിക്കു് ആശയുണ്ടു്, മോൺ ഷിയർ. എൻെറ ഈ അനന്തിരവൾ ഇതിനു മുമ്പു് ഇതില്യ മെത്രയോ മോശപ്പെട്ട നിലയിലായിരുന്നു."

''അതു സാദ്ധ്യമാണോ?'' ഫിലിപ് നിലവിളിച്ചു.

''അവൾ വസ്ത്രം ധരിക്കയില്ല.'' ഡോക്ടർ പറഞ്ഞു.

ഫിലിപ് ഞെട്ടി, അയാളുടെ മുഖം വിളറി. ഡോക്ടരുടെ നോട്ടത്തിൽ അതു് ആരോഗ്യകരമായ ലക്ഷണമായിരുന്നില്ല. ഡോക്ടർ, ഫിലിപ്പിൻെറ നാഡി പരിശോധിച്ചു. അയാൾക്കു് നല്ല പനിയുണ്ടു്. വളരെ നിർബന്ധിച്ചു് അദ്ദേഹം അയാളെ കിടക്കയിൽ കിടത്തി. വിശ്രമവും ഉറക്കവും കിട്ടാൻവേണ്ടി ഏതാനുംതുള്ളി ഉറക്കമരുന്നു് അയാൾക്കു നല്കപ്പെട്ടു.

ഫിലിപ് ഒരാഴ്ചയോളം അവിടെ കഴിച്ചുകൂട്ടി. മാരകമായ വേദനയോടു പടവെട്ടിക്കൊണ്ടിരുന്ന അത്രയും കാലം. കരഞ്ഞുകരഞ്ഞു് അയാൾക്കു കണ്ണുനീരില്ലെന്നായി. പലപ്പോഴും അയാൾ ഹൃദയസ്തംഭനത്തിൻെറ വക്കത്തെത്തിയിരുന്നു. സ്റ്റീഫാനെയുടെ ഭ്രാന്തു കണ്ടുനില്ക്കാനുള്ള മനക്കരുത്തു നേടാനയാൾക്കു കഴിഞ്ഞില്ല. ഈ ദാരുണമായ അവസ്ഥയിൽ തൻെറ വേദനക്കു് അയാൾ സ്വയം സാന്ത്വനോപാധികൾ കണ്ടെത്തി. ആ ധീരത അളവററതായിരുന്നു. മധുരഭോജ്യങ്ങൾ നൽകി സ്റ്റിഫാനെയുടെ കട്ടത്ത ലജ്ജയെ ജയിക്കാനയാളുറച്ചു. തൻെറ മുഴുവൻ വിചാരങ്ങളും അതിൽ കേന്ദ്രീകരിച്ചു. അവളുടെ ബുദ്ധിയുടെ അവസാനസ്ഫുരണങ്ങൾ ജ്വലിപ്പിക്കാനയാൾക്കു കഴിഞ്ഞു. അവൾ പണ്ടേക്കാളൊക്കെ കൂടുതൽ ഇണക്കം കാണിക്കാൻ തുടങ്ങി. എല്ലാ പ്രഭാതത്തിലും ഫിലിപ് ഉദ്യാനത്തിലേക്കു ചെല്ലും. അവൾ ഏതെങ്കിലും മരത്തിൻെറ പച്ചപ്പടപ്പിൽ മറഞ്ഞിരിക്കുന്നുണ്ടാവും; അല്ലെങ്കിൽ ഏതെങ്കിലുമൊരു പക്ഷിയെ കളിപ്പിച്ചുകൊണ്ടു് ഏതോ മൂലയിലിരിക്കയാവാം; അതുമല്ലെങ്കിൽ മേച്ചിൽസ്ഥലങ്ങളിലെവിടെയോ കുത്തിയിരിക്കുന്നുണ്ടാവാം. സ്റ്റിഫാനെയുവേണ്ടിയുള്ള തിരച്ചിൽ പരാജയപ്പെട്ടപ്പോൾ ഫിലിപ് പ്രസിദ്ധമായ ഒരു ഗാനം മൂളുകയായി. അതു് അവരുടെ പ്രണയബന്ധത്തിൻെറ പൂർവ്വസ്മരണകളെ വിളിച്ചുണർത്തി. അതുകേട്ടു്, ഒരു മാൻകിടാവിൻെറ ഗതിവായ്പയോടെ അവൾ കുതിച്ചെത്തുകയായി. ഫിലിപ്പുമായി നിരന്തരമായുള്ള കൂടിക്കാഴ്ചകൾ അവളിലെ ഭയത്തെ അകററി. അധികം താമസി

യാതെ, അവൾ തന്റെ കനംകുറഞ്ഞു്, മൃദുവായ കരങ്ങളെക്കൊണ്ടയാളെ ചുററി, അയാളുടെ മടിത്തട്ടിലിരിക്കുമെന്നായി. അപ്പോൾ ഫിലിപ്പ് ഓരോന്നോരോന്നായി മധുരഭോജ്യങ്ങൾ അവൾക്കു നൽകും. അവ മുഴുവൻ തീൎന്നുകഴിയുമ്പോൾ തന്റെ കമിതാവിന്റെ പോക്കററുകൾ പരിശോധിക്കാൻ തുടങ്ങും. ഒരു കുരങ്ങിന്റെ സഹജമായ നിപുണതയും ചാപല്യവുമവൾക്കതിലുണ്ടു്. പോക്കറ്റുകളിൽനിന്നു് ഒന്നും കിട്ടാതെ വരുമ്പോൾ ശൂന്യനയനങ്ങളോടെ അവൾ ഫിലിപ്പിന്റെ മുഖത്തേയ്ക്കു നോക്കും. അവയുടെ നിഷ്കളങ്കമായ അഗാധതകളിൽ ചിന്തയോ നന്ദിയോ ഉണ്ടായിരുന്നില്ല. പിന്നെ, അവൾ, അയാളോടൊത്തു കളിക്കുകയായി. അയാളുടെ കാൽപ്പാദങ്ങൾ കാണാനുള്ള കൗതുകത്തോടെ ബൂട്ട്സ് അഴിച്ചുമാററും; കൈയുറകൾ ഊരിയെടുത്തു് തുണ്ടങ്ങളായിക്കീറും; തൊപ്പിയെടുത്തു് തലയിൽവയ്ക്കും. അയാളുടെ കൈവിരലുകൾ, തന്റെ മുടിയിഴകളിലൂടെ അമൎത്തിത്തലോടാൻ അവൾ വഴങ്ങിക്കൊടുക്കും. അയാളുടെ കരങ്ങളിൽ ഞെരിഞ്ഞമരുന്നതിൽ അവൾക്കു യാതൊരു വിപ്രതിപത്തിയുമില്ലാതായി. അയാളുടെ വികാരവൈവശ്യമാൎന്ന ചുടുചുംബനങ്ങളിൽ അവൾക്കൊരു പരാതിയുമില്ല. അവസാനം അയാൾ കണ്ണുനീർ തൂവുന്നെങ്കിൽ അവൾ നിശ്ശബ്ദമായി ആ മുഖത്തേയ്ക്കു നോക്കിനില്ക്കും.

അയാൾ ഗാനം മൂളുമ്പോൾ അവൾക്കതിന്റെ സൂചന മനസ്സിലാവാറുണ്ടു്. പക്ഷേ, സ്റ്റിഫാനെ എന്ന പേരു് അവളെക്കൊണ്ടുതന്നെ പറയിപ്പിക്കാൻ അയാൾക്കു കഴിഞ്ഞില്ല. ഹൃദയത്തിനു യാതൊരു പകൎച്ചയുമില്ലാത്ത, നിരന്തരപ്രയത്നമായിരുന്നു ഫിലിപ്പിന്റേതു്. അയാൾ ഒരിക്കലും നിരാശനായില്ല. പ്രകാശവത്തായ ശരൽക്കാലപ്രഭാതത്തിൽ, ഒരു പോപ്ലാർമരത്തിന്റെ തണലിൽ ശാന്തമായി അവളിരിക്കുന്നുണ്ടാവും. അപ്പോൾ വിഷാദമഗ്നനായ കാമുകൻ, അവളുടെ കാലടികളിലിരുന്നുകൊണ്ടു് ആ കണ്ണുകളിലേക്കു നോക്കും. അങ്ങനെ നോക്കിയിരിക്കുമ്പോൾ ആ കണ്ണുകളിൽ ബുദ്ധിസ്ഫുരണം പ്രകാശിക്കുമെന്നാണയാളുടെ ആശ. ഫിലിപ്പ് ചിലപ്പോൾ ഒരു വിഭ്രാന്തിക്കു വിധേയനാവാറുണ്ടു്. സ്റ്റിഫാനേയുടെ കണ്ണുകളിൽ ഒരു പുതിയ ജീവനും മൃദുതാവും വന്നു

ചേരെന്നു് അയാൾ സങ്കല്പിക്കും. എന്നിട്ടയാൾ പറഞ്ഞു: "സ്റ്റിഫാനേ! ഓ, സ്റ്റിഫാനേ!...ഞാൻ പറയുന്നതു കേൾക്കുക; എൻെറനേക്കു നോക്കു. നോക്കില്ലേ?"

പക്ഷേ, അവളെ സംബന്ധിച്ചിടത്തോളം കാമുകൻെറ ശബ്ദം മറ്റേതൊരു ശബ്ദവുംപോലെയായിരുന്നു—മരപ്പച്ചകളിൽ കാററുണ്ടാക്കുന്ന മർമ്മരംപോലെയോ, അവൾ ചാടിക്കയറുന്ന പശുവിൻെറ കരച്ചിൽപോലെയോ മാത്രം. ഈ വ്യാഘാതങ്ങൾ അയാളുടെ വേദനക്കു് ആഴം വദ്ധിപ്പിച്ചു.

ശാന്തസുന്ദരമായ ഒരു സയാഹ്നവേള. ആ സന്യാസാശ്രമത്തെ ചുഴ്ന്നുനില്ക്കുന്ന ശാന്തിയുടേയും നിശ്ശബ്ദതയുടേയും നടുക്കു് ഫിലിപ്പ് ഒരു തോക്കു നിറക്കുന്നതിൽ മുഴുകിയിരിക്കയാണു്. വിദൂരത്തിൽ നിന്നുകൊണ്ടു് ഡോക്ടർ ഫാനിയെ അതു കണ്ടു. കാമുകൻ, അയാളുടെ മുഴുവനാശകളും ഉപേക്ഷിച്ചിരിക്കുന്നുവെന്നു് അദ്ദേഹത്തിനു മനസ്സിലായി. ആ വൃദ്ധൻെറ ഹൃദയത്തിലേക്കു രക്തം കുതിച്ചൊഴുകി. താളംതെറ്റിയ തലച്ചോറോടുകൂടിയവളെങ്കിലും തൻെറ അനിന്തരവൾ ജീവിച്ചിരിക്കണമെന്ന ഉൽക്കടാഭിലാഷം അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. ആ ചിന്ത, പെട്ടെന്നുണ്ടായ തലച്ചുററലിനെ വിഗണിക്കുന്നതിനു പ്രേരണ നൽകി. അദ്ദേഹം ഫിലിപ്പിൻെറ സമീപത്തേക്കു പാഞ്ഞുചെന്നു.

"നിങ്ങളെന്താണു ചെയ്യുന്നതു്?" അദ്ദേഹം വിളിച്ചു ചോദിച്ചു.

"അതെനിക്കു വേണ്ടിയാണു്," ബെഞ്ചിന്മേൽ വച്ചിരുന്ന നിറതോക്കിനെ ചൂണ്ടി ഫിലിപ്പ് പറഞ്ഞു. "ഇതു് അവൾക്കുവേണ്ടിയും." തൻെറ കൈയിൽ പിടിച്ചിരുന്ന തോക്കിലേക്കു തിര തള്ളിനിറച്ചുകൊണ്ടു് അയാൾ തുടൎന്നു.

പന്തുകൾ തട്ടിക്കളിച്ചുകൊണ്ടു്, സ്റ്റിഫാനേ തറയിൽ മലൎന്നുകിടക്കുന്നുണ്ടായിരുന്നു.

"അവൾ കഴിഞ്ഞരാത്രിയിൽ ഉറങ്ങിക്കിടന്നപ്പോൾ 'ഫിലിപ്പ്' എന്നു പിറുപിറുത്ത സംഗതി നിങ്ങളറിഞ്ഞില്ല. അല്ലേ?" തൻെറ പരിഭ്രാന്തി മറയ്ക്കാൻ ബദ്ധപ്പെട്ടുകൊണ്ടു് ഡോക്ടർ ശാന്തമായിപ്പറഞ്ഞു.

"എന്ത്? അവളെൻെറ പേരു പറഞ്ഞെന്നോ?" ഫിലിപ്പിൻെറ കൈയിൽനിന്ന് അയാളറിയാതെ തോക്കു താഴെ വീണു. സ്റ്റിഫാനേ അതു കൈക്കലാക്കി. പക്ഷേ, ഫിലിപ് അതു് അവളുടെ പക്കൽനിന്നു പിടിച്ചുവാങ്ങിച്ചു. ബഞ്ചിൽനിന്നു മറേറതോക്കും എടുത്തുകൊണ്ടു് അയാളോടി.

"സാധു മനുഷ്യൻ!" തൻെറ അടവു് അത്ര ഭംഗിയായി വിജയിച്ചതിലുള്ള ചാരിതാർത്ഥ്യത്തോടെ ഡോക്ടർ സ്വയം പറഞ്ഞു. അവളെ മാറോടണച്ചുകൊണ്ടു് അദ്ദേഹം തുടൎന്നു: "അയാളുടെ സ്വാൎത്ഥനിമിത്തം അയാൾ നിന്നെ വധിച്ചേനെ. അയാൾ ദുഃഖനിമഗ്നനായതുകൊണ്ടു് നീ മരിക്കണമെന്നയാളാഗ്രഹിക്കുന്നു. നിനക്കുവേണ്ടിമാത്രമായി നിന്നെ സ്നേഹിക്കാനറിഞ്ഞുകൂടാത്ത ഒരു കാമുകൻ! നാം അയാൾക്കു മാപ്പുകൊടുക്കും, ഇല്ലേ കുഞ്ഞേ? അയാൾക്കു ബോധമില്ല. നിനക്കു ഭ്രാന്താണെന്നേയുള്ളു. സാരമില്ല. ദൈവത്തിനുമാത്രമേ അദ്ദേഹത്തിങ്കലേയ്ക്കു നിന്നെ വിളിക്കാൻ സാധിക്കൂ. ഞങ്ങൾ നിന്നെ കാണുന്നതു ദുരിതമനുഭവിക്കുന്നവളായാണു്—നീ ഞങ്ങളുടെ ദുരിതത്തിൻെറ പങ്കു പററാത്തതുകൊണ്ടു്; ഞങ്ങൾ വിഡ്ഢികളായതുകൊണ്ടു്! നിനക്കു വാസ്തവത്തിൽ സൗഖ്യമാണു്." അവളെ മടിയിൽ പിടിച്ചിരുത്തിക്കൊണ്ടു് അയാൾ വീണ്ടും പറഞ്ഞു: "ഒന്നും അവളെ വേദനിപ്പിക്കുന്നില്ല. അവൾ പക്ഷികളെപ്പോലെയോ മാൻകുട്ടിയെപ്പോലെയോ ജീവിക്കുന്നു."

അതിലെ ചാടിച്ചാടിപ്പോയ ഒരു കറുത്ത പക്ഷിയെ സ്റ്റിഫാനേ പിടികൂടി. ആഹ്ലാദം നിറഞ്ഞ ഒരു സ്വരമുയൎത്തിക്കൊണ്ടു് അവൾ അതിൻെറ കഴുത്തു ഞെരിച്ചുകൊന്നു. ആ ജഡത്തിൻെറനേക്കു് അവൾ തുറിച്ചുനോക്കി; ഒരു മരച്ചുവട്ടിലേയ്ക്കു് അതിനെ എറിഞ്ഞുകളയുകയും ചെയ്തു.

അടുത്ത പ്രഭാതത്തിൽ സ്റ്റിഫാനേയെത്തേടി ഫിലിപ് പൂന്തോട്ടത്തിലേക്കു ചെന്നു. അയാളിലുള്ള ആശ ഉല്ക്കടമായിരുന്നു. അവളെ കണ്ടില്ല. അയാൾ പഴയ ആ ഗാനത്തിൻെറ ഈണം മൂളി. അവൾ വന്നു. അവളുടെ കരം ഗ്രഹിച്ചുകൊണ്ടു് ആദ്യമായി അയാൾ വൃക്ഷനിരയ്ക്കു കീഴിലെ നടപ്പാതയിലൂടെ നടന്നു. പ്രഭാതത്തിലെ ഇളംകാററു് അവരുടെ പുറവും പഴുത്തുണങ്ങിയ ഇലകൾ കുലുക്കിവീഴ്ത്തി. ഫിലിപ് ഒരിട

ത്തിരുന്നു; സ്റ്റീഫാനേ അയാളുടെ മടിയിലും—ആ ആനന്ദാനുഭൂതിയിൽ അയാൾ പുളകം കൊണ്ടു. "എൻെറ ഓമനേ!" അവളുടെ കരതലങ്ങളിൽ വികാരവിവശമായ ചുംബനങ്ങളർപ്പിച്ചിട്ട് അയാൾ മൃദുവായി പറഞ്ഞു: "ഞാൻ ഫിലിപ്പാണ്...!"

അവൾ കൗതുകപൂർവ്വം അയാളെ നോക്കി. "അടുത്തുവരൂ," അയാൾ തുടർന്നു. അവളെ അയാൾ തന്നോടു ചേർത്തണച്ചു. "നീ എൻെറ ഹൃദയമിടിപ്പ് അറിയുന്നുണ്ടോ? അതു നിനക്കുവേണ്ടിയാണു സ്പന്ദിക്കുന്നതു്—നിനക്കുവേണ്ടി മാത്രം. ഞാൻ നിന്നെ എല്ലായ്പോഴും സ്നേഹിക്കുന്നു. നിൻെറ ഫിലിപ്പ് മരിച്ചിട്ടില്ല; അവൻ ഇവിടെ നിൻെറ അരികിലുണ്ടു്. നീ അവൻെറ മടിയിലാണിരിക്കുന്നതു്. നീ എൻെറ സ്റ്റീഫാനേയാണ്; ഞാൻ നിൻെറ ഫിലിപ്പും."

"മംഗളം നേരുന്നു!" അവൾ പറഞ്ഞു: "മംഗളം നേരുന്നു!"

കേണൽ ഫിലിപ്പ് ഞെട്ടിപ്പോയി. തൻെറ ക്ഷോഭപൂർണ്ണമായ വികാരങ്ങളുടെ സ്പന്ദനം കാമുകിയിലെത്തിച്ചേർന്നിട്ടുണ്ടെന്ന് അയാൾ വ്യാമോഹിച്ചു. തൻെറ ഹൃദയപൂർവ്വമായ ശബ്ദം അവളെ ഉണർത്തിയിട്ടുണ്ടാവണം! ആ ശബ്ദം ആശാനിർഭരമാണ്; ശാശ്വതസ്നേഹത്തിൻെറ മുഴുവൻ ആയാസവുമതിലുണ്ടു്—തൻെറ കാമുകിയുടെ ആത്മാവിൽ ചൂഴ്ന്നിറങ്ങാൻ കൊതിയുള്ള ദിവ്യമായ ആവേശവും.

"ഓ, സ്റ്റീഫാനേ, എന്നാലും നമുക്കാനന്ദമായി കഴിയാം."

സംതൃപ്തിയുടേതായ ഒരു ഉൽഘോഷം അവളിൽനിന്നുണ്ടായി. വിവേകത്തിൻെറ ഒരു മങ്ങിയ കിരണം ആ കണ്ണുകളിൽ തുടിക്കുന്നു.

"ങ്ഹാ, അവളെന്നെ അറിയുന്നു. സ്റ്റീഫാനേ!..."

കേണൽ ഫിലിപ്പിനു് തൻെറ ഹൃദയം വികസിക്കുന്നുവെന്നു തോന്നി. കൺപോളകളിൽ ജലകണങ്ങളുരുണ്ടുകൂടി. പക്ഷേ, പെട്ടെന്ന് സ്റ്റീഫാനെ, അല്പം പഞ്ചസാര അയാളുടെ മുമ്പിലേയ്ക്കു് എടുത്തുകാട്ടി. അയാൾ സംസാരത്തിൽ മുഴുകിയപ്പോൾ, അവൾ സാമർത്ഥ്യപൂർവ്വം അതു കൈവശപ്പെടുത്തുക

യായിരുന്നു. കുരങ്ങിന്റെ കുസൃതിത്തരംനിറഞ്ഞ കൗശലത്തെ അയാൾ വിവേകമെന്നു തെററിദ്ധരിച്ചു.

ഫിലിപ്പ് ബോധംകെട്ടു വീണു. ഫാനിയേ കണ്ടതു സ്റ്റിഫാനെ, ഫിലിപ്പിൻെറ തളർന്ന ദേഹത്തിരിക്കുന്നതാണ്. തൻെറ കൈയിലിരുന്ന പഞ്ചസാര അവൾ അല്പാല്പം നുണഞ്ഞിറക്കുന്നു. മുഖംകൊണ്ടുള്ള ഇളിപ്പും ആംഗ്യങ്ങളും അതിൽ അവൾക്കുള്ള ആനന്ദത്തെ സൂചിപ്പിച്ചു. ബോധവതിയായ ഒരു സ്ത്രീ, തൻെറ തത്തയേയൊ പൂച്ചയേയൊ അനുകരിക്കുമ്പോൾ കാണിക്കുന്ന ഭാവവിശേഷങ്ങൾ.

"ഓ, എൻെറ കുട്ടകാരി!" ഫിലിപ്പ് ബോധവാനായപ്പോൾ ദീനമായി വിളിച്ചു. "ഒരു ദിവസത്തിൻെറ എല്ലാ നിമിഷങ്ങളിലും മരിച്ചുകൊണ്ടിരിക്കുന്നതുപോലെയാണിതു്. ഞാനവളെ എത്രയധികം സ്നേഹിക്കുന്നു. അവൾ സ്ത്രീത്വത്തിൻെറ ലേശമെങ്കിലും പ്രകടിപ്പിച്ചെങ്കിൽ ഞാൻ സഹിച്ചേനെ. പക്ഷേ, ദിവസം ചെല്ലുന്തോറും അവളൊരു വന്യമൃഗത്തിൻെറ മട്ടായിത്തീരുന്നു. അല്പമെങ്കിലും ശാലീനതയില്ലാതെ അവളെ കാണുന്നതു്..."

"അപ്പോൾ നിങ്ങൾക്കാവശ്യമുള്ളതു് ഒരുതരം നാടകീയഭ്രാന്താണു്, അല്ലേ?" ഡോക്ടർ നിശിതമായി ചോദിച്ചു: "കാമുകൻെറ അനുരാഗത്തേക്കാൾ നിങ്ങളുടെ ദുരഭിനിവേശങ്ങൾക്കാണു ശക്തിക്കൂടുതൽ, അല്ലേ? മോൺഷിയർ ഫിലിപ്പ്, എന്താണിതു്? എൻെറ അനന്തിരവൾക്കു് ആഹാരം കൊടുക്കാനുള്ള വിഷാദകരമായ സൗകര്യം ഞാൻ നിങ്ങൾക്കു തന്നു; അവളുടെ ഉല്ലാസവേളയുടെ ആസ്വാദനവും. ഞാൻ എനിക്കുവേണ്ടി സൂക്ഷിച്ചതോ, കേവലം ദുരിതഭാരം മാത്രം. നിങ്ങളുറങ്ങുമ്പോൾ ഞാനവൾക്കു കാവലിരിക്കുന്നു. ഞാൻ... പോകൂ, മോൺഷിയർ, ഈ സംരംഭമുപേക്ഷിച്ചേക്കു. ഈ നിർജ്ജീവമായ സന്യാസാശ്രമം വിട്ടു പോകൂ. എനിക്കു്, എന്റെ പ്രിയപ്പെട്ട കുഞ്ഞിനോടൊന്നിച്ചു ജീവിക്കാൻ കഴിയും. എനിക്കവളുടെ രോഗം മനസ്സിലാക്കാം. ഞാനവളുടെ ചലനങ്ങൾ പഠിക്കുന്നു; എനിക്കവളുടെ രഹസ്യങ്ങളറിയാം. ഒരു ദിവസം, നിങ്ങളെനിക്കു നന്ദി പറഞ്ഞേന്നു വരും."

കേണൽ ഫിലിപ്പ് മൈനോറൈറ്റ് സന്യാസാശ്രമം

വിട്ടുപോയി. ഒരിക്കൽക്കൂടി മാത്രമേ അതു കാണാൻ വിധി അയാളെ അനുവദിച്ചുള്ളു. തൻെറ അതിഥിയുടെമേൽ താൻ പറഞ്ഞ വാക്കുകൾ ചെലുത്തിയ ഫലത്തിൽ ഡോക്ടർ ഭയചകിതനായി. ഡോക്ടർക്ക് അദ്ദേഹത്തിൻെറ അനന്തിരവളുടെ കാമുകൻ അവളെപ്പോലെതന്നെ പ്രിയംകരനായി. ഫിലിപ് തീർച്ചയായും അനുകമ്പയർഹിച്ചിരുന്നു. അയാൾ ഏകനായി ആ കൊടുംദുരിതത്തിൻെറ ഭാരം ചുമന്നില്ലേ?

ഡോക്ടർ, കേണൽ ഫിലിപ്പിനെ, എല്ലായിടത്തും അന്വേഷിച്ചു. ഒടുവിൽ, സെൻറ് ജമ്മയിനു് അടുത്തുള്ള ഒരു ഗ്രാമീണവസതിയിൽ, അയാൾ വിരക്തജീവിതമാരംഭിച്ചുവെന്നറിവായി. സ്റ്റിഫാനെയെ, ബോധാവസ്ഥയിലേക്കു വീണ്ടെടുക്കാനുള്ള ഒരു പദ്ധതി അയാൾ സ്വപ്നംകണ്ടു. ശരൽക്കാലത്തിൻെറ അന്ത്യഘട്ടം ഒരു വലിയ പദ്ധതി രൂപീകരിക്കാൻ കേണൽ ചെലവാക്കുകയാണെന്നു ഡോക്ടററിഞ്ഞില്ല. ഫിലിപ്പിൻെറ ഗ്രാമവസതിയിലെ ഉപവനത്തിലൂടെ ഒരു കൈത്തോട്ട് ഒഴുകിക്കൊണ്ടിരുന്നു. മഴക്കാലത്തു് അതിൻെറ കരയിലുള്ള താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിൽ മുങ്ങും. ബെർസീനായുടെ കിഴക്കുഭാഗത്തു കാണുന്നതുപോലുള്ള ഒരു മൈതാനഭൂമിയാണതു്. അതിൻെറ മുകൾഭാഗത്താണു സ്റ്റാറൂട്ട്ഗ്രാമം. ഒരു ശൂന്യഭൂമിയുടെ അന്തരീക്ഷമാണവിടെ. ബെർസീനായിലെ ചതുപ്പുനിലങ്ങൾ ചൂഴ്ന്ന സ്റ്റഡ്സിയാങ്കാപോലെ. ഫ്രാൻസിൻെറ വിഭവങ്ങളും നെപ്പോളിയൻെറ സൈന്യശക്തിയും വിഴുങ്ങിയ ദാഹതപ്തയായ ബെർസീനായെ പ്രതിഫലിപ്പിക്കുന്ന ഒരു നീർച്ചാലു നിർമ്മിക്കാൻ, കേണൽ തൊഴിലാളികളെ നിയോഗിച്ചു. തൻെറ ഓർമ്മകളിൽ സഹായം തേടിക്കൊണ്ടു്, ഫിലിപ്, അവിടെ ജനറൽ എബ്ലെ നിർമ്മിച്ചമാതിരി പാലങ്ങളും പണിതു. കുറ്റികളുണ്ടാക്കി കത്തിച്ചു് നദിയുടെ ഇരുകരകളിലും ചാരം പുരണ്ടതും കരിഞ്ഞു കറുത്തതുമായ തടിയുടെ അവശിഷ്ടങ്ങൾ സംവിധാനം ചെയ്തു. അഭയാർത്ഥിപ്രവാഹത്തിൻെറ ഫ്രാൻസിലേക്കുള്ള മടക്കയാത്ര അസാദ്ധ്യമാക്കിത്തീർത്തതിൻെറ നാടകീയചിത്രമാണതു്. തൻെറ സഖാക്കൾ, നിർഭാഗ്യവേളയിൽ ചങ്ങാടം തട്ടിക്കൂട്ടുന്നതിനുപയോഗിച്ചതുപോലുള്ള തടിക്കഷണങ്ങളും

മററും ഫിലിപ്പ് അവിടവിടെ സംഭരിച്ചുകൂട്ടി. തന്റെ അവസാനത്തെ ആശകൾ ഫിലിപ്പ് ഒരു മായാലോകത്തിന്റെ നിർമ്മിതിയിൽ നിക്ഷേപിക്കുകയാണ്. അയാളുടെ ഉപവനം ഒരു ശൂന്യഭൂമിയാക്കിത്തീർത്തു. നൂറുകണക്കിനു കൃഷീവലർ മുഷിഞ്ഞുകീറിയ യൂണിഫോറവും മററു വസ്ത്രങ്ങളുമണിയാൻ നിർദ്ദേശിക്കപ്പെട്ടു. കുടിലുകളും തുറസ്സായ ക്യാമ്പുകളും പീരങ്കിപ്പാളയങ്ങളും കൃത്രിമമായി നിർമ്മിച്ചു കത്തിയെരിച്ചു. അന്നത്തെ ആ ബീഭത്സരംഗങ്ങളുടെ പുനരാവിഷ്ക്കരണത്തിനുള്ള ഒരുപാധിയും അയാൾ വിട്ടുകളഞ്ഞില്ല.

അയാൾ വിജയിച്ചു. ഡിസംബറിന്റെ പ്രാരംഭദിവസങ്ങളിൽ വെണ്മയുള്ള ഒരു തിരസ്കരണികൊണ്ടെന്നപോലെ മണ്ണിൽ മഞ്ഞുമൂടി. സാക്ഷാൽ ബെർസീനാതന്നെയാണു കാണുന്നതെന്നു ഫിലിപ്പിനുപോലും തോന്നി. യാഥാർത്ഥ്യത്തോടു പൊരുത്തപ്പെട്ട ആ രംഗചിത്രീകരണം കണ്ടു് അയാളുടെ പല സഖാക്കളും തങ്ങളുടെ കഴിഞ്ഞകാലദുരിതങ്ങൾ അനുസ്മരിച്ചു. ഈ വിഷാദമൂകമായ പശ്ചാത്തലത്തിൽ അഭിനയിക്കേണ്ട നാടകത്തിന്റെ രഹസ്യം ഫിലിപ്പ് ആരുമറിയാതെ സൂക്ഷിച്ചു. പക്ഷേ, പാരീസിലെ സാമൂഹ്യവലയങ്ങളിൽ ഫിലിപ്പിന്റെ ഭ്രാന്തചാപല്യങ്ങൾ ആക്ഷേപിക്കപ്പെട്ടു!

1820 ജനുവരിമാസത്തിന്റെ ആരംഭദിവസങ്ങളിൽ കേണൽ ഫിലിപ്പ് ഒരു വണ്ടിയിൽ, ആദംദ്വീപിലെ വനാന്തരങ്ങളിലേക്കു് ഒരു യാത്ര പുറപ്പെട്ടു. മോൺഷിയർ വാൻഡിയേയും മാഡവും മോസ്കോയിൽനിന്നു സ്റ്റഡ്സിയാങ്കായിലേക്കുള്ള യാത്രയ്ക്കുപയോഗിച്ചിരുന്നതുപോലുള്ള ഒരു വാഹനമായിരുന്നു അതു്. അന്നത്തെ കുതിരകളെ അനുസ്മരിപ്പിക്കുന്നവയാണു് ഇപ്പോൾ ഫിലിപ്പ് ഉപയോഗിക്കുന്നവയും. അയാൾ ധരിച്ചിരുന്ന വികൃതവും ചേറണിഞ്ഞതുമായ വസ്ത്രങ്ങൾ, പടക്കോപ്പുകൾ, തൊപ്പി എന്നിവ 1812 നവംബർ 29-ാംതീയതി അയാളുപയോഗിച്ചിരുന്നവയാണു്. മുടിയും താടിയും വളർത്തിയ ഒരു വികൃതരൂപമാണു ഫിലിപ്പിന്റേതു്.

“നിങ്ങളെന്താണു ചെയ്യാനുദ്ദേശിച്ചതെന്നു ഞാനൂഹിച്ചു,” കേണൽ കുതിരപ്പുറത്തുനിന്നിറങ്ങുമ്പോൾ ഡോക്ടർ ഫാനിയെ പറഞ്ഞു. “നിങ്ങളുടെ പദ്ധതി വിജയിക്കുന്നമെ

ന്നാണുദ്ദേശമെങ്കിൽ, ഈ വാഹനത്തിൽവച്ച് അവൾ നിങ്ങളെ കാണാതിരിക്കയാണു നന്ന്. ഈ സായാഹ്നത്തിൽ ഞാനവൾക്ക് അൽപം ഉറക്കമരുന്നു കൊടുക്കാം. അവൾ ഉറങ്ങുന്ന വേളയിൽ, അന്നു സ്റ്റഡ്സിയാങ്കായിൽവച്ചു ധരിച്ചിരുന്ന അതേ വസ്ത്രങ്ങൾ അവളെ അണിയിക്കാം; എന്നിട്ട നിങ്ങളുടെ വാഹനത്തിൽ അവളെ കൊണ്ടിരുത്തുകയും ചെയ്യാം. ഞാൻ മറെറാരു വാഹനത്തിൽ നിങ്ങളെ പിന്തുടരാം.''

പ്രഭാതത്തിൽ, രണ്ടുമണിക്കുശേഷം വാൻഡിയേപ്രഭ്വി വണ്ടിയിലേക്കു കൊണ്ടുവരപ്പെട്ടു. തലയിണകളിൽ ചാരിക്കിടത്തി അവളെ ഒരു പരുക്കൻ ബ്ലാങ്കററു പുതപ്പിച്ചു. അത്ഭുതകരമായ ഈ ശ്രദ്ധയാത്ര ഒരുങ്ങിക്കഴിഞ്ഞപ്പോൾ ഏതാനും കൃഷീവലന്മാർ പന്തങ്ങളുയർത്തിക്കാട്ടി.

രാത്രിയുടെ കനത്ത നിശ്ശബ്ദതയിൽ പെട്ടെന്നൊരു നിലവിളി ഉയൎന്നു. ഫിലിപ്പും ഡോക്ടരും തിരിഞ്ഞുനോക്കി. ജനിവീവ്! അവൾ അർദ്ധനഗ്നയായി കിടപ്പുമുറിയിൽനിന്നെഴുന്നേററു വന്നിരിക്കയാണ്.

''മംഗളം നേരുന്നു,...മംഗളം നേരുന്നു...എല്ലാം അവസാനിച്ചു...മംഗളം നേരുന്നു,'' കട്ടപ്പിച്ചു കരഞ്ഞുകൊണ്ട് അവൾ വിളിച്ചുപറഞ്ഞു.

''എന്താണു ജനിവീവ്! എന്തോന്നാണ്?'' ഡോക്ടർ ചോദിച്ചു.

ജനിവീവ് കട്ടത്ത നൈരാശ്യത്തോടെ തല കുലുക്കി, കരങ്ങൾ ആകാശത്തിലേക്കുയർത്തി; അവൾ വണ്ടിയിലേക്കു നോക്കിയിട്ട് എന്തോ മുറുമുറുത്തു. വല്ലാത്ത ഭയം അവളെ ബാധിച്ചിരിക്കുന്നു. പേടിച്ചരണ്ട ആ പെൺകിടാവു്, തെന്നിത്തെറിച്ചു നടന്നുപോയി.

''നല്ല ശകുനംതന്നെ,'' കേണൽ പറഞ്ഞു, ''കൂട്ടുകാരി നഷ്ടപ്പെടുന്നതിൽ അവൾ സങ്കടപ്പെടുകയാണ്. സ്റ്റിഫാനേ വീണ്ടെടുക്കപ്പെട്ടുമെന്നു ജനിവീവ് മനസ്സിലാക്കുന്നതുപോലെ തോന്നുന്നു.''

''ദൈവം അനുഗ്രഹിച്ച് അങ്ങനെ സംഭവിക്കട്ടെ!'' ഡോക്ടർ ഫാനിയെ തികച്ചും വികാരാധീനനായിക്കഴിഞ്ഞിരുന്നു.

ഭ്രാന്തു്, ഡോക്ടർക്കു താൽപര്യമുളവാക്കിയിട്ടുള്ള ഒരു രോഗമാണു്. അതുകൊണ്ടദ്ദേഹം അതിനെപ്പററി പഠിച്ചു. പ്രവചിക്കാനുള്ള കഴിവും ഉൾക്കാഴ്ചയുമുള്ള സാമത്ഥ്യവും താളംതെററിയ തലച്ചോറുകൾക്കുണ്ടെന്നാണു ഡോക്ടരുടെ നിഗമനം. നാടകം യഥാതഥമായിത്തന്നെ അഭിനയിക്കപ്പെട്ടു.

ബെർസീനാതീരത്തിലൂടെ പ്രഭാതത്തിൽ ഒമ്പതുമണിക്കു സ്റ്റിഫാനേ യാത്രചെയ്തു. അവിടെനിന്നും നൂറടിയകലെ കൂട്ടമായി വെടിപൊട്ടി. അതുകേട്ടു് അവൾ ഞെട്ടിയുണന്നു. നൂറുകണക്കിനു കൃഷീവലർ ഭയകമ്പിതരായി അലറി. മരണത്തിലേക്കു തള്ളിയെറിയപ്പെട്ട ഇരുപതിനായിരം അഭയാർത്ഥികളുടെ ഉൽഘോഷത്തിൻെറ അനുസ്മരണമായിരുന്നു അതു്.

ഈ ശബ്ദകോലാഹലങ്ങളിൽ പരിഭ്രാന്തയായി വാൻഡിയേപ്രഭ്വി വണ്ടിയിൽനിന്നു പുറത്തേയ്ക്കു ചാടി. അവൾ ഹിമപ്പരപ്പിലൂടെ ഭയചകിതയായി ഓട്ടംതുടങ്ങി. കത്തിയെരിഞ്ഞ താവളങ്ങളും, മരവിച്ചുപോയ ബെർസീനാനദിയിലേക്കു തള്ളിയിറക്കുന്ന തടിച്ചങ്ങാടവും അവൾ കണ്ടു. ജനക്കൂട്ടത്തിനിടയിൽനിന്നുകൊണ്ടു മേജർ ഫിലിപ് വാൾ ചുഴററുന്നു! അവൾ പരിദീനയായി കരഞ്ഞു. അതു കേട്ടവക്കു ഞരമ്പുകളിലൂടെ പാഞ്ഞൊഴുകുന്ന രക്തം മരവിപ്പിക്കുന്നതായിത്തോന്നി. ത്രസിക്കുന്ന ഹൃദയത്തോടെ ഫിലിപ് അവളെ നിരീക്ഷിച്ചു. അവളുടേതു ശൂന്യങ്ങളായ കണ്ണുകളാണു്! ഓർമ്മകൾ, തലച്ചോറിൽ മെല്ലെ രൂപംകൊള്ളുന്നു! ഒരു പക്ഷിയുടെ തെളിഞ്ഞ കണ്ണുകൾപോലെയാണവളുടേതു്. ദ്രുതഗതിയിലുള്ള ചലനമാണവൾക്കു്! കൂട്ടത്തിൽ കാര്യഗ്രഹണപടുതയില്ലായ്മയും. അവൾ നെററിത്തടത്തിലൂടെ കൈയോടിച്ചു. വത്തമാനകാലത്തേയ്ക്കു കൊണ്ടുവരപ്പെട്ട കഴിഞ്ഞകാലജീവിതമാണവളുടെ ചുററും. അവൾ ഫിലിപ്പിൻെറ നേക്കു മുഖം തിരിച്ചു. അവൾ അയാളെക്കണ്ടു! സംഭ്രാന്തമായ ഒരു നിശ്ശബ്ദത! കേണൽ ഫിലിപ് പ്രയാസപ്പെട്ടു നിശ്വസിച്ചു. പക്ഷേ, അയാൾക്കു സംസാരിക്കാൻ ധൈര്യമില്ല. ഡോക്ടരുടെ കണ്ണു നിറഞ്ഞു. സ്റ്റിഫാനേയുടെ സുന്ദരമായ മുഖം വിവണ്ണമായി. അതിനു കാന്തി വർദ്ധിച്ചു. അവസാനം യൗവനത്തിൻെറ ചേതന

യുള്ള ഒരു പെൺകുട്ടിയായി അവൾ ജ്വലിച്ചു. ജീവിതവും ആഹ്ലാദഭാവവും ബുദ്ധിപ്രഭാവത്തോടെ അവളിൽ കത്തിയു യന്നു. തുള്ളിച്ചാടുന്ന നാളങ്ങൾപോലെ അവ അവളിൽ പ്ര സരിച്ചു. അവളുടെ കണ്ണുകൾ ഒരു സ്വർഗ്ഗീയപ്രകാശംകൊണ്ടെ ന്നപോലെ തിളങ്ങി. അതു് അവളുടെ ആത്മപ്രകാശത്തിന്റെ സൂചനയാണോ? അവൾ ജീവിച്ചു; അവൾ ചിന്തിച്ചു—സ്റ്റി ഫാനേ ഒന്നു ഞെട്ടി. അതു ഭയംകൊണ്ടായിരുന്നോ? മരണപ്പെ ട്ടുപോയ അവളുടെ നാക്കു വീണ്ടും സ്വാതന്ത്ര്യമാവുന്നു. കത്തിയ ണഞ്ഞ ആത്മാവിൽ ദൈവം അദ്ദേഹത്തിന്റെ ദീപം ജ്വലി പ്പിച്ചു. മനുഷ്യമനസ്സിന്റെ വൈദ്യുതപ്രവാഹം അവളുടെ ശരീരത്തിലൂടെ പാഞ്ഞു.

"സ്റ്റിഫാനേ!" കേണൽ ഫിലിപ് വിളിച്ചു.

"ഓ, ഇതു ഫിലിപ്പാണു്!" സ്റ്റിഫാനേ പറഞ്ഞു.

അവൾ അയാളുടെ കരവലയത്തിലേക്കു് ഓടിയണഞ്ഞു.

ആ കാമുകീകാമുകന്മാരുടെ പരസ്പരാലിംഗനം, കണ്ടുനി ന്നവരെ സംഭ്രാന്തരാക്കി. സ്റ്റിഫാനേ പൊട്ടിക്കരഞ്ഞു.

പെട്ടെന്നു കണ്ണുനീർ നിലച്ചു. അവൾ കനംതൂങ്ങി അ യാളുടെ കരതലത്തിൽ വീണു. ഇടിവെട്ടേററിട്ടെന്നപോലെ യായിരുന്നു അതു്. പരിക്ഷീണയായി അവൾ പറഞ്ഞു: "മംഗ ളം നേരുന്നു ഫിലിപ്! ഞാൻ നിങ്ങളെ സ്നേഹിക്കുന്നു...മം ഗളം നേരുന്നു."

"അവൾ മരിച്ചു." കൈകൾ പരസ്പരം കൂട്ടിയണയ്ക്കാതെ കേണൽ നിലവിളിച്ചു.

വൃദ്ധനായ ഡോക്ടർ ഒരു ചെറുപ്പക്കാരന്റെ ധീരതയോ ടെ ജീവനററ തന്റെ അനന്തിരവളുടെ ശരീരം കൈകളിലേ റുവാങ്ങി. അദ്ദേഹം അവളെ ഒരു വിറകുകൂനയിൽ കൊണ്ടു പോയി വച്ചു.

ഡോക്ടർ അവളുടെ മുഖത്തേയ്ക്കു നോക്കി. മനഃക്ലേശം കൊണ്ടു വിറയ്ക്കുന്ന വരണ്ടുമെലിഞ്ഞ കൈത്തലം അദ്ദേഹം അവളുടെ ഹൃദയത്തിലമർത്തി, ഹൃദയം മിടിക്കുന്നില്ല!

"ഇതു യഥാർത്ഥമാണോ?" ചേതനയററു നിൽക്കുന്ന കേ ണലിന്റെ മുഖത്തുനിന്നു കണ്ണുപറിച്ചു്, സ്റ്റിഫാനേയുടെ നേ ക്കു ചലിപ്പിച്ചുകൊണ്ടദ്ദേഹം ചോദിച്ചു.

മരണം അവളുടെ മുഖത്ത് ഒരു സ്വർഗ്ഗീയസൗന്ദര്യം വിതറി. അവളുടെ മുഖത്തെ ചൂഴ്ന്ന് ഒരു ലോലമായ പരിവേഷം കാണാം. ഒരുപക്ഷേ, അതവൾക്കു കിട്ടാവുന്ന ഒരു ഭാസുര ജീവിതത്തിനുള്ള ഉറപ്പായിരിക്കാം.

"അതേ, അവൾ മരിച്ചതാണ്."

"ഓ, എന്നാൽ ആ മന്ദസ്മിതം," ഫിലിപ് വിലപിച്ചു, "ആ ചിരി നോക്കു... ഇതു സാദ്ധ്യമാണോ?"

"അവൾ മരിച്ചുകഴിഞ്ഞിരിക്കുന്നു," ഡോക്ടർ ഫാനിയെ ഉറപ്പിച്ചുപറഞ്ഞു.

ആ കാഴ്ചകാണാൻ ഫിലിപ്പിനു മനക്കരുത്തില്ല. അയാൾ ഏതാനും അടികൾ നടന്നു. എന്നിട്ടു നടത്തം നിർത്തി. ഭ്രാന്തിയായ് സ്റ്റീഫാനേയ്ക്കു മനസ്സിലാകുന്ന ആ ഗാനം അയാൾ മൂളി. അതു കേട്ടിട്ട്, അവൾ എഴുന്നേററു തൻെറ സമീപത്തേയ്ക്കു പാഞ്ഞെത്തുന്നില്ലെന്നു കണ്ടപ്പോൾ, ഒരു കുടിയനേപ്പോലെ വേച്ചുവേച്ച് അയാൾ നടന്നകന്നു. അപ്പോഴും അയാൾ ആ ഗാനം മൂളുന്നുണ്ട്—പക്ഷേ, അയാൾ തിരിഞ്ഞുനോക്കിയില്ല.

* * *

സമൂഹജീവിതത്തിൽ കേണൽ ഫിലിപ്, ജീവനും പ്രസരിപ്പുമുള്ള ഒരു വ്യക്തിയായി അറിയപ്പെട്ടുന്നു; എല്ലാവരോടും ചേർന്നുപോകുന്ന പ്രകൃതം. അടുത്തകാലത്ത് അയാളുടെ ഫലിതബോധത്തേയും സൽസ്വഭാവത്തേയും ഒരു മഹതി പ്രശംസിക്കുകയുണ്ടായി.

"ഹാ! മാഡം," ഫിലിപ് പറഞ്ഞു: "എൻെറ ഏകാന്തവേളകളിൽ, എൻെറ ഉല്ലാസത്തിൻെറ പലിശ ഞാൻ വേണ്ടത്ര അനുഭവിക്കുന്നുണ്ട്."

"നിങ്ങൾ ഒരിക്കലും ഏകാന്തനായിരിക്കുന്നില്ലെന്നു ഞാൻ കരുതുന്നു."

"അല്ല." അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു.

മനുഷ്യസ്വഭാവം സൂക്ഷ്മമായി നിരീക്ഷിക്കുന്നവർ ഫിലിപ്പിൻെറ അപ്പോഴത്തെ നോട്ടം ശ്രദ്ധിച്ചിരുന്നെങ്കിൽ ഞെട്ടിപ്പോയേനെ.

"നിങ്ങളെന്താണു വിവാഹം കഴിക്കാത്തതു്?" ആ മഹതി ചോദിച്ചു. (ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നവരായി അവക്കുതന്നെ വേണ്ടത്ര പെൺമക്കളുണ്ടു്.)

"നിങ്ങൾക്കു പണമുണ്ടു്; നിങ്ങൾ പഴയ ഒരു കുലീനതറവാട്ടിലേയാണു്. മിടുക്കനാണു്. നിങ്ങൾക്കൊരുഭാവിയുണ്ടു്. എല്ലാം നിങ്ങളെ സംബന്ധിച്ചിടത്തോളം ശുഭകരമായിരിക്കുന്നു."

"അതെ," ഫിലിപ് പറഞ്ഞു, "ഒരു ചിരി എന്നെ കൊല്ലുന്നു—"

അടുത്ത ദിവസം ആ മഹതി കേട്ട വാത്ത തലേന്നു രാത്രിയിൽ, തലയ്ക്കു വെടിവെച്ചു ഫിലിപ് ആത്മഹത്യ ചെയ്തുവെന്നാണു്.

★

Raggi റാജ്ഞി

Rangi

Ha pushpamay

Ha pusapamaiy

Ha puspamais

Athikalungapadhalthil

Athiramat

virajichoru ragi

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. MF5 BAL-V Acc. No. 8561

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 10 MAR 2015 | | |
| - 8 APR 2015 | | |

If the book is not returned on due date
a fine of 25 Ps. per day will be charged

MF5
BAL-V

8561

ബൻസാക്ക്

വിടവാങ്ങൽ